# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 17, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--408]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
| --- | --- |
| ധനകാര്യ വകുപ്പ് മന്ത്രി | : 444 മുതൽ 601 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 602 മുതൽ 679 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 680 മുതൽ 779 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 780 മുതൽ 851 വരെ |

**<u>ധനകാര്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

444 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദമായ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ് / ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളും പൊതു വിപണിയിലെ ഇടപെടലും</u>**

445 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നയങ്ങളുടെയും അവഗണനയുടെയും ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള സാമ്പത്തിക പ്രയാസങ്ങൾക്ക് മുന്നിൽ മുട്ടുമടക്കാതെ സാമ്പത്തിക രംഗത്തെ ചലനാത്മകമാക്കുന്നതിനും വികസന -ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ ക്രമീകരിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ കഴിഞ്ഞ ഓണക്കാലയളവിൽ മാത്രം ചെലവഴിച്ച തുകയെത്രയാണ്; വിശദാംശം നൽകാമോ;

(സി) പൊതുവിപണിയിൽ അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള സാമ്പത്തിക ഇടപെടൽ ഫലപ്രദമായിരുന്നോ; കേന്ദ്ര സർക്കാരിൽ നിന്നും ഇതിനാവശ്യമായ പിന്തുണ ലഭിച്ചിരുന്നോ; വിശദമാക്കാമോ?

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

446 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര കോടി രൂപ ഏതൊക്കെ ഇനത്തിൽ കടമെടുത്തിട്ടുണ്ട് എന്നതു സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓണക്കാലത്തെ ചെലവുകൾക്കായി എത്ര കോടി രൂപയാണ് വായ്പ എടുത്തത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം ആകെ എത്ര കോടി രൂപ വായ്പ എടുക്കുന്നതിനാണ് കേന്ദ്രസർക്കാരിന്റെ അനുമതിയുള്ളതെന്ന് അറിയിക്കാമോ; നിലവിൽ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ട്; ഇനി അവശേഷിക്കുന്നത് എത്ര തുകയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുവാൻ സാഹചര്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഈ പ്രതിസന്ധി ഏത് രീതിയിൽ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ചെലവ് വളർത്തിയുള്ള വികസന മാതൃക

447 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നിയമങ്ങളിലൂടെ സംസ്ഥാനത്ത് 1957-ൽ ആരംഭിച്ച സാമൂഹ്യനീതിയിലേക്കുള്ള പ്രയാണം, ധനപരമായ കാര്യങ്ങളിലും ശക്തമായി പിന്തുടരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുകയാണ് സാമ്പത്തിക വികസനത്തിനുള്ള ഉറപ്പായ മാർഗമെന്നത് പരിശോധിച്ചിട്ടുണ്ടോ; ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ചെലവ് ചുരുക്കിയുള്ള വികസന മുരടിപ്പിനുപകരം ചെലവ് വളർത്തിയുള്ള വികസന മാതൃക സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; കേരളത്തിന്റെ സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്താനും യുവാക്കൾക്ക് ഇവിടെത്തന്നെ തൊഴിലവസരം സൃഷ്ടിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്രത്തിന്റെ സാമ്പത്തിക വിവേചനത്തിനെതിരെ കേരളം തുടങ്ങിവച്ച പ്രവർത്തനങ്ങൾ ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വിവിധ ഇനങ്ങളിലെ കുടിശ്ശിക

448 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികൾ, ഉച്ചഭക്ഷണ പദ്ധതി, സർക്കാർ കരാറുകാർക്ക് നൽകാനുള്ള തുക, ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്തയും മറ്റ് ആനുകൂല്യങ്ങളും, ലൈഫ് പദ്ധതി എന്നിവയിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്ന് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ഇവയിൽ ഓരോന്നിനും എത്ര തുകയുടെ കുടിശ്ശിക വീതം കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക ഏത് രീതിയിലാണ് കണ്ടെത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ജീവനക്കാർക്ക് അനുവദിച്ച ക്ഷാമബത്തയുടെ കുടിശ്ശിക ഏത് തീയതി മുതലാണ് വിതരണം ചെയ്യാനുള്ളത്, എത്ര തുകയാണ് ഇതിനായി ആവശ്യമുള്ളത്, ഏത് തീയതിയിൽ ഇത് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയും എന്നിവ അറിയിക്കുമോ;

(ഡി) വിവിധ സാമൂഹ്യ ക്ഷേമപെൻഷൻ ഇനത്തിൽ നാളിതുവരെ എത്ര മാസത്തെ കുടിശ്ശികയുണ്ട്; കുടിശ്ശിക മുഴുവൻ വിതരണം ചെയ്യാൻ ആകെ എത്ര തുക വേണ്ടി വരും; കണക്കുകൾ ലഭ്യമാക്കുമോ; കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## പതിനാറാം ധനകാര്യ കമ്മീഷൻ

449 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ വിഭവസമാഹരണ അധികാരങ്ങളിലെയും ചെലവിലെയും അസമത്വം കണക്കിലെടുത്ത് ഈ സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ഉതകുന്ന നിർദേശങ്ങൾ പതിനാറാം ധനകാര്യ കമ്മീഷൻ ശിപാർശകളിൽ ഉൾപ്പെടേണ്ടതുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര നികുതി വരുമാനത്തിന്റെ കാര്യത്തിൽ കേന്ദ്ര-സംസ്ഥാന വിഹിത വിഭജനത്തിലെ അസമത്വം കേരളം പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ ചൂണ്ടിക്കാട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സ്വന്തം നിലയിൽ പദ്ധതി നടപ്പാക്കാനുള്ള സ്വാതന്ത്ര്യവും സാമ്പത്തിക വിഹിതവും കേരളം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനങ്ങൾക്ക് കേന്ദ്രം പങ്കുവയ്ക്കുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ സമഗ്രമായ മാറ്റം കേരളം നിർദേശിച്ചിട്ടുണ്ടോ; ജനസാന്ദ്രതാടിസ്ഥാനത്തിൽ കേന്ദ്ര വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പുതിയതായി ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**ഉടുമ്പൻചോല മണ്ഡലത്തിൽ ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം**

450 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 2016-17 മുതൽ 2025-26 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രവൃത്തിയുടെ പേര്, സാമ്പത്തിക വർഷം, തുക, എന്നിവ സഹിതം ലഭ്യമാക്കാമോ?

**ക്ഷേമ പെൻഷൻ നൽകുന്നതിലെ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും**

451 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന വിവിധ ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ലഭ്യമാക്കാമോ;

(ബി) ഗുരുതരരോഗബാധിതരായ വ്യക്തികൾക്ക് എയർകണ്ടീഷൻ സിസ്റ്റം ഉണ്ട് എന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്ന സാഹചര്യം ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗുരുതരമായ രോഗം ബാധിച്ചവർക്ക് ക്ഷേമ പെൻഷൻ നൽകുന്ന കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) ഇത്തരത്തിലുള്ള ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം തന്നെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മെഡിസെപ്പ് ഒന്നാംഘട്ട പദ്ധതി**

452 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഒന്നാംഘട്ട പദ്ധതിയിൽ, പ്രീമിയം ഇനത്തിൽ ഇൻഷുറൻസ് കമ്പനിക്ക് ലഭിച്ച തുക, ക്ലെയിം ഇനത്തിൽ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ; ഇൻഷുറൻസ് കമ്പനി ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ചു ലഭ്യമാക്കാമോ;

(ബി) എത്ര രൂപയുടെ ക്ലെയിമുകൾ നാളിതുവരെ നിരസിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**മെഡിസെപ് പദ്ധതി**

453 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ എത്ര രൂപയുടെ ഇൻഷ്വറൻസ് ക്ലെയിം ഏതൊക്കെ ഇനത്തിൽ അനുവദിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ; എത്ര രൂപയുടെ ക്ലെയിം നിരസിച്ചിട്ടുണ്ട്; ഏതൊക്കെ ചികിത്സകളാണ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്; ഏതൊക്കെ ചികിത്സകളാണ് ഒഴിവാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) മെഡിസെപ് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോർപ്പസ് ഫണ്ടായി ഉൾപ്പെടുത്തിയത് എത്ര തുകയാണ്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ എത്ര കാലയളവിനുള്ളിൽ ചെലവഴിച്ചു തീർന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖല എന്നിവയെ കൂടി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയപ്പോൾ കോർപ്പസ് ഫണ്ട് എത്ര തുകയായാണ് വർദ്ധിപ്പിച്ചത്; കൂടുതൽ ജീവനക്കാരെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവന്നതിനാൽ, കോർപ്പസ് ഫണ്ട് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

(ഡി) മെഡിസെപ്പ് രണ്ടാംഘട്ടത്തിൽ പ്രീമിയം തുക എത്രയായാണ് നിശ്ചയിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; രണ്ടാം വർഷം നിരക്ക് വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കുമോ; സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തി മെഡിസെപ്പ് രണ്ടാംഘട്ടം നടപ്പാക്കുമോ; വിശദമാക്കുമോ?

## സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും സർവീസ് പെൻഷൻകാർക്കും നടപ്പാക്കിയ മെഡിസെപ് ഇൻഷ്വറൻസ്

454 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും സർവീസ് പെൻഷൻകാർക്കും സർക്കാർ നടപ്പാക്കിയ മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ നിന്ന് ഇതേവരെ എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ഇതേ വരെ മെഡിക്ലെയിം ഇനത്തിൽ ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) നിലവിലെ മെഡിസെപ് പദ്ധതിയിൽ നിന്ന് എന്തെല്ലാം മാറ്റങ്ങൾ ഉൾപ്പെടുത്തിയാണ് പുതുക്കിയ മെഡിസെപ് പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പരിഷ്കരിച്ച മെഡിസെപ് പദ്ധതി എന്ന് മുതലാണ് നിലവിൽ വരുന്നത്; വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ഗ്രാമവെളിച്ചം പദ്ധതിക്കുള്ള ധനകാര്യാനുമതി.

455 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 2020-21 വർഷം എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ടിൽ

(എസ്. ഡി. എഫ്.) നിന്നും 268180/- രൂപ വിനിയോഗിച്ച്, വൈദ്യുത വകുപ്പ് കുണ്ടറ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവ്വഹണച്ചുമതലയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചെങ്കിലും കൊല്ലം കളക്ടേറ്റിലെ ധനകാര്യ വിഭാഗം, പ്രസ്തുത പ്രവൃത്തിക്ക് എം.എൽ.എ. യുടെ എസ്. ഡി. എഫിൽ നിന്നും തുക അനുവദിക്കാത്തതിന്റെ കാരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ധനകാര്യാനുമതി ലഭിക്കുവാൻ എന്തെല്ലാം തടസങ്ങൾ പരിഹരിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ധനകാര്യാനുമതി നല്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## <u>മെഡിസെപ്പ്</u>

456 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തിയ മെഡിസെപ്പ് ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; പുതിയ കരാർ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രിയിൽ ഏതൊക്കെ ചികിത്സയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുഴുവൻ ആശുപത്രികളിലെയും ഒ. പി. ഉൾപ്പെടെയുള്ള എല്ലാ ചികിത്സയും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കരാറിലേർപ്പെട്ട കമ്പനി ഏതാണെന്നും പ്രതിമാസ വിഹിതം എത്രയാണെന്നും അറിയിക്കാമോ; കുറഞ്ഞ വേതനം വാങ്ങുന്ന ജീവനക്കാരെയും പെൻഷൻകാരേയും തുക ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>മെഡിസെപ്പ് തെരഞ്ഞെടുക്കുവാൻ ഓപ്ഷൻ</u>

457 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട പല ആശുപത്രികളും ഗുണമേന്മയുള്ള ചികിത്സാ സംവിധാനങ്ങളും മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടാത്തതുകാരണം ജീവനക്കാർ വിവിധ ആശുപത്രികളിൽ നിന്നും തിരികെ പോകേണ്ടിവന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ എന്ത് മാറ്റമാണ് മെഡിസെപ്പ് രണ്ടാംഘട്ടത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ വിഹിതം ഇല്ലാതെ ജീവനക്കാരൻ ഉയർന്ന പ്രീമിയം തുക അടയ്ക്കുകയും എന്നാൽ മാന്യമായ ചികിത്സ നിഷേധിക്കപ്പെടുകയും സർക്കാർ ഇൻഷുറൻസിന്റെ പേരിൽ ആശുപത്രികളിൽ രണ്ടാം തരക്കാരായി പരിഗണിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, താല്പര്യമുള്ള ജീവനക്കാർക്ക്

മാത്രം മെഡിസെപ്പ് തെരഞ്ഞെടുക്കുവാൻ ഓപ്ഷൻ അനുവദിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാർവിഹിതം ഉറപ്പാക്കി സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ ഉൾപ്പെടെ ക്യാഷ് ലെസ്സ് ചികിത്സ ലഭ്യമാക്കിക്കൊണ്ട് ഇൻഷുറൻസ് കമ്പനിയിൽ നിന്നും കൃത്യമായ കസ്റ്റമർ സർവീസ് ഉറപ്പാക്കി, ഫലപ്രദമായ രീതിയിൽ മെഡിസെപ്പ് രണ്ടാംഘട്ടം നടപ്പാക്കുവാൻ തയ്യാറാകുമോ; ഇതിന് സാധ്യമല്ലെങ്കിൽ പദ്ധതി പിൻവലിച്ച് ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുമോ; വിശദമാക്കുമോ?

## <u>സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി</u>

458 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം കടമെടുപ്പ് പരിധിയായി കേന്ദ്രം അനുവദിച്ചത് എത്ര തുകയാണെന്നും നാളിതുവരെ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മൊത്തം ആഭ്യന്തര വരുമാനത്തിന്റെ എത്ര ശതമാനമാണ് നിലവിൽ കടമെടുപ്പ് പരിധിയായി നിശ്ചയിച്ചിട്ടുള്ളതെന്നും കടമെടുപ്പ് പരിധി ഉയർത്തണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും ഈ കാര്യത്തിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്നും അറിയിക്കുമോ;

(സി) സംസ്ഥാനത്തിന്റെ മൊത്ത കടബാധ്യത എത്ര തുകയാണെന്നും അവയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

## <u>കടമെടുപ്പു മാനദണ്ഡങ്ങൾ</u>

459 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ കടമെടുപ്പു മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകൾക്ക് നൽകുന്ന ഗ്യാരണ്ടികൾക്ക്, റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കണമെന്ന കേന്ദ്ര നിർദേശത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>സംസ്ഥാനത്തിന്റെ കടബാധ്യത</u>

460 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യത എത്രയായിരുന്നുവെന്ന് അറിയിക്കുമോ ; നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പ്രസ്തുത കടബാധ്യത എത്രയായിരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) 2015-16 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തിന് ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഗ്രാൻഡായി ഓരോ വർഷവും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധയിനങ്ങളിൽ കേന്ദ്രത്തിൽനിന്ന് അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം അടിസ്ഥാനമാക്കി വ്യക്തമാക്കുമോ?

## <u>സംസ്ഥാനത്തിന്റെ കടം തിരിച്ചടവ്</u>

461 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടം തിരിച്ചടവ് ഇനത്തിൽ അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് തിരിച്ചടക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം ഏജൻസികൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നിവ കൂടാതെ ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാർ ഗ്യാരന്റിയിൽ വായ്പ എടുത്തിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങൾ ആകെ എത്ര രൂപ വായ്പയായി കൈപ്പറ്റിയിട്ടുണ്ട്; അടുത്ത 5 വർഷം എത്ര രൂപയുടെ ബാധ്യതയാണ് ഈ സ്ഥാപനങ്ങളെല്ലാംകൂടി തിരിച്ചടക്കേണ്ടതായിട്ടുള്ളത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക്, പ്രതിവർഷം എത്ര രൂപ വീതമാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ സ്ഥാപനങ്ങൾ ഓരോന്നിനും എത്ര രൂപയുടെ സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്; ഇതിൽ സംസ്ഥാന സർക്കാരിന്റെ കടമായി കണക്കാക്കുമെന്ന് വ്യക്തമാക്കപ്പെട്ട ബാധ്യത എത്രയാണ്; വ്യക്തമാക്കുമോ?

## <u>സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി- വായ്പയുടെ വിവരം</u>

462 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡ് എന്ന കമ്പനി പെൻഷൻ വിതരണത്തിനായി നാളിതുവരെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ സ്വീകരിച്ചിട്ടുള്ളതെന്നും ഓരോ സ്ഥാപനത്തിലേയും വായ്പ തുക എത്രയെന്നും, എത്ര തുക തിരിച്ചടച്ചുവെന്നും, ഇനി എത്ര കുടിശികയുണ്ടെന്നും പട്ടിക തിരിച്ച വിവരം ലഭ്യമാക്കാമോ;

(ബി) നാളിതുവരെ പ്രസ്തുത കമ്പനിയ്ക്ക് സർക്കാർ എത്ര തുക നൽകിയെന്നും ഇനി എത്ര നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന്റെ പൊതുകടം

463 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ നിലവിലെ പൊതുകടം എത്ര രൂപയാണ്; നിലവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം എത്ര രൂപയായിരുന്നു; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ജി.എസ്.ടി. സ്ലാബുകളിൽ മാറ്റം വരുത്തിയതോടെ കേരളത്തിന് പ്രതിവർഷമുണ്ടാകുന്ന വരുമാന നഷ്ടം എത്ര തുകയായിരിക്കുമെന്ന് വ്യക്തമാക്കാമോ; ഈ വരുമാന നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ഈ വരുമാന നഷ്ടം സംസ്ഥാനത്തിന്റെ കടം വീണ്ടും വർദ്ധിക്കുന്നതിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## സംസ്ഥാന സർക്കാരിന്റെ കടബാധ്യത

464 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് നിലവിലുള്ള മൊത്തം കടബാധ്യത എത്രയാണ്; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ 9 സാമ്പത്തിക വർഷങ്ങളിൽ ആഭ്യന്തര വായ്പകളും കേന്ദ്ര വായ്പകളും ഉൾപ്പെടെ എടുത്ത കടങ്ങളുടെ വിശദാംശങ്ങളും തിരിച്ചടവിന്റെ സ്ഥിതിയും എന്തൊക്കെയാണ്; വിശദമാക്കാമോ?

## ക്ലാസ് മുറികളുടെ നിർമ്മാണം

465 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മണ്ഡലത്തിലെ ജി.യു.പി.എസ്. മേപ്പറമ്പ്, ജി.എച്ച്.എസ്.എസ്. കുമരപുരം എന്നീ സ്കൂളുകളിൽ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് 1.3 കോടി രൂപ അനുവദിച്ച് നിർമ്മാണം ആരംഭിച്ചെങ്കിലും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അധികതുക ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അധികതുക ലഭിക്കാത്തത് കാരണം പദ്ധതി പാതിവഴിയിൽ നിൽക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

466 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ കൈപ്പമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; ആയതിൽ പൂർത്തീകരിച്ച പദ്ധതികൾ

ഏതെല്ലാമെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ഇനം തിരിച്ച് നൽകുമോ;

(ബി) ഇനിയും പൂർത്തീകരിക്കാത്ത കിഫ്ബി പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി**

467 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രി അടിസ്ഥാന സൗകര്യ വികസന പദ്ധതി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പരിശോധനയും പുതുക്കലും എത്രത്തോളം പുരോഗമിച്ചിട്ടുണ്ട് ; പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കാനുള്ള സമയക്രമം എപ്രകാരമാണ് ;

(ബി) കിഫ്ബി യുടെ 08-10-2020-ലെ GM-ESG/2703/2020/KIIFB, 01-12-2023-ലെ FA-3/3310/2021/KIIFB എന്നീ സർക്കുലറുകളിൽ പരാമർശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തയ്യാറാക്കുന്ന പുതുക്കിയ പദ്ധതി രേഖയിൽ പ്രധാനപ്പെട്ട എന്തെല്ലാം തിരുത്തലുകളും പരിഷ്കാരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്; കഴിഞ്ഞ 8 വർഷമായി ബോർഡ് ഈ വിഷയത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നിർവ്വഹണ ഏജൻസിയെ മാറ്റി പുതിയ ഏജൻസിയെ നിയമിക്കുന്നതിന് കിഫ്ബി ഏത് ഭരണവകുപ്പിനോടാണ് അഭ്യർത്ഥിച്ചത്; ഈ ഏജൻസിയെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ഡി) എസ്.പി.വി. സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് നിലയിലാണ് ; ആയതു പരിശോധിച്ച് തെറ്റ് തിരുത്തുവാൻ കിഫ്ബിയിൽ സംവിധാനം ഉണ്ടോ; ആയത് എസ്.പി.വി.യോട് വ്യക്തമാക്കിയിട്ടുണ്ടോ;

(ഇ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയിലെ കിഫ്ബി പദ്ധതി ഉൾപ്പെടെ, വിവിധ ആശുപത്രി വികസന പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി കെ.എസ്.എച്ച്.ബിയ്ക്ക് പകരം മറ്റേതെങ്കിലും ഏജൻസിയെ നിയോഗിക്കുന്നതിന് കിഫ്ബിയുടെ 12-11-2024-ലെ APR-4/2825/2023/KIIFB നമ്പർ കത്ത് പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; ടി ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണോ; എങ്കിൽ പരിശോധന ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് വളപട്ടണം കാക്കുളങ്ങര പള്ളിയിൽ നടക്കുന്ന(ഹെറിറ്റേജ് ടൂറിസം) പ്രവർത്തനങ്ങൾ**

468 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് വളപട്ടണം കാക്കുളങ്ങര പള്ളിയിൽ നടക്കുന്ന(ഹെറിറ്റേജ് ടൂറിസം) പ്രവർത്തനങ്ങളുടെ പുരോഗതി

അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ആയതിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട് - ധോണി - മുട്ടികുളങ്ങര" റോഡ് നവീകരണം

469 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട് - ധോണി - മുട്ടികുളങ്ങര" റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് പുതുക്കിയ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ടോ; ഇതിനായി കിഫ്ബി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## കിഫ്ബി സ്വരൂപിച്ച തുകയും നടപ്പാക്കിയ പദ്ധതികളും

470 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആരംഭിച്ചതിനുശേഷം നാളിതുവരെ ഓരോ വർഷവും പെട്രോളിയം, മോട്ടോർ വാഹന സെസ് ഇനത്തിൽ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ; മറ്റിനത്തിൽ കിഫ്ബിക്ക് ലഭിച്ച വരുമാനം എത്ര; വർഷം തിരിച്ചും ഇനം തിരിച്ചുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വിവിധ വായ്പകൾ, ബോണ്ടുകൾ എന്നിവ വഴി കിഫ്ബി എത്ര രൂപ സ്വരൂപിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോന്നിന്റെയും പലിശ നിരക്ക് എത്രയെന്നും ഓരോന്നിന്റെയും തിരിച്ചടവ് എന്ന് ആരംഭിക്കുമെന്നും തിരിച്ചടവ് അവസാനിക്കുന്നത് എന്നാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) കിഫ്ബി നാളിതുവരെ ഭരണാനുമതി നൽകിയവയിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര തുക കിഫ്ബിയിൽ നിന്നും നാളിതുവരെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് നൽകിയിട്ടുണ്ടെന്നും ഇനിയെത്ര തുക നൽകാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## കിഫ്ബി - വടകര, വില്യാപ്പള്ളി, ചേലക്കാട് റോഡ് പ്രവൃത്തി

471 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര, വില്യാപ്പള്ളി, ചേലക്കാട് റോഡ് പ്രവൃത്തിയുടെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ സമയക്രമം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## വർക്കല നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടിലൂടെ നടപ്പിലാക്കിയ പദ്ധതികൾ

472 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കുമോ?

## ചാലക്കുടി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

473 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ചാലക്കുടി നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ?

## കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡ് നവീകരണ പ്രവൃത്തി

474 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് മണ്ണാർക്കാട് ടിപ്പു സുൽത്താൻ റോഡ് നവീകരണ പ്രവൃത്തിയുടെ ഭാഗമായിട്ടുള്ളതും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഭാഗമായ ഇടതുകര പ്രധാന കനാൽ ചെയിനേജ് 18/450 കി.മീറ്ററിലുള്ളതുമായ കനാൽ പാലം പുതുക്കി പണിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി

475 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കോങ്ങാട്, കരിമ്പ പഞ്ചായത്തുകളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കാമോ?

## ആലത്തൂർ നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

476 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള കണ്ണാടി - പന്നിയോട് റോഡ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## കിഫ്ബിയിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

477 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതിലും പ്രവൃത്തി ആരംഭിക്കുന്നതിലും നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(സി) ടി പ്രവൃത്തികളുടെ നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തീകരിച്ച്, പ്രവൃത്തികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

## മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി

478 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ചെയ്ത മാത്ര-പാലാഴി-കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി ഡെഫർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) റോഡ് വീതി കൂട്ടാൻ പൊതുമരാമത്ത് വകുപ്പ് തുക അനുവദിക്കുകയും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതിനാൽ ആയത് ഒഴിവാക്കി കിഫ്ബി പദ്ധതി പ്രകാരമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഏറെ ഗതാഗതക്കുരുക്കുള്ള പ്രസ്തുത റോഡ് വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകാമോ?

## നെന്മാറ നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

479 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലേക്ക് അനുവദിച്ച കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശം നൽകാമോ;

(സി) പൂർത്തീകരിച്ചിട്ടില്ലാത്ത പദ്ധതികൾ ഓരോന്നിന്റെയും ഭരണാനുമതി ഉൾപ്പെടെയുള്ള നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

480 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പത്തിരിപ്പാല ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾ

481 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നിലവിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചു വ്യക്തമാക്കുമോ;

(ബി) എത്ര ഫണ്ടാണ് അനുവദിച്ചതെന്ന് പ്രവൃത്തി തിരിച്ചു വ്യക്തമാക്കുമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളും പൂർത്തീകരിക്കാത്ത പ്രവൃത്തികളും തുടക്കം കുറിക്കാത്ത പ്രവൃത്തികളും ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കരാറുകാരുടെ പേര് വിവരം പ്രവൃത്തി തിരിച്ചു വ്യക്തമാക്കുമോ;

(ഇ) പ്രവൃത്തികൾ പാതിവഴിയിൽ ആകാനും തുടങ്ങാൻ പറ്റാത്ത അവസ്ഥയിലാകാനുമുള്ള കാരണം എന്താണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കരാറുകാർക്ക് കുടിശികയുണ്ടെങ്കിൽ വിശദാംശം നൽകാമോ?

## മലപ്പുറം ഗവ. വനിതാ കോളേജിന് കിഫ്ബി ഫണ്ട്

482 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവൺമെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷം അനുവദിച്ച കിഫ്ബി ഫണ്ടിൽ നാളിതുവരെ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിറ്റ്കോയുടെ സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിടനിർമ്മാണ നടപടികൾ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

483 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലും, 2021 മുതൽ നാളിതുവരെയും പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബി വഴി പൂർത്തിയാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും എത്ര രൂപ വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

484 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

## കിഫ്ബി പദ്ധതി

485 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടുണ്ട്;

(ബി) കിഫ്ബിയിൽ നിന്നും വിവിധ വകുപ്പുകളുടെ കീഴിൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

## കിഫ്ബി മുഖേന ചെലവഴിച്ച തുക

486 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ പരസ്യ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, പരസ്യം നൽകിയ സ്ഥാപനത്തിന്റെ പേര്, പരസ്യത്തിനായി നൽകിയ തുക എന്നിവ സഹിതം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർക്കാറിന്റെ വിവിധ വാർഷികാഘോഷ പരിപാടികൾക്കായി കിഫ്ബി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## നടക്കാവ് ഗവ. ജി.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം

487 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നടക്കാവ് ഗവൺമെന്റ് ജി.വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനു കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം വേഗത്തിലാക്കാൻ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗതീരുമാനത്തിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണം

488 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ പുതുക്കിയ ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

## കിഫ്ബി മുഖേന കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

489 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കാസർഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് ഇത്തരത്തിൽ ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

## കിഫ്ബിയുടെ കടം

490 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി നാളിതുവരെ ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും തുക കടമെടുത്തിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ വായ്പയുടെയും പലിശ നിരക്ക് എത്രയാണെന്നും തിരിച്ചടവ് വ്യവസ്ഥകൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ വായ്പകളിൽ നാളിതുവരെ എത്ര തുക തിരിച്ചടച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) വരുന്ന അഞ്ചു സാമ്പത്തിക വർഷത്തിൽ വായ്പ തിരിച്ചടവിനത്തിൽ എത്ര തുക ആവശ്യമുണ്ടെന്ന് സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം

491 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോഴിക്കോട് ഗവ. എൻ.ജി.ഒ. ക്വാർട്ടേഴ്സ് എച്ച്.എസ്.എസ്. ഓഡിറ്റോറിയം നിർമ്മാണ പദ്ധതി

492 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ച കോഴിക്കോട് ഗവൺമെന്റ് എൻ.ജി.ഒ. ക്വാർട്ടേഴ്സ് എച്ച്.എസ്.എസ്. ഓഡിറ്റോറിയം നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ തുടർ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള തടസ്സം നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ നീക്കിവെച്ച ഫണ്ടുകൂടി ഉപയോഗിച്ച് മേൽപറഞ്ഞ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കിഫ്ബി ധനാനുമതി നൽകാത്ത മലമ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

493 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖാന്തരം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടും ഇതുവരെ കിഫ്ബി ധനാനുമതി നൽകാത്ത മലമ്പുഴ മണ്ഡലത്തിലെ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കിഫ്ബി ഇതുവരെ ധനാനുമതി നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

494 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളതും എന്നാൽ നാളിതുവരെ ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കിഫ്ബി വഴിയുള്ള പദ്ധതികൾ

495 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി മുഖേന എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതം ആണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വിശദമാക്കുമോ;

(ഇ) മുഴുവൻ പദ്ധതികളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

496 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) നാളിതുവരെ പൂർത്തിയാകാത്തതും എന്നാൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും ഇനി എന്തെല്ലാം നടപടികളാണ് ബാക്കിയുള്ളതെന്നും അറിയിക്കുമോ; ഏതെല്ലാം എസ്.പി.വി.-കളെയാണ് നിർവഹണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(സി) മങ്കട ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ നിർമ്മാണ പ്രവൃത്തികളിൽ കാര്യമായ പുരോഗതി കൈവരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർദേശം നൽകുമോ?

## മലമ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികൾ

497 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ലഭിക്കാത്തത് മൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## ടെണ്ടർ സേവിംഗ്സ് തുക

498 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ആസ്തിവികസന പദ്ധതി മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ്, ഇറിഗേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നീ വകുപ്പുകൾ നിർവഹണ ഏജൻസിയായിട്ടുള്ള പ്രവർത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**<u>മണലൂർ പഞ്ചായത്തിലെ വായനശാലകൾ</u>**

499 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ. യുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മണലൂർ പഞ്ചായത്തിലെ മണലൂർ യുവജന സമിതി വായനശാല, വാടാനപ്പള്ളി പഞ്ചായത്തിലെ വാടാനപ്പള്ളി യുവജന സംഘം വായനശാല എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 18 ലക്ഷം രൂപ വീതം വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്</u>**

500 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗത്തിൽ 2020-21 മുതലുള്ള ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വർഷം തിരിച്ച് വിശദാംശം നൽകാമോ?

**<u>മണലൂർ മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>**

501 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടില്ലാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

**<u>അരൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ</u>**

502 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെ അരൂർ മണ്ഡലത്തിൽ പ്രാദേശിക വികസന പദ്ധതി പ്രകാരവും, ആസ്തി വികസന പദ്ധതി പ്രകാരവും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും ടി പ്രവൃത്തികൾക്ക് അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) 2021-22 സാമ്പത്തികവർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ പ്രസ്തുത നിയോജക മണ്ഡത്തിലെ പ്രാദേശിക വികസന പദ്ധതി പ്രകാരവും ആസ്തി വികസന പദ്ധതി പ്രകാരവും എത്ര രൂപാ സേവിങ്സ് ഉണ്ടെന്ന് വ്യക്തമാക്കുമോ?

## ആസ്തിവികസന ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി

503 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 വർഷം വരെയുള്ള കാലയളവിലെ ആസ്തിവികസന ഫണ്ട് (എ.ഡി.എസ്.) സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട് (എം.എൽ.എ.-എസ്.ഡി.എഫ്.) എന്നിവയിലെ ടെണ്ടർ സേവിംഗ്സ് 2025-26 വർഷത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ടെണ്ടർ സേവിംഗ്സിനുള്ള പ്രൊപ്പോസലുകൾ ഒരു വർഷത്തിൽ ആകെ സമർപ്പിക്കാവുന്ന 20 എണ്ണത്തിനു പുറമെ കൂടുതൽ പ്രൊപ്പോസലുകൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(സി) മുൻ വർഷങ്ങളിൽ സമർപ്പിച്ച എ.ഡി.എസ്. പ്രൊപ്പോസലുകളിൽ ആവശ്യമായ തുക ബാലൻസ് ഇല്ലാത്തതിനാലും പ്രവൃത്തികൾ നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങൾ വന്നതിനാൽ ഉപേക്ഷിക്കേണ്ടി വന്നതിനാലും, റേറ്റ് റിവിഷൻ മൂലം എസ്റ്റിമേറ്റ് തുക വർദ്ധിപ്പിച്ച് നൽകേണ്ടതിനാലും, നടപ്പാക്കാൻ കഴിയാതെ വന്ന പ്രൊപ്പോസലുകൾക്കായി മാറ്റി വച്ച തുക തുടർവർഷങ്ങളിൽ ഉൾപ്പെടുത്തി നൽകുന്നതിന് അനുമതി ലഭ്യമാക്കുമോ?

## ഏറനാട് മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

504 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഏറനാട് മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ചെയ്യുന്നതിന് നൽകിയ പ്രൊപ്പോസലുകളിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുണ്ടെന്നും ഓരോ വർഷവും എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെമ്പോത്ത് കുളം നവീകരിക്കുന്നതിനുള്ള നടപടി

505 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ 2020-21 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 15-ലെ ചെമ്പോത്ത് കുളം നവീകരിക്കുന്നതിനായി പ്രത്യേകാനുമതി (സ്പെഷ്യൽ സാംങ്ഷൻ) നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

## <u>ദേവികുളം നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്</u>

506 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് മുഖേന ഭരണാനുമതി ലഭിച്ചതും കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനും ചില പ്രവൃത്തികൾക്ക് പകരം പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിനുമുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ (കമ്പ്യൂട്ടർ നമ്പർ - 9900693) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. ഗ്രാമ വണ്ടി സർവ്വീസ്</u>

507 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഗ്രാമ വണ്ടി സർവ്വീസിനായി ആസ്തി വികസന ഫണ്ട് (ADS) ഉപയോഗപ്പെടുത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിനാവശ്യമായ ഉത്തരവ് ധനകാര്യ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) പുതുക്കാട് മണ്ഡലത്തിൽ തോട്ടം, മലയോര, പിന്നോക്ക മേഖലകളായ ചിമ്മിനി, പാലപ്പിള്ളി, പയ്യാക്കര, കല്ലൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലൂടെ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് ഗ്രാമ വണ്ടി സർവ്വീസ് നടത്തുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>പയ്യന്നൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്</u>

508 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പയ്യന്നൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത ടെണ്ടർ സേവിംഗ്സ് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സിൽ പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## <u>ഉടുമ്പൻചോല മണ്ഡലവുമായി ബന്ധപ്പെട്ട പദ്ധതികൾ</u>

509 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ 2021 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ടെൻഡർ ചെയ്തതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ടെൻഡർ സേവിംഗ്സ് എത്ര രൂപയാണ്; സാമ്പത്തിക വർഷം തിരിച്ചുള്ള ടെൻഡർ സേവിംഗ്സ് തുകയുടെ വിശദാംശം നൽകുമോ;

(ബി) ടെൻഡർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## പാറശ്ശാല എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട്

510 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ 2021 മുതൽ 2025 വരെയുള്ള കാലയളവിലെ ടെണ്ടർ സേവിംഗ്സ് എത്രയെന്ന് വിശദമാക്കാമോ?

## മണലൂർ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്)

511 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത്, എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് (എസ്.ഡി.എഫ്.) ഉപയോഗിച്ച് മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്നതിന് നാളിതുവരെ ശിപാർശ ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സാമാജികരുടെ എ.ഡി.എസ് & എസ്.ഡി.എഫ്. സ്കീം

512 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമാജികരുടെ എ.ഡി.എസ്, എസ്.ഡി.എഫ്. സ്കീം പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ സാമാജികർ ശിപാർശ ചെയ്താൽ നിർവ്വഹണ ഏജൻസിയായി അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ;

(ബി) പി. എം. സി. ആയ അക്രഡിറ്റഡ് ഏജൻസികൾക്ക് നേരിട്ട് പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഉത്തരവ് ഉള്ള സാഹചര്യത്തിൽ, സാമാജികരുടെ എ.ഡി.എസ്, എസ്.ഡി.എഫ്. സ്കീം പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് പ്രസ്തുത കമ്പനികൾക്ക് നിർവഹണ ഏജൻസിയായി ഭരണാനുമതി നൽകുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

## അഴീക്കോട് എം.എൽ.എ.യുടെ പ്രത്യേക വികസന നിധി പ്രവൃത്തികളുടെ പുരോഗതി

513 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതിക്ക് സമർപ്പിച്ച പ്രവൃത്തികളിൽ ഓരോന്നിന്റേയും നിലവിലെ പുരോഗതി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ലഭ്യമാവുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് തടസ്സങ്ങളുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

514 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിൽ എൽ.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

## എസ്.എൻ. ഹോസ്പിറ്റൽ -സപ്ലൈകോ റോഡ് നിർമ്മാണം

515 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ട് 2021-22-ൽ ഉൾപ്പെടുത്തി നിർദ്ദേശിച്ച നൂറനാട് ഗ്രാമപഞ്ചായത്ത് വാർഡിലെ എസ്.എൻ. ഹോസ്പിറ്റൽ - സപ്ലൈകോ റോഡ് നിർമ്മാണപ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## മലമ്പുഴ മണ്ഡലത്തിൽ ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികൾ

516 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുവാൻ ശിപാർശ ചെയ്ത പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ പ്രത്യേകാനുമതി ലഭിക്കാത്തതുമൂലം ഭരണാനുമതി നൽകാൻ കഴിയാത്ത പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## വൈദ്യുതി വിളക്ക് സ്ഥാപിക്കുന്നതിന് നടപടി

517 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പുന്നേക്കാട് മുതൽ തട്ടേക്കാട് വരെ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്ന ജോലിക്ക് എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി 10,15,815/- രൂപയുടെ ഭരണാനുമതി ലഭിച്ച വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഡെപ്പോസിറ്റ് വർക്ക് സ്കീം പ്രകാരം ചെയ്യേണ്ട വർക്കുകളുടെ തുക മുൻകൂറായി ലഭിച്ചതിനുശേഷം മാത്രമേ വർക്ക് ആരംഭിക്കൂ എന്ന് കെ.എസ്.ഇ.ബി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വർക്കിനുള്ള ഭരണാനുമതി തുക കെ.എസ്.ഇ.ബി ക്ക് മുൻകൂറായി ലഭ്യമാക്കുന്നതിനുള്ള അനുമതിക്കായി നൽകിയിരിക്കുന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടി അപേക്ഷയിൽ നടപടി സ്വീകരിച്ച് ഭരണാനുമതി തുക കെ.എസ്.ഇ.ബി.ക്ക് മുൻകൂറായി നൽകുന്നതിനാവശ്യമായ അനുമതി അടിയന്തരമായി നൽകുമോ; വ്യക്തമാക്കാമോ?

## കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക

518 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികളിലെ കേന്ദ്ര വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന വിഹിതം 40 ശതമാനമോ അതിലധികമോ ഉള്ള പദ്ധതികൾക്ക് കേന്ദ്രം നിർദ്ദേശിക്കുന്ന പേരുകൾ നൽകാത്തതിനാൽ, അർഹമായ ഗ്രാന്റുകളും വിഹിതവും നൽകുന്നതിൽ കേന്ദ്ര സർക്കാർ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കേന്ദ്ര വിഹിതത്തിന്റെ വിവരങ്ങൾ

519 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമോ കേന്ദ്രം നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ പ്രകാരമോ തടഞ്ഞ് വയ്ക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്തിട്ടുള്ള കേന്ദ്ര വിഹിതത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) അപ്രകാരം കേന്ദ്രവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാനം മുൻകൂറായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വർഷങ്ങളായി കേന്ദ്രവിഹിതത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന കുറവ് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## .പ്രീ ബജറ്റ് കൺസൾട്ടേഷൻ - ധനസഹായത്തിനുള്ള ആവശ്യം സംബന്ധിച്ച്

520 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ൽ കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുമായുള്ള പ്രീ- ബജറ്റ് കൺസൾട്ടേഷനിൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കേരള സർക്കാർ ₹24,000 കോടി രൂപ ധനസഹായം ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് എത്ര തവണ കത്തിടപാടുകൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രീ- ബജറ്റ് കൺസൾട്ടേഷനിൽ ₹ 24,000 കോടി രൂപ ധനസഹായം ആവശ്യപ്പെട്ടതു സംബന്ധിച്ച് അവസാനം നടന്ന പാർലമെന്റ് സമ്മേളനത്തിൽ എം.പി. മാർ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിൽ നിന്നും വിവരം തേടിയിരുന്നോ; എങ്കിൽ എന്ത് മറുപടിയാണ് സംസ്ഥാന സർക്കാർ നൽകിയത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രീ ബജറ്റ് കൺസൾട്ടേഷന്റെ തുടർ നീക്കം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത വിഷയത്തിന്മേൽ ശിപാർശ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സമഗ്ര ശിക്ഷാ കേരളം- കേന്ദ്ര വിഹിതം സംബന്ധിച്ച്</u>**

521 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് 2024-25 ൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം ലഭിച്ചോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് ലഭിക്കാത്തതെന്ന് വ്യക്തമാക്കുമോ?

**<u>നബാർഡ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതി</u>**

522 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് വർഷത്തെ നബാർഡ് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പ്രോജക്ടുകളിൽ മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കാസർകോട് ജില്ലയിലെ കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തിക്ക് നടപ്പ് വർഷം നബാർഡിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വണ്ടൂർ മണ്ഡലത്തിലെ നബാർഡ് പ്രവൃത്തികൾ</u>**

523 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നബാർഡ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ

നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**സി & എ ജി യുടെ സംസ്ഥാനത്തെ മേഖലാ ഓഫീസുകൾ**

524 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി & എ ജി യുടെ സംസ്ഥാനത്തെ മേഖലാ ഓഫീസുകൾ പ്രവർത്തനം അവസാനിപ്പിക്കുന്നതും തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ വിന്യസിക്കാത്തതും മൂലം സർക്കാർ ജീവനക്കാരുടെ വിവിധ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിൽ സി & എ ജി പരാജയപ്പെടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സി & എ ജിയിൽ നിന്നും സമയബന്ധിതമായി സേവനങ്ങൾ ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിൽ നിരവധി ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ഉൾപ്പെടെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ, സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് സി & എ ജി നൽകുന്ന സേവനങ്ങളും പരിശോധനകളും നടത്തുന്നതിന് അതാത് വകുപ്പുകളിൽ തന്നെ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതിന്റെ സാധ്യത ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഓഡിറ്റ് ഉൾപ്പെടെയുള്ള നിരവധി പ്രധാനപ്പെട്ട ചുമതലകൾ നിർവഹിക്കേണ്ട സി & എ ജിയിൽ നിന്നും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

**സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള കുടിശ്ശിക**

525 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ. തുടങ്ങിയ ഇനങ്ങളിലായി സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുവാനുള്ള കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക തുകകൾ എപ്പോൾ വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കുടിശ്ശിക വിതരണം ചെയ്യാതിരിക്കുവാൻ സാധിക്കില്ല എന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, കുടിശ്ശിക തീർത്ത ഡി.എ. എപ്പോൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**പുതിയ പെൻഷൻ പദ്ധതി**

526 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ഭൂരിപക്ഷം ജീവനക്കാർക്കും നാമമാത്രമായ പെൻഷൻ മാത്രമേ ലഭിക്കുകയുള്ളൂവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിക്ക് പകരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഈ വിഷയം പഠിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോയെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ നടപ്പാക്കിയ ഏകീകൃത പെൻഷൻ പദ്ധതിക്ക് സമാനമായ പുതിയ പെൻഷൻ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>പങ്കാളിത്ത പെൻഷൻ</u>

527 **ശ്രീ. വി. ആർ. സുനിൽകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പിൻവലിച്ചു പഴയ പെൻഷൻ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു അറിയിക്കാമോ?

## <u>സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണവും ക്ഷാമബത്ത കുടിശ്ശികയും</u>

528 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കുന്നതിന് പകരം ഉദ്യോഗസ്ഥരെ മാത്രം ചുമതലപ്പെടുത്തിക്കൊണ്ട് ശമ്പളപരിഷ്കരണ നടപടികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക സമയബന്ധിതമായി നൽകുന്ന വിഷയത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ക്ഷാമബത്തകളിൽ അനുവദിച്ച് നൽകേണ്ടിയിരുന്ന മുൻകാല പ്രാബല്യം നൽകാത്തത് മൂലം ഉണ്ടായ ധനനഷ്ടം പരിഹരിച്ച് യഥാസമയം കുടിശ്ശിക ഉൾപ്പെടെ നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; അനുകൂലമായ നിലപാട് സ്വീകരിക്കുമോ;

(എഫ്) ഇത്തരത്തിൽ ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത കുടിശ്ശിക യഥാസമയം മുൻകാല പ്രാബല്യത്തോടെ നൽകാത്തത് കൊണ്ട് സർക്കാരിനുണ്ടായ സാമ്പത്തിക ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ഇൻഷുറൻസ് തുക ലഭിക്കുന്നതിനുള്ള നടപടിക്രമം

529 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസും ഗ്രൂപ്പ് ഇൻഷുറൻസും സംബന്ധിച്ച പോളിസികൾ മെച്ചൂർ ആയാൽ തുക വിതരണം ചെയ്യുന്നതിനായി, കൈ കൊണ്ട് പൂരിപ്പിച്ചതും ഒപ്പിട്ട് സൂക്ഷിക്കുന്നതുമായ ഇൻഷുറൻസ് പ്രീമിയം പാസ്ബുക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന നടപടിക്രമം ഭേദഗതി ചെയ്യുമോ; വ്യക്തമാക്കുമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസുകളും ഇപ്പോൾ സ്പാർക്ക് (ശമ്പള വെബ്സൈറ്റ്) മുഖാന്തരം ഇലക്ട്രോണിക് രീതിയിൽ തന്നെ പ്രോസസ് ചെയ്ത് വിതരണം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ, മെച്ചൂർ ചെയ്യുന്ന പോളിസികളുടെ തുക വിതരണം ചെയ്യുന്നതിനായി സ്പാർക്കിലുള്ള ഡാറ്റാബേസ്, സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പുമായി പങ്കുവയ്ക്കുമോ; വ്യക്തമാക്കുമോ;

(സി) അപ്രകാരം ചെയ്യുന്നതിനാൽ പാസ്ബുക്കുകളും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെടാതെ, സ്പാർക്കിലെ വിവരങ്ങൾ അടിസ്ഥാനമാക്കി ഇൻഷുറൻസ് പോളിസികളുടെ മെച്യൂരിറ്റി തുക വിതരണം ചെയ്യാനുള്ള സംവിധാനമൊരുക്കാൻ സർക്കാരിന് പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ?

## വായ്പ കുടിശ്ശികക്ക് അധിക ഫീ

530 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്ന സന്ദർഭങ്ങളിൽ, പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന കുടിശ്ശികയോടൊപ്പം രണ്ട് ശതമാനം തുക അധിക ഫീസായി ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; ഇപ്രകാരമൊരു തീരുമാനം എടുക്കുന്നതിന് ആധാരമായ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം മുഖേന ജീവനക്കാരന് ഉണ്ടാകുന്ന അധിക പ്രയാസം കണക്കിലെടുത്ത് ഈ നിബന്ധന ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

## ഓഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വന്ന ജീവനക്കാർക്ക് റീ-ഓപ്ഷൻ നൽകാൻ അവസരം

531 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ലെയും 2009-ലെയും ശമ്പള പരിഷ്കരണങ്ങളിൽ തെറ്റായി ഓപ്ഷൻ നൽകി ശമ്പള പരിഷ്കരണം നടത്തുകയും പിന്നീട് ഓഡിറ്റ് തടസ്സവാദം കാരണം ശമ്പളത്തിൽ കുറവ് വരികയും ചെയ്ത ജീവനക്കാർക്ക് റീ-ഓപ്ഷൻ നൽകാൻ അവസരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മറ്റ് ശമ്പള പരിഷ്കരണങ്ങളിൽ അനുവദിച്ചത് പോലെ 2004-ലെ ശമ്പള പരിഷ്കരണത്തിൽ റീ-ഓപ്ഷൻ നൽകാൻ അവസരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2004-ലെ ശമ്പള പരിഷ്കരണത്തിൽ തെറ്റായി ഓപ്ഷൻ നൽകി ശമ്പള പരിഷ്കരണം നടത്തിയതിനാൽ കൂടെ ജോലി ചെയ്യുവരേക്കാൾ പെൻഷനിൽ വലിയ കുറവ് വന്നവർക്ക് ആയത് പരിഹരിക്കുന്നതിന് റീ-ഓപ്ഷൻ നൽകാൻ അവസരം നൽകുമോ; വിശദമാക്കുമോ. ?

## മെഡിസെപ് പദ്ധതിയിലെ ക്യാഷ് ലെസ്സ് ചികിത്സ

532 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക പ്രതിമാസം 750 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതിയിൽ നിന്ന് പ്രധാന ആശുപത്രികൾ പിന്മാറുന്നതുകൊണ്ടും ക്യാഷ് ലെസ്സ് ചികിത്സ ഇല്ലാത്തതു മൂലവും മെഡിസെപ്പ് പദ്ധതി ജീവനക്കാർക്കും പെൻഷൻകാർക്കും ബാധ്യതയായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മെഡിസെപ്പ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ക്യാഷ് ലെസ്സ് ചികിത്സയും കൂടുതൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ലിസ്റ്റിലും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി

533 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതി റിപ്പോർട്ട് പഠിക്കുന്നതിനായി നിയമിച്ച ഉപസമിതി എത്ര യോഗങ്ങൾ ചേർന്നുവെന്നും എന്തെല്ലാം തീരുമാനങ്ങൾ എടുത്തുവെന്നും സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ വിരമിക്കുമ്പോൾ, കേന്ദ്ര സർക്കാർ നൽകുന്നതുപോലെ ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) നിലവിലുള്ള പങ്കാളിത്ത പെൻഷൻ പദ്ധതി ജീവനക്കാർക്ക് കൂടുതൽ ഗുണകരമാകുന്ന രീതിയിൽ പരിഷ്കരിക്കുന്നതിനും മിനിമം പെൻഷൻ ഉറപ്പു വരുത്തുന്നതിനും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിനും നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ പുതുതായി കൊണ്ടു വന്ന പെൻഷൻ പദ്ധതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയും പുതിയ പദ്ധതിയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്നും ആയത് ജീവനക്കാർക്ക് ഗുണകരമാണോ എന്നും അറിയിക്കുമോ;

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി പൂർണ്ണമായി പിൻവലിച്ച് ജീവനക്കാരെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേക്ക് മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

## <u>ജീവനക്കാർക്ക് അനുവദിക്കുവാനുള്ള കുടിശ്ശികകൾ</u>

534 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പളപരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികയുടെ അവസാന ഗഡുക്കൾ, നൽകുവാനുള്ള ഡി.എ., അനുവദിച്ച ഡി.എ.യുടെ കുടിശ്ശിക എന്നിവ നൽകുന്നതിന് എത്ര കോടി രൂപ ആവശ്യമാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജീവനക്കാർക്ക് അർഹതപ്പെട്ട മേൽ ആനുകൂല്യങ്ങൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ അനുവദിക്കാം എന്ന സമീപനം തിരുത്തുവാനും സന്തുഷ്ടമായ ഒരു സിവിൽ സർവീസ് മേഖല നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

535 **ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനു കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പഠിച്ച സമിതി നൽകിയ റിപ്പോർട്ടിന്മേൽ ഈ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച മന്ത്രിതല സമിതിയുടെ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>പങ്കാളിത്ത പെൻഷൻ</u>

536 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ മരണമടഞ്ഞാൽ ആശ്രിതർക്കു ആശ്വാസ ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ധനസഹായം നൽകുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ആശ്വാസ ധനസഹായം നൽകുന്നതിനു കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

## <u>ബഡ്ജറ്റിൽ ഇടംപിടിച്ച മരാമത്ത് പ്രവൃത്തികൾ</u>

537 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ സംസ്ഥാന ബഡ്ജറ്റിൽ ഇടം പിടിച്ചതും 20% തുക നീക്കി ഇരുപ്പ് ഉള്ളതുമായ മരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും ഭരണാനുമതി നൽകാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>നാദാപുരം മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്</u>

538 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

## <u>പുനലൂർ മണ്ഡലത്തിലെ പ്രവൃത്തികൾ</u>

539 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റുകളിൽ തുക വകയിരുത്തിയിട്ടുള്ള പുനലൂർ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് അറിയിക്കുമോ?

## <u>ചവറ ഗവ. യു.പി.എസ്.,ചവറ ഗവ.എച്ച്.എസ്.എസ്. ആഡിറ്റോറിയം എന്നിവ നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമാക്കാൻ നടപടി</u>

540 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ ചവറ ഗവ. യു.പി.എസ്. ആണുവേലിൽ സ്കൂൾ കെട്ടിടം, ചവറ ഗവ. എച്ച്.എസ്.എസ്. ആഡിറ്റോറിയം നിർമ്മാണം എന്നിവയ്ക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതിക്ക് ബജറ്റിൽ വകയിരുത്തിയ തുക

541 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും ലൈഫ് മിഷൻ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ തുക എത്ര; ചെലവഴിച്ച തുക എത്ര; വിശദാംശങ്ങൾ സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## പദ്ധതി അടങ്കൽ

542 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വിവിധ ഉത്തരവുകൾ പ്രകാരം പദ്ധതി അടങ്കലിൽ എത്ര രൂപ കുറവ് വരുത്തിയെന്നും പുതുക്കിയ പദ്ധതി അടങ്കൽ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

## പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം

543 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന പെൻഷൻ പോർട്ടലിലെ പിഴവുകൾ മൂലം ജീവൻ രേഖ സോഫ്റ്റ്‌വെയറിൽ പെൻഷൻ മസ്റ്ററിങ് കൃത്യമായി പൂർത്തീകരിച്ച ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സോഫ്റ്റ്‌വെയറിലെ പിഴവുകൾ മൂലം പെൻഷൻ നിഷേധിക്കപ്പെടുന്നത് തടയുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

544 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം, നാളിതുവരെ എത്ര രൂപ സാമൂഹ്യ സുരക്ഷാ പെൻഷനായി അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര പേർക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സഹായം ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; എത്ര രൂപയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

## 2016-2021 കാലയളവിലെയും 2021 മുതൽ നാളിതുവരെയുമുള്ള ക്ഷേമപെൻഷൻ തുക

545 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലും 2021 മുതൽ നാളിതുവരെയും ക്ഷേമപെൻഷൻ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും നിലവിൽ ക്ഷേമപെൻഷനിൽ കുടിശ്ശിക ഉണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) 2011-2016 കാലയളവിൽ ക്ഷേമപെൻഷൻ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പ്രസ്തുത കാലയളവിൽ കുടിശ്ശിക ഇനത്തിൽ എത്ര ഗഡു നൽകുവാനുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ?

## സാമൂഹ്യ സുരക്ഷാ പെൻഷൻ

546 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മേയ് മുതൽ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനു വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പെൻഷൻ ഇനത്തിൽ കേന്ദ്രവിഹിതമായി ഈ കാലയളവിൽ ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്ര വിഹിതം ഏത് വർഷം വരെ ലഭിച്ചിട്ടുണ്ട്;?

## മാവേലിക്കര മണ്ഡലത്തിലെ ദേവപുരയ്ക്കൽ പാലം നിർമ്മാണം

547 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബഡ്ജറ്റിൽ അനുവദിച്ച, മാവേലിക്കര മണ്ഡലത്തിലെ ദേവപുരയ്ക്കൽ പാലം നിർമ്മാണം എന്ന പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി (കമ്പ്യൂട്ടർ നമ്പർ. 3199597) വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## അമേരിക്ക ഏർപ്പെടുത്തിയ തീരുവ

548 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കൻ ഭരണകൂടം ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ തീരുവ 50 ശതമാനത്തോളം വർദ്ധിപ്പിച്ചത് സംസ്ഥാന സമ്പദ്ഘടനയെ എതു തരത്തിലാണ് ബാധിക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ തീരുമാനം വഴി സംസ്ഥാന സമ്പദ് ഘടനയ്ക്കും സംസ്ഥാനത്തെ കർഷകർ അടക്കമുള്ള സമൂഹത്തിനും ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>അമേരിക്കയുടെ അനധികൃത തീരുവ നയങ്ങൾ സൃഷ്ടിക്കുന്ന പ്രതിസന്ധി</u>**

549 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കയുടെ അനധികൃത തീരുവ നയങ്ങളും അതോടൊപ്പം കേന്ദ്ര അവഗണനയും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളെ കൂടുതൽ ശ്രമകരമാക്കുമോയെന്ന് വിശദീകരിക്കുമോ;

(ബി) അമേരിക്കയുടെ തീരുവ പ്രഖ്യാപനം നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ സമ്പദ്ഘടനയിലുണ്ടാകുന്ന ആഘാതങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതുമൂലം സംസ്ഥാന സമ്പദ്ഘടനയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ പരിഹരിക്കുന്നതിനുള്ള നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**<u>ജി. എസ്. ടി. നികുതി സ്ലാബുകൾ ചുരുക്കുന്നതിലെ വരുമാന നഷ്ടം</u>**

550 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നികുതി സ്ലാബുകൾ രണ്ടായി ചുരുക്കുന്നതിലൂടെ സംസ്ഥാനത്തുണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനങ്ങളുടെ നികുതി ഭാരം ലഘൂകരിക്കുകയെന്ന ഉദ്ദേശത്തോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഇത്തരം പരിഷ്കാരങ്ങൾ സംസ്ഥാനത്ത്

ഫലവത്താകുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പുതിയ പരിഷ്കാരം നടപ്പിൽ വരുന്നതോടു കൂടി സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നിർദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ജി. എസ്. ടി. സ്ലാബുകൾ രണ്ടായി ചുരുക്കുന്നുവെന്ന പ്രഖ്യാപനം കേന്ദ്ര സർക്കാർ നടത്തിയതിലൂടെ ജി. എസ്. ടി. കൗൺസിലിന്റെ പ്രാധാന്യവും ആവശ്യകതയും അപ്രസക്തമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേന്ദ്ര വിഹിതത്തിലെ കുറവുമൂലം സംസ്ഥാനത്തെ സാമ്പത്തിക അസ്ഥിരത</u>**

551 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം നൽകാതെ സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ശ്രമിക്കുന്നു എന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വിഹിതത്തിലെ കുറവുമൂലം പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തുന്നതിനും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**<u>ധനകാര്യ ആഭ്യന്തര പരിശോധന ശക്തിപ്പെടുത്താൻ നടപടി</u>**

552 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2024-2025 കാലയളവിൽ ആഭ്യന്തര പരിശോധനയുമായി ബന്ധപ്പെട്ട് ഏതൊക്കെ വകുപ്പുകളിലെ ജീവനക്കാർക്ക് ധനകാര്യ വകുപ്പിൽ നിന്നും പരിശീലനം നൽകിയെന്നതിന്റെ വിശദവിവരം നൽകുമോ?

**<u>കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി</u>**

553 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ ഉദ്ഘാടന സജ്ജമായ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കാത്തത് കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണോ; വ്യക്തമാക്കുമോ;

(സി) അനിവാര്യ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

## വിരമിച്ച ഉദ്യോഗസ്ഥർക്കു പുനർ നിയമനം

554 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിരമിച്ച ഉദ്യോഗസ്ഥരിൽ പുനർ നിയമനം നൽകിയ ഉദ്യോഗസ്ഥരുടെ പേരും പുനർ നിയമനം നൽകിയ തസ്തികയും അനുവദിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പുനർ നിയമനം നൽകിയ ഇനത്തിൽ ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും തരം തിരിച്ച് ലഭ്യമാക്കാമോ?

## മുണ്ടൂർ- പുറ്റേക്കര നാലുവരി പാത

555 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ- കുറ്റിപ്പുറം സംസ്ഥാന പാതയിൽ മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള 1.8 കിലോ മീറ്റർ ദൂരം നാലുവരി പാതയായി വികസിപ്പിക്കാൻ ഭൂമി ഏറ്റെടുക്കുന്നതിന് തുക കെട്ടി വയ്ക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള സി2/335/2025-പി.ഡബ്ല്യൂ.ഡി. (കംപ്യൂട്ടർ നമ്പർ 3229160) നമ്പർ ഫയലിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) മുണ്ടൂർ- പുറ്റേക്കര ഭൂമി ഏറ്റെടുക്കൽ അടിയന്തരമായി പൂർത്തിയാക്കേണ്ടത് പരിഗണിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള തുക കെട്ടി വെയ്ക്കൽ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ശ്രീകൃഷ്ണപുരം ചന്തപ്പുര ടൗൺ നവീകരണം

556 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം ചന്തപ്പുര ടൗൺ നവീകരണം എന്ന പ്രവർത്തിക്ക് ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വിഭാഗത്തിന്റെ ഫയൽ (സി.ഇ-പി.ഡബ്ല്യൂ.ഡി./9063/2025.ഡി.ബി5(പി.എൽ.)-ആർ.ഡി./എ.എസ് ) ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫയൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണ് ഉള്ളത്; പ്രസ്തുത ഫയൽ ഈ ഉദ്യോഗസ്ഥന്റെ കൈവശം എത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽ നിലവിലുള്ള ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി എപ്പോൾ ലഭിക്കും എന്ന് വ്യക്തമാക്കുമോ?

## വഴിക്കടവ് മുതൽ മഞ്ചേരി വരെയുള്ള അന്തർസംസ്ഥാന പാതയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനുള്ള ഭരണാനുമതി

557 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ൽ നാട്ടുകാണി-പരപ്പനങ്ങാടി റോഡിന് വേണ്ടി ഡി.എഫ്.ഐ.പി. (ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രൊജക്ട്) പദ്ധതിയിൽ ഉൾപ്പെടുത്തി 480 കോടി രൂപ അനുവദിച്ചിട്ടും ആയതിൽ 238 കോടി രൂപ മാത്രം ചെലവഴിച്ചത് എന്തുകൊണ്ടെന്നും ബാക്കി തുക ചെലവഴിക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇത് മൂലം വഴിക്കടവ് മുതൽ മഞ്ചേരി വരെയുള്ള അന്തർസംസ്ഥാന പാത കഴിഞ്ഞ കുറെ വർഷങ്ങളായി ഗതാഗതയോഗ്യമല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലമ്പൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന ഈ പാതയുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടും ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

## കരാറുകാർക്ക് നൽകാനുള്ള തുക

558 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാല് വർഷക്കാലം കരാറുകാർക്ക് അനുവദിച്ച തുക എത്രയാണെന്നുള്ള ജില്ല തിരിച്ചുള്ള കണക്കും ഇതിൽ എത്ര തുക നല്കിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) കരാറുകാർക്ക് പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇനി എത്ര തുക നല്കാൻ ഉണ്ടെന്നും അവ എന്നത്തേക്ക് നല്കാൻ കഴിയുമെന്നും അറിയിക്കാമോ;

(സി) കരാറുകാർക്കുള്ള കുടിശ്ശികയുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം കേസുകൾ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## ധനകാര്യ വകുപ്പ് വഴി ഭരണാനുമതിക്കായി നിർദ്ദേശിച്ച പ്രവൃത്തികൾ

559 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ധനകാര്യ വകുപ്പ് വഴി ഭരണാനുമതിക്കായി നിർദ്ദേശിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ചും പ്രവൃത്തികളുടെ വകുപ്പ് തിരിച്ചും പട്ടിക ലഭ്യമാക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കേളേജ് ക്യാമ്പസ്സിൽ 33 കെ.വി. സബ്സ്റ്റേഷൻ

560 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കേളേജ് ക്യാമ്പസ്സിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ ഭൂമി കെ.എസ്.ഇ.ബി.ക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള EXP-

D3/146/2025/FIN (കംപ്യൂട്ടർ നം. 322890) നമ്പർ ഫയലിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവ പൂർത്തിയാകുന്നതോടെ വൈദ്യുതി ആവശ്യകതയിൽ ഉണ്ടാകുന്ന വർദ്ധനവ് നിറവേറ്റുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ട സാഹചര്യത്തിൽ, പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

## യു.എസ്.-ലേക്കുള്ള കയറ്റുമതി

561 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും യു.എസ്.- ലേക്ക് എത്ര രൂപയുടെ കയറ്റുമതിയാണ് കഴിഞ്ഞ സാമ്പത്തിക വർഷം നടന്നത് എന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## കരിമ്പുഴ പുഴയിൽ അപ്രോച്ച് റോഡ് നിർമ്മാണം

562 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാപ്പുജി പാർക്കിന് സമീപം കരിമ്പുഴ പുഴയിൽ അപ്രോച്ച് റോഡ് നിർമ്മാണവും അനുബന്ധ പ്രവൃത്തികൾക്കും ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട 13.12.2024 തീയതിയിലെ സി.ഇ- പി.ഡബ്ല്യൂ.ഡി/22346/2024-ഡി.ബി.1 (പി.എൽ) ആർ.ഡി. നമ്പർ ഫയൽ നിലവിൽ ധനകാര്യവകുപ്പിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ധനകാര്യ വകുപ്പിൽ പ്രസ്തുത നിർമാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫയൽ നമ്പർ വ്യക്തമാക്കാമോ; പ്രസ്തുത നിർമാണത്തിന് ഭരണാനുമതി എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ചില്ലച്ചി പാലം നിർമ്മാണത്തിനുപകരം കടവുപുഴ പാലം

563 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-'22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 20% ഫണ്ട് വകയിരുത്തിയ പാലാ നിയോജക മണ്ഡലത്തിലെ ചില്ലച്ചി പാലം നിർമ്മാണം എന്ന പദ്ധതി സാങ്കേതിക തടസ്സങ്ങളാൽ ഉപേക്ഷിക്കുകയും പകരം 2022-ലെ പ്രളയക്കെടുതിയിൽ അപ്പാടെ തകർന്ന കടവുപുഴ പാലം നിർമ്മാണം എന്ന പദ്ധതിക്ക് ഫണ്ട് മാറ്റി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സർക്കാർ ക്ലെയിമുകൾക്കുള്ള ബിൽ

564 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ ഉദ്യോഗസ്ഥർക്കായി അയ്യായിരം രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകൾക്ക് ബിൽ സമർപ്പിക്കുമ്പോൾ ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പു രേഖപ്പെടുത്തണമെന്ന മുൻകാലങ്ങളിലെ വ്യവസ്ഥ ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ക്ലെയിമുകൾ പ്രകാരമുള്ള തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനാലും റവന്യൂ സ്റ്റാമ്പിന് കടുത്ത ദൗർലഭ്യം നേരിടുന്ന സാഹചര്യവും പരിഗണിച്ച് ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പു രേഖപ്പെടുത്തണമെന്ന മുൻകാലങ്ങളിലെ വ്യവസ്ഥ ഒഴിവാക്കിയുള്ള തീരുമാനം കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഇത്തരത്തിൽ ഒരു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട സർക്കുലറിന്റെയോ നിർദ്ദേശത്തിന്റെയോ ഉത്തരവിന്റെയോ പകർപ്പ് ലഭ്യമാക്കുമോ?

## <u>കിഫ്ബിയിലെ ശമ്പളവും അലവൻസുകളും</u>

565 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി സി.ഇ.ഒ.യുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചതെന്നാണെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ശമ്പളം, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിലായി നാളിതുവരെ കിഫ്ബി സി.ഇ.ഒ. കൈപ്പറ്റിയ തുകയുടെ വിശദാംശം പ്രതിമാസ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) കിഫ്ബി ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം പ്രത്യേക അലവൻസുകൾ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ അലവൻസുകളാണ് നൽകുന്നതെന്നും എത്ര തുക വീതമാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>ഹരിപ്പാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>

566 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കിഫ്ബി മുഖേന നടന്നുവരുന്ന വിവിധ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## <u>കോതമംഗലം- പ്ലാമുടി- ഊരംകുഴി റോഡ് നിർമ്മാണം</u>

567 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ പ്ലാമുടി- ഊരംകുഴി റോഡിന്റെ നിർമ്മാണ പ്രവർത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) തികച്ചും ഗ്രാമീണ മേഖലകളിലൂടെ കടന്നു പോകുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന്

വ്യക്തമാക്കുമോ?

**<u>വണ്ടൂർ നിയോജക മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

568 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

**<u>കുണ്ടറ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി</u>**

569 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി കുണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; അനുവദിച്ച പദ്ധതികളും തുകയും എത്രയെന്ന് വിശദമാക്കുമോ?

**<u>നാദാപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ</u>**

570 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നാദാപുരം നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികൾ, പൂർത്തീകരിച്ച പ്രവൃത്തികൾ, സാങ്കേതിക കാരണങ്ങളാൽ ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് അറിയിക്കുമോ;

(ബി) കിഫ്ബി മുഖാന്തരം അനുവദിക്കപ്പെട്ട എടച്ചേരി (പുതിയങ്ങാടി) കുന്നംചിറ-കായപ്പനച്ചി റോഡിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെന്ന് അറിയിക്കുമോ?

**<u>ബാലുശ്ശേരി ബൈപാസ് നിർമ്മാണം</u>**

571 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഗതാഗതകുരുക്ക് പരിഹരിക്കുന്നതിനായി നിർമ്മിക്കാനുദ്ദേശിക്കുന്ന ബാലുശ്ശേരി ബൈപാസ് നിർമ്മാണത്തിന് നിലവിൽ എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയുടെ പരിഗണനയിലുള്ളത്; വിശദമാക്കാമോ;

(ബി) ബാലുശ്ശേരിയിലെ ബൈപാസ് നിർമ്മാണത്തിനായി കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. ന് സാമ്പത്തിക അനുമതി നല്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ കല്ലൂരിക്കടവ് പാലം പ്രവൃത്തി</u>**

572 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന അഴീക്കോട് മണ്ഡലത്തിലെ കല്ലരിക്കടവ് പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ വർക്ക് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ തുടർനടപടികൾക്ക് തടസ്സങ്ങളുണ്ടോ; വിശദീകരണം നൽകുമോ?

## <u>പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി</u>

573 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിച്ച് പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കാമോ?

## <u>ലോട്ടറിയുടെ ജി.എസ്.ടി. വർദ്ധിപ്പിച്ച സാഹചര്യം</u>

574 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ് .ടി. കൗൺസിൽ ലോട്ടറിയുടെ ജി. എസ്. ടി. വർദ്ധിപ്പിച്ച സാഹചര്യത്തിൽ അത് ലോട്ടറി കച്ചവടക്കാരെ ഏതു തരത്തിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ലാഭത്തിൽ നിന്ന് സർക്കാർ അധിക നികുതിവിഹിതം കണ്ടെത്തി വിലവർദ്ധന ഒഴിവാക്കണം എന്ന കച്ചവടക്കാരുടെയും വ്യാപാരികളുടെയും ആവശ്യം സർക്കാർ പരിഗണിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## <u>പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ സെസ് മുഖേന ലഭിച്ച വരുമാനം</u>

575 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മുതൽ ഡീസലിനും പെട്രോളിനും ലിറ്ററിന് ₹2/- എന്ന തോതിൽ ഏർപ്പെടുത്തിയിട്ടുള്ള സെസ് വഴി 2025 ആഗസ്റ്റ് വരെ ഓരോ മാസവും ഡീസൽ, പെട്രോൾ പ്രത്യേകം ഇനം തിരിച്ച് എത്രത്തോളം വരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സെസ് ഏർപ്പെടുത്തിയതിനു ശേഷം 2023–24, 2024–25 സാമ്പത്തിക വർഷങ്ങളിലും 2025 ആഗസ്റ്റ് വരെയും ഡീസൽ, പെട്രോൾ എന്നിവയുടെ വിലയിലുള്ള പ്രതിമാസ വളർച്ചാ നിരക്ക് (ലിറ്ററിലും മൂല്യത്തിലും പ്രത്യേകം) എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2022–23 സാമ്പത്തിക വർഷത്തിൽ ഡീസൽ, പെട്രോൾ എന്നിവയുടെ വിലയിലുള്ള പ്രതിമാസ വളർച്ചാ നിരക്ക് (ലിറ്ററിലും മൂല്യത്തിലും പ്രത്യേകം) എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ നടപ്പിലാക്കിയിരിക്കുന്ന ഈ സെസ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സെസ് ഏർപ്പെടുത്തിയതിലൂടെ പ്രസ്തുത മേഖലയിലെ സ്വാഭാവിക വരുമാനവർദ്ധനവ് തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## മന്തിലി റിട്ടേൺ ഡിഫാൾട്ട് ചെയ്ത ബാർ ഹോട്ടലുകൾ

576 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട്, 1963 പ്രകാരം 2022 – 23 മുതൽ 2025 ആഗസ്റ്റ് വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ശേഖരിച്ചിട്ടുള്ള ആകെ തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ; പെട്രോൾ, ഡീസൽ, ടേൺ ഓവർ ടാക്സ് / TOT (ഡിസ്റ്റിലറി /ബാർ ഹോട്ടൽ വെവ്വേറെ), എസ്.ടി (സെയിൽസ് ടാക്സ് ) എന്നിവയിലെ വരുമാനം ഇനം തിരിച്ച് വിശദമായി നൽകുമോ;

(ബി) 2024–25, 2025–26 (2025 ആഗസ്റ്റ് വരെ) സാമ്പത്തിക വർഷങ്ങളിൽ എത്ര ബാർ ഹോട്ടലുകൾ മന്തിലി റിട്ടേൺ സമർപ്പിക്കാതെ ഡിഫാൾട്ട് ചെയ്തിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) മന്തിലി റിട്ടേൺ ഡിഫാൾട്ട് ചെയ്ത ബാർ ഹോട്ടലുകൾക്കെതിരെ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമായി അറിയിക്കുമോ;

(ഡി) 2024–25, 2025–26 (2025 ആഗസ്റ്റ് വരെ) സാമ്പത്തിക വർഷങ്ങളിൽ ബാർ ഹോട്ടലുകളിൽ എത്ര ഇന്റലിജൻസ് ഇൻസ്പെക്ഷനുകൾ നടത്തിയിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ?

## ചെറുകിട സ്ഥാപനങ്ങൾക്ക് നികുതി അടയ്ക്കുന്നതിന് ഓൺലൈൻ സൗകര്യം

577 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കച്ചവടം നടത്തുന്ന ചെറുകിട സ്ഥാപനങ്ങൾക്ക് പ്രൊഫഷണൽ ടാക്സ്, സ്ഥാപന നികുതി മുതലായവ ഓൺലൈനായി

അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ സാധ്യമാണോ എന്ന് വിശദമാക്കാമോ;

(ബി) ഈ സേവനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ എത്തിക്കുന്നതിനും സർക്കാർ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഓൺലൈൻ സേവനങ്ങൾക്കായി സാങ്കേതിക സഹായ കേന്ദ്രങ്ങൾ ഷൊർണ്ണൂരിൽ തുറന്നിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ബ്രൂവറികൾക്ക് ഏർപ്പെടുത്തിയ നികുതി

578 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബ്രൂവറികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ടേൺ ഓവർ നികുതി ഒഴിവാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യൻ ബ്രൂവറി അസോസിയേഷനും അതിലെ അംഗങ്ങളും കേരള ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ, ബഹു. ധനകാര്യ മന്ത്രി ഈ വിഷയത്തിൽ ചർച്ചയ്ക്കുള്ള താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും ഇതിനായി യോഗം നിശ്ചയിച്ചിട്ടുണ്ടെന്നും രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സത്യവാങ്മൂലം ശരിയാണോ; വ്യക്തമാക്കുമോ;

(ഡി) ബ്രൂവറികളുടെ ടേൺ ഓവർ നികുതി ഒഴിവാക്കുന്നതിനായി ഇതുവരെ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കേന്ദ്ര സർക്കാരിന്റെ നികുതി പരിഷ്കരണം മൂലമുള്ള പ്രതിസന്ധികൾ

579 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളുടെ അവകാശമായിരുന്ന നികുതി നിർണ്ണയം പൂർണ്ണമായും എടുത്തു മാറ്റുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ജി. എസ്. ടി. നിയമത്തിലൂടെ സംസ്ഥാനത്തുണ്ടായിട്ടുള്ള ആകെ നികുതി നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിവിധ ഘട്ടങ്ങളിലായി നടത്തിയിട്ടുള്ള നികുതിനിരക്ക് പരിഷ്കരണം കാരണം സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്ര സർക്കാർ അവകാശപ്പെട്ടിട്ടുള്ള രീതിയിൽ നികുതി പരിഷ്കരണം കൊണ്ട് സംസ്ഥാനത്തെ സാധാരണക്കാർക്ക് എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കോർപ്പറേറ്റുകൾക്ക് അനുകൂലമായി നികുതി ഘടന പരിഷ്കരിക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

## ജി.എസ്.ടി നിരക്കുകളിലെ പരിഷ്കാരം

580 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിരക്കിലെ പരിഷ്കാരം സംസ്ഥാന സമ്പദ്ഘടനയിൽ പ്രതിവർഷം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടാക്കുമെന്നാണ് ധനവകുപ്പ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയപ്പോഴുള്ള സംസ്ഥാനങ്ങളുടെ വരുമാന നഷ്ടം പരിഹരിക്കാൻ കൊണ്ടുവന്ന സെസ്സ് ഒഴിവാക്കിയതുവഴിയുള്ള സാമ്പത്തിക പ്രതിസന്ധി ഏതൊക്കെ വിധത്തിൽ സംസ്ഥാനത്തെ ബാധിക്കുമെന്നാണ് കണക്കാക്കുന്നതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) ലോട്ടറിയുടെ ജി.എസ്.ടി. നിരക്ക് ഇരുപത്തിയെട്ട് ശതമാനത്തിൽനിന്നും നാല്പത് ശതമാനമായി ഉയർത്തിയത് ഈ മേഖലയെ ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

## ജി.എസ്.ടി. ഇന്റലിജൻസ്

581 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തിന് അനുവദിച്ച രഹസ്യനിധിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട് സർക്കാരോ വകുപ്പോ ഏതെങ്കിലും വിധത്തിലുള്ള സ്ക്രൂട്ടിനിയോ ഇന്റേണൽ ഓഡിറ്റോ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത രഹസ്യനിധി വ്യാപകമായി ദുരുപയോഗം ചെയ്തു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉന്നത ബ്യൂറോക്രാറ്റുകളും കുടുംബാംഗങ്ങളും ഫൈവ് സ്റ്റാർ ഹോട്ടലുകളിലും റിസോർട്ടുകളിലും അവധി ആഘോഷങ്ങൾ നടത്തുന്നതിന് രഹസ്യനിധി വിനിയോഗിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ?

## ജി.എസ്.റ്റി വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

582 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മുതൽ നാളിതുവരെ സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ ഡ്രൈവർമാർ ഒഴികെ എത്ര താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) നിയമിതരായവരുടെ പേര്, തസ്തിക, പ്രതിമാസ വേതനം എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) നിയമന ഉത്തരവുകളുടെ പകർപ്പുകളും ബന്ധപ്പെട്ട കരാർ രേഖകളും ലഭ്യമാക്കുമോ;

(ഡി) ഈ നിയമനങ്ങൾക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട കാലാവധി നീട്ടി നൽകുന്നതിനായി ലഭിച്ച അപേക്ഷകളുടെ പകർപ്പുകളും അനുബന്ധരേഖകളും കാലാവധി നീട്ടിനൽകിയ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

## ജി.എസ്.ടി. വെട്ടിപ്പ് തടയാൻ നടപടി

583 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്‌കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജി. എസ്. ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് വെട്ടിപ്പ് നടക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജി. എസ്. ടി. ലംഘനങ്ങൾ പണം വാങ്ങി ഒത്തുതീർപ്പാക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വ്യാജ ജി. എസ്. ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നടക്കുന്ന തട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## ജി.എസ്.ടി നിരക്ക് പരിഷ്കരണം

584 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി നിരക്ക് പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാകുമെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിന് കേന്ദ്ര സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ നികുതി വിഹിതം

585 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനത്തിന്റെ കേന്ദ്ര-സംസ്ഥാന വിഹിത വിഭജനത്തിലെ അസമത്വം പരിഹരിക്കാൻ സംസ്ഥാനം മുന്നോട്ട് വച്ച നിർദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം സംസ്ഥാനത്തിന് അനുവദിച്ച കേന്ദ്ര നികുതി വിഹിതത്തിൽ എത്ര കുറവാണുണ്ടായതെന്ന് അറിയിക്കാമോ;

ആയത് പരിഹരിക്കാൻ സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ജി.എസ്.ടി.യിലൂടെ പ്രതിവർഷം സംസ്ഥാനം സമാഹരിക്കുന്ന നികുതിയുടെ വിശദവിവരം ലഭ്യമാക്കാമോ; ഇതിൽ എത്ര ശതമാനമാണ് കേന്ദ്രം തിരികെ നൽകുന്നതെന്ന് വിശദമാക്കാമോ?

## ജി.എസ്.ടി. നിരക്ക് പരിഷ്കരണം

586 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നിരക്ക് പരിഷ്കരിക്കുമെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനത്തിന് മുമ്പായി ഈ വിഷയം നികുതി നിർണ്ണയത്തിൽ പരമാധികാരമുള്ള ജി. എസ്. ടി. കൗൺസിലിൽ ചർച്ച ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി. എസ്. ടി. യിൽ തീരുമാനമെടുക്കാൻ ജനപ്രതിനിധിസഭകൾക്ക് പോലും അവകാശമില്ലെന്നിരിക്കെ ഏകപക്ഷീയമായി കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ള ഈ പ്രഖ്യാപനം സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി കരുതുന്നുണ്ടോ; വിശദീകരിക്കാമോ;

(സി) കേന്ദ്രവിഹിതം കുറയുന്നതിന്റെ കെടുതികൾ അനുഭവിക്കുന്ന സംസ്ഥാനമെന്ന നിലയിൽ ഈ തീരുമാനങ്ങൾ കേരളത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ

587 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളാണ് നിലനിൽക്കുന്നതെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾക്ക് വേണ്ടി സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, തയ്യാറാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാന ടാക്സ് ഓഫീസർ തസ്തികയിലെ ഒഴിവുകളിൽ എത്രയെണ്ണമാണ് നേരിട്ടുള്ള നിയമനത്തിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ വകയിരുത്തലിന് സർക്കാർ തലത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിരുന്നോ; വിശദമാക്കുമോ ;

(ഡി) നേരിട്ടുള്ള നിയമിതർക്ക് ഒരുവർഷത്തെ പരിശീലനം നിർബന്ധമായതിനാൽ ടി ഒഴിവുകൾ പ്രമോഷനിലൂടെ നികത്താതിരുന്നതുകൊണ്ട് പല ഉദ്യോഗസ്ഥരും പ്രമോഷൻ ലഭിക്കാതെ വിരമിക്കേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) വകുപ്പ് സുതാര്യമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നതിനായി സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ താമസംവിനാ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കുടിശ്ശികയായി നൽകാനുള്ള സെയിൽസ് ടാക്സ് തുക

588 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുവാതുക്കൽ വിഷമദ്യദുരന്ത കേസിൽ ശിക്ഷിക്കപ്പെട്ട് ജയിൽശിക്ഷ അനുഭവിച്ച മണിച്ചൻ എന്ന ചന്ദ്രൻ സർക്കാരിന് കുടിശ്ശികയായി നൽകാനുള്ള സെയിൽസ് ടാക്സ് തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; 2025 ആഗസ്റ്റ് മാസം വരെ പലിശയുൾപ്പെടെ (നികുതി + പലിശ) കുടിശ്ശികയായി നൽകാനുള്ള തുക വർഷാനുസൃതമായി പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക ഒഴിവാക്കുന്നതിനായി ശ്രീ ചന്ദ്രൻ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള ഏതെങ്കിലും അപേക്ഷ നിലവിൽ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ ഏന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ സംസ്ഥാന ജി.എസ്.ടി. കമ്മീഷണർ സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസറുടെ സസ്പെൻഷൻ

589 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ ശ്രീ. നെബു കോശി തോമസിനെ സസ്പെൻറ് ചെയ്തതുമായി ബന്ധപ്പെട്ട ഫയൽ (ടാക്സ്സ്-ഡി2/98/2024-ടാക്സ്സ്, കമ്പ്യൂട്ടർ നം. 2945910)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കഴിഞ്ഞ 6 മാസമായി ഈ ഫയൽ ഏത് ഓഫീസിൽ ആരുടെ കൈവശമാണെന്ന് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതിന് നിർദ്ദേശം നൽകുമോ?

## സബ്ട്രഷറികളുടെ കെട്ടിട നിർമ്മാണം

590 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ് ട്രഷറികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വളാഞ്ചേരി സബ് ട്രഷറിക്കു വേണ്ടി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്നതിനും കോട്ടക്കൽ സബ് ട്രഷറിക്കു വേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കുത്തിയതോട്, പൂച്ചാക്കൽ സബ്ട്രഷറികളുടെ നിർമ്മാണം.

591 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിലെ കുത്തിയതോട് സബ്ട്രഷറി, പൂച്ചാക്കൽ സബ്ട്രഷറി എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## ഓൺലൈൻ ട്രഷറി ഇടപാടുകളിലെ സുരക്ഷ.

592 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിലെ ഓൺലൈൻ സേവനങ്ങളിൽ സൈബർ സുരക്ഷയും ഡാറ്റ സംരക്ഷണവും ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിരിക്കുന്ന സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സംവിധാനം എത്രത്തോളം കാര്യക്ഷമവും വിശ്വാസ്യതയുള്ളതുമാണെന്ന് വിശദമാക്കുമോ?

## ഭാഗ്യക്കുറി വരുമാനം

593 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഭാഗ്യക്കുറികളുടെ നടത്തിപ്പിലൂടെ സംസ്ഥാന സർക്കാരിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; സമ്മാനത്തുകകളും കമ്മീഷനുകളും നല്കിയ ഇനത്തിൽ എത്ര തുകയാണ് ചെലവായതെന്നുള്ള ഇനം തിരിച്ചുള്ള കണക്കുകൾ നല്കാമോ;

(ബി) ഭാഗ്യക്കുറിക്കുള്ള ജി.എസ്.ടി നിരക്കിലെ വർദ്ധനവ് അതിന്റെ വിപണനത്തെ ദോഷകരമായി ബാധിക്കും എന്ന് വിലയിരുത്തുന്നുണ്ടോ; ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം നിലനിർത്തുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം നല്കാമോ?

## സർവകലാശാലകളിലെ ഓഡിറ്റ്

594 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഓഡിറ്റിംഗ് വിഭാഗം വിവിധ സർവകലാശാലകളിൽ പരിശോധന നടത്തി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സർവകലാശാലകൾക്ക് സർക്കാരിന്റെ ഓഡിറ്റിംഗ് ബാധകമല്ലെന്നും അതിനാൽ സർവകലാശാലകളിൽ സർക്കാരിന്റെ ഓഡിറ്റിംഗ് നടത്തേണ്ടതില്ലെന്നും അറിയിച്ചുകൊണ്ട് ഏതെങ്കിലും സർവകലാശാല കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ സർവകലാശാലകളുടേയും ഓഡിറ്റിംഗ് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണോ; വിശദമാക്കുമോ?

## ധനകാര്യ ആഭ്യന്തര പരിശോധന വിഭാഗം

595 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 കാലയളവിൽ ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ആഭ്യന്തര പരിശോധന വിഭാഗത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് പരാമർശങ്ങളിൽ ഓരോ വകുപ്പിലും ഇനിയും തീർപ്പാക്കുവാനുള്ളത് എത്ര വീതമാണെന്ന വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇനിയും ആഭ്യന്തര പരിശോധന കൃത്യമായി നടത്തി റിപ്പോർട്ട് ധനകാര്യ വകുപ്പിന് നൽകിയിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഇ.യുടെ വൺ ടൈം സെറ്റിൽമെന്റ് പദ്ധതി

596 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയുള്ളവർക്ക് സമാശ്വാസമായി വൺ ടൈം സെറ്റിൽമെന്റ് പദ്ധതി കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ വൺ ടൈം സെറ്റിൽമെന്റ് പദ്ധതി വീണ്ടും പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; കുടിശ്ശിക വരുത്തുന്ന നിക്ഷേപകർക്ക് സഹായകരമാകുന്ന എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ പദ്ധതിയിലൂടെ പ്രഖ്യാപിക്കാൻ കഴിയുക എന്നത് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

## കെ.എസ്.എഫ്.ഇ. ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട പദ്ധതികൾ

597 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ. ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും ഫണ്ട് വിവരങ്ങളും ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

## കെ.എസ്.എഫ്.ഇ യിലെ താൽക്കാലിക നിയമനങ്ങൾ

598 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. യുടെ പരിധിയിൽ വരാത്ത മുഴുവൻ കരാർ, താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന സർക്കാർ ഉത്തരവ് മറികടന്ന് കെ.എസ്.എഫ്.ഇ. യിൽ ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ജീവനക്കാരാണ് നിലവിൽ ഇപ്രകാരം ജോലി ചെയ്യുന്നതെന്ന് അറിയിക്കുമോ; ഏതൊക്കെ തസ്തികകളിലാണ് ഇവരെ നിയോഗിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇവരുടെ വേതനം പ്രതിമാസ അടിസ്ഥാനത്തിലാണോ വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഒരു മാസം ഇവരുടെ വേതന ഇനത്തിൽ ആകെ ചെലവഴിക്കുന്ന തുക എത്രയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; അനധികൃതമായി ജോലിചെയ്യുന്ന ഇത്തരം ജീവനക്കാരെ ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ;

(സി) കെ.എസ്.എഫ്. ഇ. ആസ്ഥാനത്ത് ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ വേതന ഇനത്തിൽ 2025 ഓഗസ്റ്റ് മാസം അനുവദിച്ച നൽകിയ തുകയുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് സ്ഥിരം ജീവനക്കാർ കരാർ ജീവനക്കാർ താൽക്കാലിക ജീവനക്കാർ എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കുമോ?

## <u>കെ.എസ്.എഫ്.ഇ.യുടെ നവീകരണം</u>

599 **ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ (കെ.എസ്.എഫ്.ഇ) നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ കെ.എസ്.എഫ്.ഇ.യുടെ വളർച്ച സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>കെ.എസ്.എഫ്.ഇ. ശാഖകൾ</u>

600 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് (കെ.എസ്.എഫ്.ഇ.) എത്ര ശാഖകളുണ്ടെന്നും അതിൽ പാലക്കാട് ജില്ലയിൽ എത്രയാണുള്ളതെന്നും വ്യക്തമാക്കുമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

601 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മെഡിസെപ്പ് പദ്ധതിയിലൂടെ എത്ര തുകയാണ് ഇൻഷുറൻസ് പരിരക്ഷയായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ മെഡിസെപ്പ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വിശദമാക്കുമോ?

## അഭിഭാഷക ക്ഷേമനിധി

602 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷകരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ജൂനിയർ അഭിഭാഷകർക്ക് വേണ്ടി ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ജൂനിയർ അഭിഭാഷകർക്ക് കോടതി വ്യവഹാരങ്ങളിൽ താൽപര്യം ഉണ്ടാകുന്നതിനും കുറഞ്ഞത് മൂന്ന് വർഷത്തേക്ക് എങ്കിലും പ്രാക്ടീസ് തുടരുന്നതിനും സഹായകരമാകുന്ന രീതിയിൽ ഒരു നിശ്ചിത തുക പ്രാക്ടീസിംഗ് സ്റ്റൈഫന്റായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്ന ജൂനിയർ അഭിഭാഷകർക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## എം.എ.സി.റ്റി. ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ശമ്പള വർദ്ധനവ്

603 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എ.സി.റ്റി. ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ശമ്പള വർദ്ധനവ് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## വ്യവസായ വകുപ്പ് മുഖാന്തരം പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

604 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെയും ഇപ്പോഴത്തെ സർക്കാറിന്റെയും കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദവിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ്, ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## വിജ്ഞാന വ്യവസായത്തിൽ കേരളത്തിന്റെ സാധ്യതകൾ

605 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീമതി സി. കെ. ആശ**

**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ ആഗോളവൽക്കരണ കാലഘട്ടത്തിൽ നവീകരണം തുടർച്ചയായ ശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാന വിഷയമായി തുടരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലോകത്തെയാകെ ചലിപ്പിക്കാൻ കഴിയുന്ന ആശയങ്ങളുള്ള പുതിയ തലമുറ നമുക്കുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂമിലഭ്യത പരിമിതമായതിനാൽ ഉന്നതസാങ്കേതികത പ്രയോജനപ്പെടുത്തുന്ന വിജ്ഞാന അധിഷ്ഠിത വ്യവസായങ്ങൾക്ക് കേരളം മുൻഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ശാസ്ത്ര സാങ്കേതികവിദ്യയും നിർമ്മിതബുദ്ധിയും ഉപയോഗിച്ച് ലോകത്തിനാവശ്യമായ ഡീപ് ടെക് ഉല്പന്നങ്ങളൊരുക്കുന്ന കേന്ദ്രമായി കേരളത്തെ മാറ്റിയെടുക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

## <u>കേരള സ്റ്റാർട്ടപ്പ് മിഷൻ</u>

606 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന എത്ര സ്റ്റാർട്ടപ്പുകളാണ് തുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരം സ്റ്റാർട്ടപ്പുകളിലൂടെ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) സ്റ്റാർട്ടപ്പ് മിഷൻ മുഖേന പാലക്കാട് ജില്ലയിൽ എത്ര സ്റ്റാർട്ടപ്പുകൾ തുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>കെൽട്രോണിന്റെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനുള്ള നടപടി</u>

607 **ശ്രീ ഡി കെ മുരളി**
**ശ്രീ വി ജോയി**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇലക്ട്രോണിക്സ് വ്യവസായ രംഗത്ത് ഒരു കാലത്ത് നേതൃസ്ഥാനം വഹിച്ചിരുന്ന കെൽട്രോണിനെ പഴയ പ്രതാപത്തിലേക്ക് തിരികെയെത്തിക്കുമെന്ന ഈ സർക്കാരിന്റെ വാഗ്ദാനം എത്രത്തോളം പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദീകരിക്കുമോ;

(ബി) സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി മികച്ച പൊതുമേഖലാ സ്ഥാപനമായി വളരുവാൻ കെൽട്രോണിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ കെൽട്രോണിന്റെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനും ഇതിന്റെ വിപുലമായ സാധ്യതകൾ പരിശോധിക്കുന്നതിനും

കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

**കേരള സോപ്സ് ആൻഡ് ഓയിൽ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനം**

608 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കേരള സോപ്സ് ആൻഡ് ഓയിൽ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനത്തിൽ 2021 മുതൽ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(സി) സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

**വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

609 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; അതിന്റെ കാരണം വ്യക്തമാക്കാമോ; അത്തരം സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളുടെ ലാഭവിഹിതം സർക്കാരിലേക്ക് നൽകുന്നുണ്ടോ; എങ്കിൽ അത്തരം സ്ഥാപനങ്ങളുടെയും വിഹിതത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പൊതുമേഖലാസ്ഥാപനങ്ങളിലെ പെൻഷൻ പ്രായം**

610 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് പെൻഷൻ പ്രായം അറുപത് വയസ്സായി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ എതിർപ്പിനെ മറികടന്ന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; വിവിധ പൊതുമേഖല സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം തയ്യാറാക്കാൻ നടപടി**

611 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകൾ നിശ്ചിത കാലയളവിനുള്ളിൽ സി. &എ. ജി. യ്ക്ക് സമർപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ സുതാര്യതയും സാമ്പത്തിക അച്ചടക്കവും പാലിക്കുന്നതിന് സമയബന്ധിതമായി കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കണക്കുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിൽ വീഴ്ചവരുത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കെതിരെ കമ്പനി നിയമപ്രകാരം നടപടി സ്വീകരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം</u>

612 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്ക് ഗുണകരമല്ലാത്ത കേന്ദ്ര നിലപാടുകൾക്ക് ബദലായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ സംസ്ഥാനത്തെ പൊതുമേഖലയ്ക്ക് ഗുണകരമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ദേശസാൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ഏറ്റെടുത്ത തുണിമില്ലുകളിൽ എത്ര തുണിമില്ലുകൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഈ മില്ലുകൾ അടച്ചു പൂട്ടുന്നതിലേക്ക് നയിച്ച കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) കേന്ദ്രനയങ്ങൾ കാരണം ടെക്സ്റ്റൈൽ മേഖല പ്രതിസന്ധി നേരിടുമ്പോഴും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തുണിമില്ലുകളുടെ പ്രവർത്തനം സുഗമമായി നടത്തുവാൻ കഴിയുന്നുണ്ടോ; വിശദീകരിക്കാമോ?

## <u>എടരിക്കോട് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതി</u>

613 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ എടരിക്കോട് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഭൂമി വിട്ടു നൽകാത്തതിനാൽ പദ്ധതി ആരംഭിക്കാൻ

കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) കുടിവെള്ള പദ്ധതിയുടെ ആവശ്യത്തിന് നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന ഈ ഭൂമി സൗജന്യമായി വിട്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിയിൽ ഭൂമി വാങ്ങുന്നതിന് തുക അനുവദിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം പരിഗണിച്ച് എടരിക്കോട് ജലജീവൻ മിഷൻ കുടിവെള്ള പദ്ധതിക്ക് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഭൂമി സൗജന്യമായി വിട്ടു നൽകുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം</u>

614 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഓഹരികൾ വിറ്റഴിച്ച്, സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ വികസന നയം സർക്കാർ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെയും കാര്യക്ഷമതയുടെയും അടിസ്ഥാനത്തിൽ സ്വയംഭരണാവകാശം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പുതിയ വ്യവസായ സംരംഭങ്ങളും സബ്സിഡിയിനത്തിൽ നൽകാനുള്ള തുകയും</u>

615 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനും നിക്ഷേപകരെ ആകർഷിക്കുന്നതിനും സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇയർ ഓഫ് എന്റർപ്രൈസസ് പദ്ധതി വഴി നാളിതുവരെ സംസ്ഥാനത്ത് എത്ര പുതിയ സംരംഭങ്ങൾ അധികമായി സ്ഥാപിച്ചുവെന്നും ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്നും പുതുതായി സ്ഥാപിച്ച പദ്ധതിയുടെ പേര്, വിലാസം, ജില്ല, മുടക്കുമുതൽ, നേരിട്ട് ലഭിക്കുന്ന ജോലി എന്നിവയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ നൽകാമോ;

(സി) സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി 2020 മുതൽ സംസ്ഥാനത്ത് ആഗോള നിക്ഷേപ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ

ഇതിലൂടെ എത്ര വ്യവസായങ്ങൾക്ക് എത്ര കോടി രൂപയുടെ ഓഫറുകളാണ് ലഭിച്ചിരുന്നതെന്നും ഇതിനോടകം എത്ര കോടി രൂപയുടെ ഏതെല്ലാം പദ്ധതികൾ എവിടെയെല്ലാം ആരംഭിച്ചു എന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങിയവർക്ക് സബ്സിഡി ഇനത്തിൽ മൊത്തം എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്നും മലപ്പുറം ജില്ലയിൽ എത്ര സംരംഭകർക്ക് എത്ര രൂപ കൊടുക്കാനുണ്ടെന്നും അത് എന്ന് കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കുമോ?

## ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിന്റെ വിനിയോഗം സംബന്ധിച്ച്

616 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് പ്ലോട്ടിൽ വഞ്ചി ക്ലേ മൈൻസിന്റെ 4.3 ഏക്കർ ഭൂമിയിൽ വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനോ എന്തെങ്കിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനോ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ചാത്തന്നൂരിലെ വഞ്ചി ക്ലേ മൈൻസിന്റെ ഭൂമി നിലവിൽ ആർക്കെങ്കിലും പാട്ടത്തിനോ മറ്റ് വ്യവസ്ഥകൾ പ്രകാരമോ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വഞ്ചി ക്ലേ മൈൻസിന്റെ ഭൂമി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ കാഴ്ചപ്പാട് വ്യക്തമാക്കാമോ?

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്

617 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ വരുമാനത്തിന്റെ 2 ശതമാനം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് എന്ന നിലയ്ക്ക് സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ അനുബന്ധമായി ആരംഭിക്കുന്നതിന് പ്രത്യേക മാർക്കറ്റിംഗ് സപ്പോർട്ട് നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കാസർഗോഡ് ജില്ലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ

618 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളിലായി കാസർഗോഡ് ജില്ലയിൽ എത്ര പുതിയ സംരംഭങ്ങൾ

വന്നിട്ടുണ്ടെന്നും ഇതുവഴി എത്ര പേർക്ക് ജോലി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പുനലൂർ നിയോജകമണ്ഡലത്തിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക്

619 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തോട്ടം മേഖല എന്ന നിലയിൽ പുനലൂർ നിയോജകമണ്ഡലത്തിലെ റബ്ബർ വ്യവസായ സാധ്യതകൾ വിനിയോഗിക്കുന്നതിന് റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് രൂപീകരണം ആലോചനയിലുണ്ടോ; അതുമായി ബന്ധപ്പെട്ട് താലൂക്ക് വ്യവസായ കേന്ദ്രം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിൽ തുടർനടപടികളെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഐ.ടി. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി ഐ.ടി. സ്റ്റാർട്ടപ്പ് ഹബ്ബുകളും ബിസിനസ് പ്രോസസ് ഔട്ട്സോർസിംഗ് സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടിക്രമം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് അതിനാവശ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## സംരംഭക വർഷം പദ്ധതി

620 **ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സംരംഭക സാധ്യതകൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിൽ സംരംഭക വർഷം പദ്ധതി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വ്യവസായിക സംരംഭകത്വ സൗഹൃദ ആവാസ വ്യവസ്ഥയായി ഉള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തിന് തുടക്കം കുറിച്ചുകൊണ്ട് സർക്കാർ സ്വീകരിച്ച സംരംഭക സൗഹൃദ നടപടികൾ ഈ പദ്ധതിയുടെ വിജയത്തെ സ്വാധീനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ദേശീയ, അന്തർദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ ഈ പദ്ധതിക്ക് പുരസ്കാരങ്ങൾ ലഭിച്ചിരുന്നോ; വിശദമാക്കാമോ?

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് (2025)

621 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025ന്റെ ഭാഗമായി പ്രഖ്യാപിച്ച സംരംഭങ്ങളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025 ന്റെ ഭാഗമായി ടൂറിസം മേഖലയിൽ പുതുതായി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമം</u>

622 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക സംഗമത്തിൽ ലഭിച്ച താല്പര്യപത്രങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഗമത്തിൽ ലഭ്യമായ നിക്ഷേപ താല്പര്യ പത്രങ്ങളിൽ എത്ര ശതമാനം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) രാജ്യത്തിനകത്തും പുറത്തുമുള്ള വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) കഴിഞ്ഞ നാല് വർഷമായി സംസ്ഥാനത്തെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ് മെച്ചപ്പെടുത്തുവാനും അതുമൂലം സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ലഭിക്കുവാനും എടുത്ത നടപടികൾ വിശദമാക്കാമോ?

## <u>വ്യാവസായിക വികസന പരിപാടികൾ</u>

623 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായനിക്ഷേപത്തിൽ കാര്യമായ വളർച്ച ഉണ്ടായിട്ടുണ്ടോ; സർക്കാരിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്ഥലം ഉപയോഗപ്പെടുത്തി കൂടുതൽ വ്യവസായ നിക്ഷേപം ആകർഷിക്കാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) സ്മാർട്ട് സിറ്റി പദ്ധതിയിലെ കരാർ വ്യവസ്ഥകൾ പാലിക്കാത്ത ടീകോമിന്റെ പ്രവർത്തനം ഫലപ്രദമാകാതിരുന്നിട്ടും ഐ.റ്റി. വ്യവസായ മേഖലയിൽ കേരളത്തെ ലോകോത്തര നിലവാരത്തിലേക്കെത്തിക്കാനുള്ള പ്രവർത്തനം ഈ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാർ ആവിഷ്കരിച്ച വ്യവസായ വികസന പരിപാടികളുടെ ഭാഗമായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലായി എഴുപതിനായിരത്തിലധികം പേർക്ക് പുതുതായി തൊഴിൽ നൽകാനായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംരംഭകരിൽ നിന്നും നയരൂപീകരണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് ശേഖരിച്ച് പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസ വ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട നടപടികൾ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി

624 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോൺ ഉപകമ്പനികളുടെ ലിക്വിഡേഷനിലുള്ള ഭൂമി വ്യവസായ വികസനത്തിനു ഉപയോഗപ്രദമാക്കുന്നതിനായി കെൽട്രോണും സി-മെറ്റും സംയുക്ത സംരംഭം ആരംഭിക്കാനുള്ള പ്രൊപ്പോസൽ വിശദമാക്കാമോ;

(ബി) ഈ പ്രൊപ്പോസലിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## കിനാലൂർ കെ.എസ്.ഐ.ഡി.സി. ബാലുശ്ശേരി ഗവണ്മെന്റ് കോളജ് റോഡ് നവീകരണം

625 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂർ കെ.എസ്.ഐ.ഡി.സി.യുടെ റോഡ് നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടും റോഡ് നവീകരണ പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ബാലുശ്ശേരി ഗവ. കോളജിലേയ്ക്കുള്ളതും കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ളതുമായ ഇന്റേണൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## മാവൂർ ഗ്വാളിയോർ റയൺസ് ഭൂമി

626 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയൺസ് ഭൂമിയിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിന് പ്രസ്തുത ഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; നിയമപരമായ നടപടികൾ വേഗത്തിലാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്താമോ;

(ബി) സമയബന്ധിതമായി കേസ് തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനിടയാക്കിയ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണം

627 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നവീകരണത്തിനായി 2023-2024 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 5 കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഏതെല്ലാം വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

## വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

628 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വ്യവസായവകുപ്പ് വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ചശേഷം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതും ആരംഭിച്ചശേഷം പൂർത്തികരിച്ചിട്ടില്ലാത്തതുമായ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; ഇവ ഓരോന്നിനുമായി നീക്കിവച്ചിട്ടുള്ള തുക എത്രവീതമാണെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(സി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണെന്നും ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇക്കാലയളവിൽ പ്രസ്തുത നിയോജക മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള വിവരം ലഭ്യമാകുമോ?

## മാവേലിക്കര മണ്ഡലത്തിലെ ഇൻകെൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പദ്ധതികൾ

629 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഇൻകെൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതിയും ഇവ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടിയും വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയ വ്യവസായസംരംഭങ്ങൾ

630 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, വ്യവസായ സംരംഭങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അവയുടെ ധനകാര്യ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ?

## പാറശാല മണ്ഡലത്തിൽ വ്യവസായവകുപ്പ് നടപ്പാക്കിയ പദ്ധതികൾ

631 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാറശാല മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി പാറശാല നിയോജകമണ്ഡലത്തിൽ എത്ര വ്യവസായങ്ങൾ പ്രവർത്തനം ആരംഭിച്ചുവെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കാമോ; സംരംഭങ്ങളുടെ പേര്, മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ കുറ്ററ കേന്ദ്രമായി പ്രവർത്തിക്കുന്ന പനമ്പ് നെയ്ത്ത് കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദവിവരം നൽകാമോ?

## <u>വിവിധ പദ്ധതികളിലൂടെ സംസ്ഥാന വ്യവസായരംഗത്ത് നിക്ഷേപം</u>

632 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വിവിധ പദ്ധതികളിലൂടെ സംസ്ഥാന വ്യവസായരംഗത്ത് എത്രകോടി രൂപയുടെ പുതിയ നിക്ഷേപം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## <u>മിഷൻ 1000 പദ്ധതി</u>

633 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ മിഷൻ 1000 പദ്ധതി പ്രകാരം നാളിതുവരെ എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര സ്ഥാപനങ്ങൾ കൂടുതൽ മികവുള്ള സ്ഥാപനങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് അധിക തൊഴിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>സംരംഭക സഹായ പദ്ധതിയിലെ മുൻഗണനാ വ്യവസായങ്ങൾ</u>

634 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക സഹായ പദ്ധതിയിലെ മുൻഗണനാ വ്യവസായ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## <u>കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടി</u>

635 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന്റെ ഭാഗമായി കുറ്റ്യാടി - മണിമലയിലെ നാളികേര പാർക്കിൽ നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) 2025 വർഷത്തിൽ മണിമല നാളികേര പാർക്ക് വ്യവസായങ്ങൾക്ക് തുറന്ന് കൊടുക്കാൻ സാധിക്കുമോ; ഇതിനായി എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്ന്

വിശദമാക്കാമോ;

(സി) പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ തുടങ്ങാനായി സംരംഭകർ എങ്ങനെയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ഇ) 2021 വർഷം മുതൽ ഇതുവരെ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അടങ്കൽ തുക എത്രയാണെന്നും വിശദമാക്കാമോ?

**കായംകുളം മണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

636 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന വ്യവസായ പദ്ധതികൾ**

637 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ-കൊച്ചി വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന വ്യവസായ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളത് എവിടെയെല്ലാമാണെന്നും നിലവിൽ എന്തെല്ലാം നടപടിയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

**വനിതാ സംരംഭകർക്കായി ആവിഷ്കരിച്ച പദ്ധതികൾ**

638 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ സംരംഭകർക്കായി എന്തെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വനിതാ സംരംഭകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കാനും കൂടുതൽ വനിതകളെ സംരംഭകരാക്കി മാറ്റാനും ഈ പദ്ധതികൾ കൊണ്ട് സാധിച്ചിട്ടുണ്ടോ; ഇത് വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

639 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിൽ സ്വയം സംരംഭകർക്കായി നടപ്പാക്കിയ പദ്ധതികൾ**

640 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ സ്വയം സംരംഭകർക്കായി 2016 മുതൽ നാളിതുവരെ വ്യവസായ വകുപ്പ് നടപ്പാക്കിയ വിവിധ സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര സംരംഭകർക്കായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

**<u>വ്യവസായ വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രധാന പദ്ധതികൾ</u>**

641 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് മുഖേന മട്ടന്നൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

**<u>കാസർഗോഡ് ജില്ലയിലെ വ്യവസായ സംരംഭങ്ങൾ</u>**

642 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 9 വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയ്ക്ക് ബജറ്റിലും അല്ലാതെയും അനുവദിച്ച വ്യവസായ സംരംഭങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച സംരംഭങ്ങൾ, പാതിവഴിയിലായ സംരംഭങ്ങൾ, തുടക്കം കുറിക്കാത്ത സംരംഭങ്ങൾ എന്നിവ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ സംരംഭത്തിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംരംഭങ്ങൾ തുടക്കം കുറിക്കാൻ പറ്റാത്ത അവസ്ഥയിലാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സംരംഭങ്ങളുമായി ബന്ധപ്പെട്ട കരാറുകാരടക്കം ആർക്കെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

**<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

643 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ സംരംഭങ്ങൾ സംബന്ധിച്ച്

644 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ നാളിതുവരെ കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി ആരംഭിച്ച സംരംഭങ്ങളുടെ എണ്ണവും അവയുടെ പ്രത്യേകതകളും വിശദമാക്കാമോ;

(ബി) സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

645 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ആസ്ട്രൽ വാച്ചസ് കമ്പനി കാര്യക്ഷമമാക്കാൻ പദ്ധതി

646 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ തുറന്ന പ്രവർത്തിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ?

## വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി

647 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യൂണിറ്റിന്റെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ എത്ര ശതമാനം വരെയാണ് സബ്സിഡിയായി ലഭിക്കുകയെന്ന് വ്യക്തമാക്കാമോ?

## മത്സ്യസംസ്കരണ പ്ലാന്റിന്റെ സ്ഥിതി

648 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിർമ്മാണം നിലച്ചിരുന്നതുമായ പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടതെന്നും വിശദമാക്കാമോ?

**കൈപ്പമംഗലം മണ്ഡലത്തിലെ കൈതോല കൃഷി വ്യാപനത്തിനുള്ള പ്രവൃത്തി**

649 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 2022- 2023 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ക്രമ നമ്പർ 707 ആയി 20% തുക വകയിരുത്തി, 50 ലക്ഷം രൂപ അനുവദിച്ച കൈതോല കൃഷി വ്യാപനവും ആധുനികവൽക്കരണവും എന്ന പ്രവൃത്തി ഈ സർക്കാറിന്റെ കാലയളവിൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യകതമാക്കാമോ;

(ബി) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ 2016 മുതൽ 2025 വരെ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് നൽകാമോ?

**വിഴിഞ്ഞം വ്യവസായ ഇടനാഴി പദ്ധതി**

650 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും നിബന്ധനകളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

**പയ്യന്നൂർ മണ്ഡലത്തിലെ വ്യവസായ പാർക്ക്**

651 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)ന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ വകുപ്പിന്റെ കീഴിലെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) മുഖേന ഏറ്റെടുത്ത് വ്യവസായ പാർക്ക് ഉണ്ടാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**ക്യാമ്പസ് വ്യവസായ പാർക്കുകൾ**

652 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം

എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കൽ

653 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച പ്രസ്തുത ഭൂമിയിൽ ക്രയവിക്രയങ്ങൾ നടത്തുന്നതിന് നിയമാനുസരണം സാധിക്കാത്തതിനാൽ ഭൂവുടമകൾ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്താനാവാതെ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ഐ.ഡി.സി യുടെ മെഗാ ഫുഡ് പാർക്ക്

654 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലെപ്മെന്റ് കോർപറേഷന്റെ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിരാകരിക്കുന്നതിന് മിനിസ്ട്രി ഓഫ് ഫുഡ് പ്രോസസിംഗിന്റെ അനുമതിക്കായി കെ.എസ്.ഐ.ഡി.സി. കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി നിരാകരിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക ലാപ്സായി പോകാതിരിക്കാൻ വൈപ്പിൻ, തോപ്പുംപടി പ്ലാന്റിന്റെ നിലവിലെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനായി ഡയറക്ടർ, ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) മെഗാ ഫുഡ് പാർക്ക് പദ്ധതിയിൽ നിന്ന് മുനമ്പം ഫിഷിംഗ് ഹാർബറിനെ ഒഴിവാക്കാനുള്ള തീരുമാനം പുന:പരിശോധിക്കുന്നതിനായി സ്ഥലം എം.എൽ.എ. 14.07.2025 ന് ബഹു. വ്യവസായ വകുപ്പുമന്ത്രിക്ക് നൽകിയിരുന്നതും തുടർനടപടി സ്വീകരിക്കുന്നതിനായി കെ.എസ്.ഐ.ഡി.സിക്ക് കൈമാറുകയും ചെയ്ത കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച 75 സെന്റ് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ

സ്ഥിതി വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

655 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമാണ്; വിശദമാക്കാമോ?

**കേരളത്തിലെ കോളേജുകളിലെ തൊഴിൽ പഠനം**

656 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിൽ പഠനത്തോടൊപ്പം തൊഴിൽ എന്ന സങ്കല്പം വ്യാപകമാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈ ലക്ഷ്യം മുൻനിർത്തി വ്യവസായ പാർക്കുകളോ സ്റ്റാർട്ടപ്പുകളോ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ചവറ മണ്ഡലത്തിലെ നാച്വറൽ ഫൈബർ പാർക്ക്**

657 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ പ്രവർത്തിച്ചു വന്നിരുന്ന നാച്വറൽ ഫൈബർ പാർക്കിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനം ഫലപ്രദമായി പ്രവർത്തിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**വ്യവസായ പദ്ധതികളിൽ പ്രാദേശിക തൊഴിലാളികൾക്ക് തൊഴിൽ**

658 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന വ്യവസായ പദ്ധതികളിൽ പ്രാദേശിക തൊഴിലാളികൾക്ക് പ്രാധാന്യമുള്ള തൊഴിൽ സൃഷ്ടിക്കുന്നതിൽ സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടി**

659 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) കേരളത്തിൽ വ്യവസായം ആരംഭിക്കുന്നവർക്ക് തൊഴിലാളി സമരങ്ങൾ മൂലം വ്യവസായം പൂട്ടേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കേരളത്തിൽ വ്യവസായ നിക്ഷേപം നടത്താൻ താല്പര്യമുള്ള നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ

660 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് പ്രധാന പരിഹാരമാണ് കൂടുതൽ തൊഴിൽ ശക്തിയും കുറഞ്ഞ മൂലധനനിക്ഷേപവും ആവശ്യമായ സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായങ്ങൾ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ മുന്നേറ്റത്തിൽ ഏറ്റവും പ്രധാന പദ്ധതിയായി സംരംഭക വർഷം പദ്ധതി മാറിയിട്ടുണ്ടോ; ഈ പദ്ധതി വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാന വ്യവസായ നയം ലക്ഷ്യമിടുന്ന നൂതന സാങ്കേതികവിദ്യയിലൂന്നിയ മാനുഫാക്ചറിംഗ് സംരംഭങ്ങൾ സംരംഭക വർഷം പദ്ധതിയിലൂടെ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സൂക്ഷ്മ തൊഴിൽ സംരംഭകർക്ക് ഉല്പന്നങ്ങളുടെ വിപണനം, വായ്പ എന്നിവക്ക് സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി എം. എസ്. എം. ഇ. ക്ലിനിക്ക് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ

661 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾക്കായി മുതൽമുടക്കിന് ആനുപാതികമായി നൽകുന്ന സാമ്പത്തിക സഹായത്തിലൂടെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## സംരംഭകവർഷം പദ്ധതി

662 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകവർഷം പദ്ധതി പ്രകാരം 2022-23 വർഷം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പുതുതായി ആരംഭിച്ച തൊഴിൽ യൂണിറ്റുകളുടെ വിശദാംശം നൽകാമോ; ഇപ്രകാരം എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന വിവരം ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട വിവരം

663 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ധനകാര്യ വകുപ്പിന്റെ റിമാർക്ക്സ് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## രാജ്യത്തിന്റെ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം

664 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ കയറ്റുമതിമേഖലയിൽ കേരളത്തിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന വിഹിതം എത്ര ശതമാനം ആയിരുന്നുവെന്നും അതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

## വിജ്ഞാന – ഹൈടെക് വ്യവസായങ്ങളുടെ കേന്ദ്രം

665 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപക സൗഹൃദാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ സമർപ്പിക്കപ്പെട്ട താൽപര്യപത്രങ്ങളുടെ നടപ്പാക്കൽ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അതിലൂടെ കാലതാമസം ഒഴിവാക്കുന്നതിനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിജ്ഞാന വ്യവസായങ്ങളുടെയും ഹൈടെക് വ്യവസായങ്ങളുടെയും കേന്ദ്രമാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് നടപ്പാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നുണ്ടോ; വിശദാംശം നൽകാമോ?

## കാസർഗോഡ് സാരികൾ

666 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പ്രശസ്തമായ കാസർഗോഡ് സാരികളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് സാരികളുടെ ഉല്പാദകർക്ക് എന്തെങ്കിലും തരത്തിലുള്ള ധനസഹായം നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സ്കൂൾ യൂണിഫോം നെയ്ത്ത് തൊഴിലാളികൾ

667 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യൂണിഫോം നെയ്ത്ത് തൊഴിലാളികൾക്ക് കൂലിയിനത്തിൽ കോടികൾ നല്കാനുണ്ടെന്നത് നിലവിലെ സർക്കാർ സഗൗരവം പരിഗണിക്കുമോ; കൂലിയിനത്തിൽ എത്ര തുകയാണ് കുടിശ്ശിക നൽകാൻ ഉള്ളതെന്നത് വ്യക്തമാക്കുമോ; കുടിശ്ശിക കൂലി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്കൂൾ യൂണിഫോം നെയ്യുന്നതിനായി നൂൽ നൽകാത്തതിനാലും രൂപമാറ്റം വരുത്തിയ തറികളിൽ മറ്റൊരു നെയ്ത്തും നടത്താനാവാത്തതിനാലും തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നതു ഗൗരവത്തോടെ കാണുന്നുണ്ടോ; പരിഹാര നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വിവിധ നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് ഹാന്റക്സ് നൽകാനുള്ള കുടിശ്ശിക തുക ഇനം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പാറശ്ശാല, വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനിയിലെ പട്ടയ വിതരണം

668 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ വരുന്ന പാറശ്ശാല ഗ്രാമപഞ്ചായത്തിലെ നെടുവാൻവിള വീവേഴ്സ് കോളനിയിലേയും വെള്ളറട ഗ്രാമപഞ്ചായത്തിലെ വീവേഴ്സ് കോളനിയിലേയും താമസക്കാർക്ക് നാളിതുവരെ പട്ടയം ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയ്ക്ക് പട്ടയം ലഭിക്കുന്നതിന് നിയമതടസ്സമുണ്ടോയെന്നും വ്യവസായ വകുപ്പിന് ഈ ഭൂമിയിൽ ബാധ്യതകൾ നിലവിലുണ്ടോയെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രദേശത്ത് താമസിക്കുന്നവരുടെ കൈവശഭൂമിയ്ക്ക് റവന്യൂ വകുപ്പ് മുഖാന്തിരം പട്ടയം ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ കൈക്കൊള്ളുമോ എന്നത് അറിയിക്കാമോ; വിശദമാക്കുമോ?

**<u>അടച്ചുപൂട്ടിയ ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി</u>**

669 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതും കോവിഡിനെത്തുടർന്ന് അടച്ചുപൂട്ടിയതുമായ അളഗപ്പ ടെക്സ്റ്റൈൽ മിൽ ഇനിയും തുറന്ന് പ്രവർത്തിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും പിന്നീട് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറിയതുമായ ടെക്സ്റ്റൈൽ മില്ലുകൾ പലതും പ്രവർത്തിപ്പിക്കാത്തതുമൂലം പ്രസ്തുത മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും കടുത്ത ജീവിത പ്രയാസത്തിലായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത മില്ലുകളും സ്ഥലവും തിരിച്ചെടുക്കുന്നതിനും പ്രവർത്തന സജ്ജമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പ്രസ്തുത മില്ലുകളുടെ സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടി</u>**

670 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി, കരകൗശലം, മുള, ഈറ തുടങ്ങി വിവിധ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹനം നൽകി നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്റർ</u>**

671 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഇതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി എന്തായെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

**<u>ഖാദി യൂണിറ്റുകളുടെ കെട്ടിടവും സ്ഥലവും ഉപയോഗിക്കുന്നതിന് പദ്ധതി</u>**

672 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം,

കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ മുൻകാലങ്ങളിൽ വിട്ടുകൊടുത്ത സ്ഥലത്ത് ആരംഭിച്ച ഖാദി ബോർഡിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പലതും ഇന്ന് പ്രവർത്തനക്ഷമമല്ലാതെയും കെട്ടിടങ്ങൾ തകർന്നും സ്ഥലങ്ങൾ കാടുകയറിയും ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനോ അനുയോജ്യമായ പുതിയ സംരംഭങ്ങളാക്കി മാറ്റുന്നതിനോ സാധിക്കത്തക്കവിധം വിപുലമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ;

(സി) പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് ചുരുങ്ങിയ തോതിൽ മാത്രം പ്രവർത്തിച്ചു വരുന്ന ഖാദി യൂണിറ്റിന് ആവശ്യമില്ലാത്ത 50 സെന്റോളം വരുന്ന സ്ഥലം പഞ്ചായത്തിന് തിരികെ നൽകുന്നതിനോ പ്രസ്തുത സ്ഥലത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>കയർ വ്യവസായത്തിന് കേന്ദ്രസർക്കാർ നൽകുന്ന സഹായം</u>

673 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിന് നൽകുന്ന കേന്ദ്രസർക്കാർ സഹായം മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനമാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ കുറവ് വന്നതെന്ന് വിശദമാക്കാമോ;

(ബി) കയർ വികാസ് യോജന പദ്ധതിയിലൂടെ 2021 മുതൽ 2025 വരെ സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട തുക ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) 2021 മുതൽ 2025 വരെ പി. എം. ഇ. ജി. പി. പദ്ധതി പ്രകാരം കയർ യൂണിറ്റുകൾക്കായി നീക്കിവെച്ച തുകയുടെ വിശദവിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ?

## <u>കയർ, മത്സ്യവിഭവങ്ങൾ, നാണ്യവിള എന്നിവയുടെ കയറ്റുമതിയിൽ വന്ന പ്രതിസന്ധി</u>

674 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കൻ തീരുവ വർദ്ധനവിൽ കയർ, മത്സ്യവിഭവങ്ങൾ, നാണ്യവിള എന്നിവയുടെ കയറ്റുമതിയിൽ വന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്ന എത്ര സൊസൈറ്റികൾ, ചെറുകിട യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തീരുവ വർദ്ധനവിനുശേഷം എത്ര ഓർഡറുകളാണ് നിരസിച്ചതെന്നും നിർമ്മാണം പൂർത്തിയായ എത്ര ഉൽപ്പന്നങ്ങളാണ് തടഞ്ഞ് വച്ചിരിക്കുന്നതെന്നും വിശദമാക്കാമോ?

## <u>കയർ തൊഴിലാളികളുടെ ക്ഷേമം</u>

675 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിലെടുക്കുന്നവർ എത്ര പേരാണെന്ന് വിശദമാക്കാമോ;

(ബി) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

## കയർ ഉല്പാദനത്തിലെ വൈവിധ്യവൽക്കരണം

676 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ ഉല്പാദനത്തിൽ വൈവിധ്യവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) പരമ്പരാഗത കയർ ഉൽപ്പാദകരെ ആകർഷിക്കുവാൻ ഈ പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കയർ വ്യവസായത്തിലെ ഉൽപാദനം കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ

677 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിലെ ഉൽപാദനം കൂട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) ചകിരി മില്ലുകളുടേയും ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളുടേയും ഓട്ടോമാറ്റിക്ക് ലൂമുകളുടെയും എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ഉൽപാദനം കൂട്ടുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി എന്തൊക്കെ നിർദ്ദേശങ്ങളാണ് മുന്നോട്ടുവെച്ചിട്ടുള്ളത്; വിശദമാക്കാമോ?

## കാഷ്യൂ ബോർഡ് അഴിമതി

678 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് നടത്തുന്ന തോട്ടണ്ടി ഇടപാടുകളിൽ അഴിമതി നടക്കുന്നുവെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഘാനയിൽ നിന്നും പഴകിയതും ഗുണമേന്മ കുറഞ്ഞതുമായ പന്തീരായിരം ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്തതിൽ വൻ അഴിമതി നടന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് തയ്യാറാകുമോയെന്ന് വിശദീകരിക്കാമോ;

(സി) കശുവണ്ടി വികസന കോർപ്പറേഷനിലും കാഷ്യൂ ബോർഡിലും ക്യാപക്സിലും പ്രവർത്തനം സുതാര്യമാക്കുന്നതിനും അഴിമതിരഹിതമാക്കുന്നതിനും കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കശുവണ്ടി തൊഴിലാളികളും ജീവനക്കാരും നേരിടുന്ന പ്രതിസന്ധി

679 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷനിലും ക്യാപക്സിലും ജോലി ചെയ്യുന്ന കശുവണ്ടി തൊഴിലാളികളും ജീവനക്കാരും നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) തൊഴിലാളികൾക്കും ജീവനക്കാർക്കും ന്യായമായ വേതന പരിഷ്കരണത്തിനും ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ക്ഷാമബത്ത പരിഷ്കരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(സി) കശുവണ്ടി മേഖലയിൽ അടച്ചുപൂട്ടിയ ഫാക്ടറികളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായവും ഉത്സവ സഹായവും നൽകുന്നതിനും അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ

680 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പഴശ്ശി സാഗർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പുരോഗതിയും വിശദാംശവും ലഭ്യമാക്കാമോ?

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വൈദ്യുതിക്ഷാമം സംബന്ധിച്ച് നടപടികൾ

681 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് പദ്ധതികളുടെ അടങ്കൽ തുക സഹിതം വിശദമാക്കാമോ; ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതി ക്ഷാമത്തിനാണ് പരിഹാരം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അക്കൗണ്ടുകൾ

682 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ കെഎസ്ഇബി ലിമിറ്റഡിന്റെ അക്കൗണ്ടുകൾ ട്രൂയിംഗ് അപ്പ് ചെയ്യുന്നതിനുള്ള അപേക്ഷയിന്മേലുള്ള കെഎസ്ഇആർസിയുടെ 30.06.2025-ലെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 30.06.2025 ലെ കെ.എസ്.ഇ.ആർ.സി. ഉത്തരവിലെ പട്ടിക 1.1 ഉം പട്ടിക 7.1 ഉം പ്രകാരം താരിഫ് & ബാഹ്യ വിൽപ്പനയിൽ നിന്നുള്ള യഥാർത്ഥ വരുമാനവും ഓഡിറ്റ് ചെയ്ത വരുമാനവും 20441.75 കോടി രൂപയായി കാണിക്കുന്നു. എന്നാൽ പട്ടിക 7.13 കെ.എസ്.ഇ.ബി.എല്ലിന്റെ ട്രൂയിംഗ് അപ്പ് പെറ്റീഷൻ പ്രകാരം താരിഫ് & ബാഹ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനം 19,761.95 കോടി രൂപയാണെന്ന് കുറച്ചു കാണിക്കുകയും കെഎസ്ഇആർസി അത് അംഗീകരിക്കുകയും ചെയ്യുന്നു. യഥാർത്ഥവും ഓഡിറ്റ് ചെയ്തതുമായ വരുമാനത്തേക്കാൾ 679.8 കോടി രൂപ ഇത്തരത്തിൽ കുറവു വരുത്തി കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) താരിഫ് & ബാഹ്യ വിൽപ്പനയിൽ (താരിഫ് & എക്സ്റ്റേണൽ സെയിൽസ്) നിന്നുള്ള വരുമാന നഷ്ടത്തിൽ ഈ തരത്തിലുള്ള വ്യത്യാസം എല്ലാ വർഷവും ആവർത്തിച്ച് സംഭവിക്കുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; ഇത്തരമൊരു സാഹചര്യം ആവർത്തിക്കാതിരിക്കാൻ എന്തു നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കെ.എസ്.ഇ.ബി.എൽ. ഇത്തരത്തിൽ ഉണ്ടാക്കിയ നഷ്ടങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് വിശദമായി പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ദേവികുളം മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

683 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വൈദ്യുത നിർമ്മാണ പ്രവർത്തനങ്ങൾ

684 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ പ്രൊപ്പോസ് ചെയ്തിട്ടുള്ള അമ്പലത്തറ - ബേളൂർ നിർദ്ദിഷ്ട 33 കെവി ലൈൻ പ്രവൃത്തി എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കാമോ;

(ബി) മൈലാട്ടി - വിദ്യാനഗർ മൾട്ടി വോൾട്ടേജ് മൾട്ടി സർക്യൂട്ട് ലൈനിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

685 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## കിഫ്ബി ധനസഹായം ഉപയോഗിച്ച് നടപ്പാക്കുന്ന വൈദ്യുത പദ്ധതി

686 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായം ഉപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കപ്പെടുന്ന വൈദ്യുതി പദ്ധതികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; 2025-ൽ പൂർത്തിയായതും നടപ്പിലാവുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ചെറായി-ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ നിർമ്മാണ പ്രവൃത്തി

687 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ചെറായി- ഞാറക്കൽ 110 കെ.വി. ഡി.സി. ലൈൻ (14.1 കി.മീ.) നിർമ്മാണ പ്രവൃത്തിയുടേയും ഞാറക്കൽ 66 കെ.വി. സബ്സ്റ്റേഷന്റെ ശേഷി 110 കെ.വി. ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ കാലാവധി എന്നുവരെ ആണെന്നും കരാർ ഏറ്റെടുത്തിട്ടുള്ളതാരാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## മലപ്പുറം പാക്കേജിലെ ടെണ്ടർ നടപടികൾ

688 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വോൾട്ടേജ് കുറവ് ഉൾപ്പെടെയുള്ള വൈദ്യുതി വിതരണ രംഗത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മലപ്പുറം സ്പെഷ്യൽ പാക്കേജ് എന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഓരോ വർഷവും നടപ്പിലാക്കാനായി ഉദ്ദേശിച്ച് ടെൻഡർ ചെയ്ത ഏതെല്ലാം പ്രവൃത്തികളാണ് ഉണ്ടായിരുന്നതെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഏതെല്ലാം തീയതികളിൽ ടെണ്ടർ വിളിച്ചുവെന്നും പ്രസ്തുത ടെണ്ടർ ഉറപ്പിച്ച് പ്രവൃത്തി തുടങ്ങുന്നതിന് ഉണ്ടായ തടസ്സം എന്താണെന്നും ആ തടസ്സം തീർക്കേണ്ടത് ആരാണെന്നും വ്യക്തമാക്കുമോ;

(സി) ടെണ്ടർ നടപടി അനന്തമായി നീണ്ടു പോകുന്നതിനു കാരണം കണ്ടെത്തിയിട്ടുണ്ടോ; ഈ പദ്ധതി നടപ്പിൽ വരാതിരിക്കാൻ ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും അലംഭാവം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം പാക്കേജ് വൈകുന്നത് സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നോ ജില്ലാ വികസന സമിതിയിൽ നിന്നോ മറ്റോ എന്തെങ്കിലും പരാതികൾ സർക്കാറിനോ

വകുപ്പ് മന്ത്രിക്കോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. മന്ത്രിയുടെ അധ്യക്ഷതയിൽ എം.എൽ.എ.മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ഉന്നതതല യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ?

## ആലപ്പുഴ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

689 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം, പദ്ധതിക്ക് ചെലവഴിച്ച തുക എന്നിങ്ങനെ പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

690 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ വൈപ്പിൻ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## കെ.എസ്.ഇ.ബി. യുടെ ലാഭ-നഷ്ട കണക്ക്

691 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലാഭം അല്ലെങ്കിൽ നഷ്ടം എത്രയാണ് എന്നതിന്റെ വിശദാംശം നൽകാമോ;

(ബി) ജീവനക്കാരുടെ ഭീമമായ ശമ്പളവും കെ.എസ്.ഇ.ബി. യുടെ തലപ്പത്തുള്ളവരുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തന രീതികളും ആസൂത്രണത്തിലെ പിഴവുകളും മൂലമാണ് പ്രതിവർഷ നഷ്ടം കൂടിവരുന്നതെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രാജ്യത്ത് പുരപ്പുറ സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ, പ്രസ്തുത പദ്ധതികൾ കാരണം കെ.എസ്.ഇ.ബി. യ്ക്ക് വൻനഷ്ടമുണ്ടായെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

## വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

692 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പ് മുഖേന കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) കയ്പമംഗലം മണ്ഡലത്തിലെ എത്ര വീടുകൾക്ക് സോളാർ പദ്ധതി മുഖേന പ്രയോജനം ലഭിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ;

(സി) കയ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്തെ വീടുകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പദ്ധതികൾ

693 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെ.എസ്.ഇ.ബി. നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## വൈദ്യുതി ചാർജ്ജ് വർദ്ധന

694 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി; ഏതെല്ലാം ഘട്ടത്തിൽ എത്ര ശതമാനം വീതം ചാർജ്ജ് വർദ്ധനവ് വരുത്തുകയുണ്ടായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ബോർഡ് ചാർജ്ജ് വർദ്ധന ആവശ്യം ഉന്നയിച്ചുകൊണ്ട് ഏറ്റവും ഒടുവിൽ റഗുലേറ്ററി കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് യൂണിറ്റിന് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുത രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ കേരളത്തിൽ ഇനിയും എത്ര മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉൽപാദിപ്പിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ?

## ചാർജ്ജിംഗ് സ്റ്റേഷനുകൾ

695 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിൽ സ്ഥാപിച്ച ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷനുകളുടെ (സെന്ററുകൾ) വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവിടെ സ്ഥാപിച്ച എല്ലാ സ്റ്റേഷനുകളും സുഗമമായി പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദമാക്കാമോ?

## ആശ്രിത നിയമനങ്ങൾ

696 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 2016-ന് ശേഷം എത്ര ആശ്രിത നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇവരുടെ പേരും തസ്തികയും നിയമനം നടത്തിയ തീയതിയും വ്യക്തമാക്കാമോ;

(ബി) ഓരോ സ്ഥാപനത്തിലെയും ആശ്രിത നിയമനവ്യവസ്ഥകൾ എപ്രകാരമാണെന്നും ഈ നിയമങ്ങൾ പാലിച്ചാണോ അതാത് സ്ഥാപനങ്ങൾ നിയമനം നടത്തിയതെന്നും നിയമനവ്യവസ്ഥകൾ പാലിക്കാത്ത ഏതെങ്കിലും സ്ഥാപനം നിലവിലുണ്ടോയെന്നും അറിയിക്കുമോ; ഇത്തരം ആശ്രിത നിയമനത്തിന്മേൽ പ്രസ്തുത സ്ഥാപനവും സർക്കാരും എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കോടതിവിധി പ്രകാരം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ; ആശ്രിത നിയമനത്തിന് സർക്കാർ തലത്തിലുള്ള നിയമനവ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) കെ.എസ്.ഇ.ബി-യിൽ ആശ്രിത നിയമനം നടത്തുന്നതിന് 2024-ന് ശേഷം മന്ത്രി തലത്തിൽ എടുത്ത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

697 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ചാത്തന്നൂർ മണ്ഡലത്തിലെ വൈദ്യുതി പ്രസരണ വിതരണ രംഗത്തും വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റ് മേഖലകളിലും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഓരോ വികസന പ്രവർത്തനങ്ങൾക്കും ചെലവായ തുക എത്രയെന്നും വിശദമാക്കാമോ?

## കാഞ്ഞിരപ്പുഴ സബ്സ്റ്റേഷൻ നിർമ്മാണം

698 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴയിൽ കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷൻ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ

699 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ വ്യാവസായിക വളർച്ചയ്ക്ക് വൈദ്യുതി പ്രശ്നങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ വൈദ്യുതി വിതരണത്തിലെ അപര്യാപ്തതയെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) 33 കെവി സബ്സ്റ്റേഷനിൽ നിന്ന് പരമാവധി എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വൻ നിക്ഷേപം നടത്തുന്ന കമ്പനികൾക്ക് ഇത് മതിയാകുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ എത്ര സബ്സ്റ്റേഷനുകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പുതുതായി എത്ര സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ആലോചനയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) വ്യവസായ എസ്റ്റേറ്റുകളിൽ വൈദ്യുതി ആവശ്യം കൂടിയിട്ടും വിതരണം പഴയ അവസ്ഥയിൽ തുടരുകയാണെന്ന പരാതിക്ക് എന്ത് പരിഹാരമാർഗ്ഗമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയുടെ ചെറുതും വലുതുമായ വൈദ്യുതി പ്രശ്നങ്ങൾ പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും ഒരു വിദഗ്ധസമിതിയെ നിയോഗിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ</u>

700 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020 എപ്പോൾ കാലഹരണപ്പെടുമെന്ന് വ്യക്തമാക്കാമോ; കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കരട് റെഗുലേഷൻ പുറപ്പെടുവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പുതിയ പുനരുപയോഗ ഊർജ്ജ റെഗുലേഷൻ എപ്പോഴാണ് പ്രാബല്യത്തിൽ വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ആർ.സി. പക്ഷപാതപരമായ കരട് റെഗുലേഷൻ പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കരട് റെഗുലേഷൻ സംസ്ഥാനത്തെ പുതിയതും നിലവിലുള്ളതുമായ സോളാർ ഇൻസ്റ്റലേഷനുകളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) കരട് റെഗുലേഷൻ സംസ്ഥാനത്തെ നിലവിലുള്ള സോളാർ ഇൻസ്റ്റാളേഷനുകളുടെ ബാങ്കിങ് ഫെസിലിറ്റി, നോർമലൈസേഷൻ ഫാക്ടർ (നോർമൽ അവേഴ്സ്, പീക്ക് അവേഴ്സ്, നോൺ-പീക്ക് അവേഴ്സ് ) എന്നിവയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ കരട് റെഗുലേഷൻ സംസ്ഥാനത്തെ സോളാർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെയും സോളാർ വ്യാപാരത്തെയും സർക്കാരിനുള്ള നികുതി വരുമാനത്തെയും ബാധിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) കരട് റെഗുലേഷന്റെ വാദം കേൾക്കുന്ന സമയം 99.99% സ്റ്റോക്ക്ഹോൾഡേഴ്സും കരട് റെഗുലേഷനെ എതിർത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിലവിലെ കരട് നിയമമാകുമ്പോൾ വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ എൻ.എസ്.ക്യു.എഫ്. അംഗീകൃത കോഴ്സ് ആയ സോളാർ & എൽ.ഇ.ഡി.

ടെക്നീഷ്യൻ പോലെയുള്ള സോളാർ അധിഷ്ഠിത കോഴ്സുകൾ പഠിച്ച് ഇറങ്ങുന്ന വിദ്യാർത്ഥികളുടെ ജോലിസാധ്യതയെ സാരമായി ബാധിക്കുമെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്ക് മറ്റ് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കുമോയെന്ന് അറിയിക്കുമോ?

## തിരുവനന്തപുരം ജില്ലയിലെ ജലവൈദ്യുതപദ്ധതികൾ

701 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചെറുകിട ജലവൈദ്യുതപദ്ധതികളുടെ വിവരങ്ങൾ, കഴിഞ്ഞ ഒരു വർഷത്തെ അവയുടെ ശരാശരി ഊർജ്ജ ഉൽപ്പാദനം, കമ്മീഷൻ ചെയ്ത വർഷം തുടങ്ങിയ വിവരങ്ങൾ തരംതിരിച്ച് നൽകാമോ?

## കെ.എസ്.ഇ.ബി.എൽ. ഓൺലൈൻ വിവരാവകാശ പോർട്ടൽ

702 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവരാവകാശ അപേക്ഷ സമർപ്പിക്കാൻ ഓൺലൈൻ പോർട്ടൽ സംവിധാനങ്ങൾ ഉണ്ടെങ്കിലും പൊതു ജനങ്ങൾ ആശ്രയിക്കു ന്ന കെ.എസ്.ഇ.ബി.എൽ. -ൽ ഇനിയും വിവരാവകാശ ഓൺലൈൻ പോർട്ടൽ തുടങ്ങാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി.എൽ.- ലേക്ക് വിവരാവകാശ അപേക്ഷ സമർപ്പിക്കുന്നവർക്ക് ഓൺലൈൻ ആയി പണമടക്കാനുള്ള നിലവിലെ സംവിധാനം സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) മൂന്ന് മാസത്തിനകം ആർ.ടി.ഐ. ഓൺലൈൻ പോർട്ടൽ ആരംഭിക്കണമെന്ന ബഹു: സുപ്രീം കോടതിയുടെ 29.03.23-ലെ wp(c)no.1040/2019 നമ്പർ വിധി നിലനിൽക്കെ കെ.എസ്.ഇ.ബി.എൽ.- ൽ ആയത് നടപ്പാക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

## കാർഷിക മേഖലയിലെ വൈദ്യുതി കണക്ഷനുകൾ

703 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് നൽകുന്ന വൈദ്യുതി കണക്ഷനുകൾ തടസ്സങ്ങളില്ലാതെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തെ നെൽകൃഷി പരിപോഷിപ്പിക്കാനും നിലനിർത്താനും പാടശേഖരങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എറണാകുളം ജില്ലയിലെ പാടശേഖര സമിതികളിൽ നിലവിൽ വൈദ്യുതി ലഭ്യമല്ലാത്ത സമിതികൾക്ക് കണക്ഷൻ നൽകുന്നതിന് നടപടികൾ

സ്വീകരിക്കുമോ?

## വെഹിക്കിൾ ടു ഗ്രിഡ് പദ്ധതി

704 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ പകൽ ചാർജ് ചെയ്ത വൈദ്യുതി രാത്രി ഗാർഹിക ആവശ്യങ്ങൾക്കും ഗ്രിഡിലേക്കും കൈമാറുന്ന സാങ്കേതികവിദ്യ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വെഹിക്കിൾ ടു ഗ്രിഡ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ ആവശ്യമായി വരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സാങ്കേതികവിദ്യയുടെ സാധ്യത വിലയിരുത്തുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കെ. എസ്. ഇ. ബി. നടത്തിവരുന്ന വാഹന ചാർജിംഗ് സ്റ്റേഷനുകൾ മാറുന്ന സാങ്കേതികവിദ്യകൾക്ക് അനുസൃതമായി നവീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## സ്മാർട്ട് സെക്ഷൻ പദ്ധതി

705 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ രണ്ട് പ്രധാന വൈദ്യുതി സെക്ഷനുകളായ ഈരാറ്റുപേട്ട, പാലാ എന്നീ സെക്ഷനുകളെ സ്മാർട്ട് സെക്ഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സ്മോൾ മോഡ്യുലർ റിയാക്ടർ – ബോധവൽക്കരണം

706 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി ആവശ്യകത നിറവേറ്റാൻ സ്മോൾ മോഡ്യുലർ റിയാക്ടറുകൾ (എസ്. എം. ആർ.) സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ മാർഗമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) സാധാരണ ആണവനിലയങ്ങളെ അപേക്ഷിച്ച് സ്മോൾ മോഡ്യുലർ റിയാക്ടറുകൾക്കുള്ള അധിക സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) തോറിയം അധിഷ്ഠിത ആണവനിലയം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും സാങ്കേതിക വെല്ലുവിളികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ആണവനിലയങ്ങൾ സ്ഥാപിക്കുമ്പോൾ ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകൾ മൂലം ഉണ്ടാകുന്ന പ്രതിഷേധങ്ങൾ എങ്ങനെ ശമിപ്പിക്കാമെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ ജലവൈദ്യുതി, കാറ്റാടി, സൗരോർജം തുടങ്ങിയ പരമ്പരേൃതര ഊർജസ്രോതസ്സുകൾ മതിയായ പരിഹാരമാകില്ലെന്ന് പറയുന്നത്

എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) സ്മോൾ മോഡ്യുലർ റിയാക്ടറുകൾ സ്ഥാപിക്കുന്നത് കേരളത്തിന്റെ വൈദ്യുതി സ്വയംപര്യാപ്തതയ്ക്കും സാമ്പത്തിക വളർച്ചയ്ക്കും എങ്ങനെ സഹായകരമാകും എന്ന് വിശദമാക്കാമോ;

(ജി) ആണവനിലയങ്ങളെക്കുറിച്ചുള്ള തെറ്റിദ്ധാരണകളും ഭയങ്ങളും ജനങ്ങളിൽ നിന്ന് മാറ്റാൻ സർക്കാരും കെ.എസ്. ഇ. ബി.യും സ്വീകരിക്കേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## വയനാട്-കാസർഗോഡ് പവർഹൈവേ പദ്ധതി

707 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കേ മലബാറിലെ വൈദ്യുതി വിതരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുതകുന്ന വയനാട്-കാസർഗോഡ് പവർഹൈവേ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) ടി പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

708 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയതും, നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും ഇതിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വൈദ്യുതി വകുപ്പ് മുഖാന്തരം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

709 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതു വരെ പട്ടാമ്പി മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് വൈദ്യുതി വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ് / ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ

വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ</u>**

710 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ജലവൈദ്യുത പദ്ധതി</u>**

711 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>ചാത്തങ്ങോട്ടുനട ജലവൈദ്യുത പദ്ധതി</u>**

712 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചാത്തങ്ങോട്ടുനട ജലവൈദ്യുത പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശകലനം ലഭ്യമാക്കാമോ?

**<u>പി. എം. കുസും പദ്ധതി</u>**

713 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് സൗരോർജ പമ്പുകൾ നൽകാനുള്ള പി. എം. കുസും (പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്തൻ മഹാഭിയാൻ) പദ്ധതിയുമായി ബന്ധപ്പെട്ട റീടെണ്ടറിൽ കേന്ദ്ര സർക്കാർ നിർദേശിച്ച ബെഞ്ച് മാർക്ക് തുകയേക്കാൾ ഇരട്ടിയിലേറെ തുകയാണ് കമ്പനികൾ ക്വോട്ട് ചെയ്തത് എന്നത് വസ്തുതയാണോ; എങ്കിൽ ഇപ്രകാരം അധികരിച്ച തുകയ്ക്ക് കരാർ നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) പ്രസ്തുത ടെൻഡർ തുറന്ന ശേഷം മാറ്റങ്ങൾ വരുത്താൻ ഒരു കമ്പനിക്ക് അനുമതി നൽകി എന്നത് വസ്തുതയാണോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ടെക്നിക്കൽ ഗ്രേഡിങ്ങിൽ പുറത്തായ കമ്പനികൾക്കുവരെ കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വിശദമാക്കാമോ?

**ആർ. ഡി. എസ്. എസ് .വിതരണ ശൃംഖല നവീകരണ പദ്ധതി**

714 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ഡി. എസ്. എസ്. വിതരണ ശൃംഖല നവീകരണ പദ്ധതിയിലേക്ക് പുനലൂർ മണ്ഡലത്തിൽ നിന്നും പ്രസരണ/വിതരണ വിഭാഗത്തിന് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പദ്ധതിയിലുൾപ്പെടുത്തിയ 11 കെ.വി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി ഏതൊക്കെ സെക്ഷനുകളുടെ പരിധിയിൽ ഏതൊക്കെ പ്രദേശത്ത് ആണ് അനുവദിച്ചിരിയ്ക്കുന്നതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും അറിയിക്കുമോ;

(സി) അച്ചൻകോവിൽ പ്രദേശത്തെ വൈദ്യുതി തടസ്സം പരിഹരിയ്ക്കുന്നതിനായി, അരുവാപ്പുലം പഞ്ചായത്തിലെ ആവണിപ്പാറ വഴി പുതിയ വൈദ്യുതി ലൈൻ സ്ഥാപിയ്ക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; ആയതിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രൊപോസലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**പി. എം. കുസും പദ്ധതി**

715 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് സൗരോർജ പമ്പുകൾ നൽകാനുള്ള കേന്ദ്ര പദ്ധതിയായ പി. എം. കുസും പദ്ധതിയിൽ ആദ്യ ടെൻഡർ പ്രകാരം യോഗ്യരായ ആറ് കമ്പനികളെ പങ്കെടുപ്പിച്ച് ഡിസംബർ 6-ന് അനെർട്ട് സി.ഇ.ഒ. ഓൺലൈൻ മീറ്റിംഗ് സംഘടിപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത മീറ്റിംഗിൽ ടെൻഡർ ക്യാൻസൽ ചെയ്ത് റീ-ടെൻഡർ ചെയ്യാൻ തീരുമാനിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(സി) ആദ്യ ടെൻഡറിനെക്കാൾ അധികരിച്ച തുകയ്ക്കാണോ റീ-ടെൻഡർ ചെയ്ത് കരാർ നൽകിയതെന്ന് വ്യക്തമാക്കാമോ; അപ്രകാരം അധികരിച്ച തുകയ്ക്ക് ടെൻഡർ നൽകിയതിന്റെ കാരണം വിശദമാക്കാമോ?

**പി.എം. കുസും പദ്ധതിയിലെ അഴിമതി ആരോപണം അന്വേഷിക്കാൻ നടപടി**

716 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം. കുസും (പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്ഥാൻ മഹാഭിയാൻ) പദ്ധതിയിൽ വലിയ തോതിലുള്ള ക്രമക്കേടുകൾ നടന്നു എന്ന ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൃഷി ആവശ്യത്തിനുള്ള ജലസേചന പമ്പുകൾ സൗരോർജത്തിലേക്കു മാറ്റാനുള്ള കേന്ദ്രപദ്ധതിയായ പി.എം. കുസുമിന്റെ ടെൻഡർ നടപടികൾ സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പി.എം. കുസും(പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉത്ഥാൻ മഹാഭിയാൻ) പദ്ധതിയിലെ അഴിമതി സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിന്മേൽ വിജിലൻസ് അന്വേഷണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇടുക്കി രണ്ടാം ജലവൈദ്യുതി നിലയം

717 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി രണ്ടാമത്തെ ജലവൈദ്യുത നിലയം സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന വൈദ്യുതി ഉൽപ്പാദനം എത്രയാണ്; വിശദാംശം നൽകാമോ?

## ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

718 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നത് അനന്തമായി നീട്ടികൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തടസ്സങ്ങൾ നീക്കി ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

## സ്മാർട്ട് സെക്ഷൻ പദ്ധതിയുടെ പാലാ നിയോജക മണ്ഡലത്തിലെ സ്ഥിതി

719 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടക്കമില്ലാതെ വൈദ്യുതി ലഭ്യമാക്കി പരമാവധി ഉപഭോക്താക്കളുടെ പരാതികൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന 'സ്മാർട്ട് സെക്ഷൻ പദ്ധതി'യുടെ പാലാ നിയോജക മണ്ഡലത്തിലെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പാലാ നിയോജക മണ്ഡലത്തിൽ ഒരു ഫീഡറിൽ വൈദ്യുതി മുടങ്ങിയാൽ ഒരു പ്രദേശമാകെ വൈദ്യുതി തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഈ പദ്ധതി പ്രകാരം നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മലപ്പുറം പാക്കേജിന്റെ നിലവിലെ പുരോഗതി

720 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച 'മലപ്പുറം പാക്കേജി'ന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല-ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) 2024-'25 സാമ്പത്തിക വർഷത്തെ 165.26 കോടി രൂപയുടെ പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ടോ; 2025-'26 സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ?

## പൊതുനിരത്തുകളിലെ വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകളുടെ സ്ഥാപനം

721 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊതുനിരത്തുകളിലും നിയോജകമണ്ഡലങ്ങളിലുമായി വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; കൂടുതൽ സ്ഥലങ്ങളിലേക്ക് ചാർജിംഗ് സ്റ്റേഷനുകൾ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) അനെർട്ട് മുഖേന പൊതുനിരത്തുകളിൽ സ്ഥാപിച്ച ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളെയും EZ4EV മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള സേവനങ്ങളെയും കുറിച്ച് വിശദീകരിക്കുമോ; പി. എം. ഇ-ഡ്രൈവ്-ലെ അപ് സ്കീം ഇൻഫ്രാസ്ട്രക്ചർ സബ്സിഡി പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിൽ നാമകരണം ചെയ്യുന്ന നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അപേക്ഷാ പ്രക്രിയയും സമയക്രമവും എന്താണെന്ന് വിശദമാക്കുമോ;

(സി) ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നടപ്പാക്കിയ പൊതു സ്വകാര്യ പങ്കാളിത്ത മാതൃക പോലെ ദേശീയപാതകൾ, നഗര പാർക്കിംഗ്, ബസ്സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ തുടങ്ങിയവയിൽ ഏത് ലൊക്കേഷനുകൾക്ക് മുൻഗണന നൽകുമെന്ന് വിശദമാക്കുമോ; ഓരോ ജില്ലയിലും 50–60 kW- ന് മുകളിലുള്ള DC ഫാസ്റ്റ് ചാർജർ സ്റ്റേഷനുകൾ എത്രയെണ്ണമാണ് സ്ഥാപിക്കുന്നത്; ഈ സ്റ്റേഷനുകളിൽ ചാർജിംഗ് നടത്തുന്നതിനായി വിവിധ സമയങ്ങളിൽ വ്യത്യസ്ത നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ സ്വകാര്യ ഇലക്ട്രിക് വാഹന ചാർജിംഗ് ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ടോ; ടി ഹബ്ബുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കുമോ?

## പി. എം. കുസും പദ്ധതി

722 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് സൗരോർജ പമ്പുകൾ നൽകാനുള്ള പി. എം. കുസും (പ്രധാനമന്ത്രി കിസാൻ ഉർജ സുരക്ഷ ഏവം ഉത്ഥാൻ മഹാഭിയാൻ) കേന്ദ്ര പദ്ധതിയുടെ നോട്ട് ഫയൽ ലഭ്യമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്. പ്രകാരം ലഭ്യമാകേണ്ട തുക

723 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ റീവാംപ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) പ്രകാരം കെ.എസ്.ഇ.ബി.-ക്ക് 2021 മുതൽ നാളിതുവരെ അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.-ക്ക് 2021 മുതൽ നാളിതുവരെ അനുവദിക്കപ്പെട്ടിട്ടുള്ള തുകയിൽ എത്ര ചെലവഴിച്ചു എന്നും ചെലവഴിച്ചത് എന്തിനുവേണ്ടിയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.-ക്ക് 2021 മുതൽ തുക അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഉപാധികൾ എന്തെല്ലാമാണെന്നും പ്രസ്തുത ഉപാധികളിൽ നടപ്പിലാക്കിയവയും നടപ്പിലാക്കാത്തവയും പ്രത്യേകം അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഉപാധികളിൽ നടപ്പിലാക്കാൻ സാധിക്കില്ല എന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുള്ളവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## കടമ്പഴിപ്പുറത്ത് ഒരു പുതിയ 33 KV സബ്സ്റ്റേഷൻ നിർമ്മാണം

724 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് ഒരു പുതിയ 33 KV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള 0.0967 ഹെക്ടർ ഭൂമി പാട്ടത്തിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണുള്ളതെന്നും എന്ന് മുതലാണെന്നും വ്യക്താമാക്കുമോ ;

(ബി) സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## വണ്ടൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

725 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസം മുതൽ നാളിതു വരെ വണ്ടൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

**<u>വൈദ്യുതി പ്രസരണ ലൈൻ</u>**

726 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന വൈദ്യുതി ലൈനിന്റെ ആകെ നീളം എത്രയാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന അലൂമിനിയം വൈദ്യുതി ലൈനിന്റെ നീളം, എ.ബി.സി കേബിളുകളുടെ നീളം, വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന മറ്റു വസ്തുക്കളുടെ നീളം എന്നിവ എത്രയാണ് എന്ന് പ്രത്യേകം അറിയിക്കാമോ;

(സി) വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന നിലവിലെ വൈദ്യുതി ലൈൻ പൂർണ്ണമായും എ.ബി.സി കേബിളുകൾ ആക്കുന്നതിനുള്ള ചെലവ് എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ വൈദ്യുതി പ്രസരണത്തിന് ഉപയോഗിക്കുന്ന അലൂമിനിയത്തിലുള്ള വൈദ്യുതി കമ്പികളുടെ ഭാരം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ;

(ഇ) 2021 മുതൽ നാളിതുവരെ പ്രതിവർഷം വൈദ്യുത കമ്പികളിലേക്ക് വളരുന്ന മരങ്ങളും ചില്ലകളും നീക്കം ചെയ്യുന്നതിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മലപ്പുറം മണ്ഡലത്തിലെ ചാർജിംഗ് സ്റ്റേഷനുകൾ</u>**

727 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ എത്ര ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ട്; എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ ചാർജിങ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) ഇലക്ട്രിക് വാഹനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മണ്ഡലത്തിലെ കൂടുതൽ കേന്ദ്രങ്ങളിൽ ചാർജിംഗ് പോയിന്റുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ പുതിയ ട്രാൻസ്ഫോർമറുകളുടെ നിർമ്മാണം</u>**

728 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ, പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## വൈദ്യുതി ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ്

729 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അധിക ഊർജ്ജ ആവശ്യകത മുന്നിൽ കണ്ട് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ തീരപ്രദേശത്തുള്ള മണലിൽ നിന്നും വേർതിരിച്ചെടുക്കുന്ന തോറിയം ഉപയോഗപ്പെടുത്തിക്കൊണ്ട് കുറഞ്ഞ ചെലവിലുള്ള വൈദ്യുതി ഉല്പാദന സാധ്യത പരിശോധിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

## നിലമ്പൂരിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ബദൽ മാർഗ്ഗം

730 **ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി തടസ്സം നേരിടുന്ന മലയോര മേഖലയായ നിലമ്പൂരിലേക്ക് അരീക്കോട് 220 കെ.വി. സബ് സ്റ്റേഷനിൽ നിന്നുള്ള സിംഗിൾ സർക്യൂട്ട് ലൈൻ മാത്രം നിലവിലുള്ള സാഹചര്യത്തിൽ പ്രസ്തുത സർക്യൂട്ട് ലൈനിന് തകരാർ സംഭവിച്ചാൽ എന്തെങ്കിലും ബദൽ മാർഗ്ഗം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ആർ.ഡി.എസ്.എസ്. സ്കീമിൽ ഉൾപ്പെടുത്തി എളങ്കൂർ 220 കെ.വി. സബ് സ്റ്റേഷനിൽ നിന്ന് യു.ജി. കേബിൾ വഴി ബദൽ ലൈൻ കൊണ്ടുവരുന്നത് സാധ്യമാകുമോയെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവ്

731 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടസ്സങ്ങളില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി വൈദ്യുതി ഉല്പാദനത്തിൽ വർദ്ധനവ് വരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വൈദ്യുതി സ്ഥാപിത ശേഷിയിൽ ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഡെപ്പോസിറ്റ് തുക സംബന്ധിച്ച സ്ലാബ്

732 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണക്ടഡ് ലോഡിന് ആനുപാതികമായി കെ. എസ്. ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്യേണ്ട തുക സംബന്ധിച്ച് സ്ലാബ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഡെപ്പോസിറ്റ് തുക അധികമായി കെട്ടിവയ്ക്കുന്നത് സംബന്ധിച്ച് നോട്ടീസ് നൽകുകയോ ബില്ല് നൽകുകയോ ചെയ്യാത്ത സന്ദർഭങ്ങളിൽ ഫൈനായി അധിക തുക ഈടാക്കാൻ വ്യവസ്ഥയുണ്ടോയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## പനങ്ങാട് ഗ്രാമപഞ്ചായത്തിലെ മണിച്ചേരി ആദിവാസി നഗറുകളിലെ വൈദ്യുതി കണക്ഷൻ

733 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പനങ്ങാട് ഗ്രാമപഞ്ചായത്തിലെ മണിച്ചേരി ആദിവാസി നഗറുകളിൽ നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങൾക്കാണ് കണക്ഷൻ നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

## അനന്തപുരം വ്യവസായ പാർക്കിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

734 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് അനന്തപുരം വ്യവസായ പാർക്കിലെ വോൾട്ടേജ് ക്ഷാമം മൂലം വ്യവസായ സ്ഥാപനങ്ങൾ വേനൽ കാലത്ത് വലിയ പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അനന്തപുരം വ്യവസായ പാർക്കിലുണ്ടാവുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## പാലാ നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

735 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജക മണ്ഡലത്തിലെ രാമപുരം, കൊണ്ടാട് പ്രദേശവാസികൾ വോൾട്ടേജ് ക്ഷാമം മൂലമുള്ള ബുദ്ധിമുട്ടനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വോൾട്ടേജ് ക്ഷാമം അടിയന്തരമായി പരിഹരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് മാറ്റാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സോളാർ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

736 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലും സ്ഥാപനങ്ങളിലും സൗരോർജം ഉല്പാദിപ്പിക്കുന്നതിന് നടപ്പിലാക്കിയ പുരപ്പുറ സോളാർ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പുരപ്പുറ സോളാർ പദ്ധതി മുഖേന ഓൺ ഗ്രിഡ് ആയി കണക്ഷൻ എടുത്തവരുടെ നിലവിലെ ബില്ലിംഗ് രീതി എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ; ആയത് മാറ്റി പ്രസ്തുത പദ്ധതിയിൽ ചേർന്നവർക്ക് ഒരു പ്രയോജനവും ലഭിക്കാത്ത ഗ്രോസ്സ് ബില്ലിംഗ് സംവിധാനം നടപ്പിലാക്കാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യുടെ ഇത്തരത്തിലുള്ള നടപടികൾ മൂലം ജനങ്ങൾ പാരമ്പര്യേതര ഊർജസ്രോതസ്സുകളെ പ്രത്യേകിച്ച് പുരപ്പുറ സോളാർ പദ്ധതിയെ ആശ്രയിക്കുന്നതിന് മുന്നോട്ട് വരില്ല എന്നതിനാൽ ഇത്തരം പ്രതിലോമകരമായ ശിപാർശകളും നടപടികളും പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അപേക്ഷകർ പുരപ്പുറ സോളാർ/സൂര്യ ഘർ പദ്ധതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്; അതിൽ എത്ര പേർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

## <u>പിഎം കുസും പദ്ധതി ടെൻഡർ</u>

737 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് സൗരോർജ പമ്പുകൾ നൽകാനുള്ള കേന്ദ്ര പദ്ധതിയായ പി. എം. - കുസും (പ്രധാൻ മന്ത്രി കിസാൻ ഊർജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ) പദ്ധതിയുടെ ആദ്യ ടെൻഡർ റദ്ദാക്കിയിരുന്നോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ച ബെഞ്ച് മാർക്ക് നിരക്കിൽ നിന്ന് അധികം വ്യത്യാസമില്ലാതെ നിരക്ക് സമർപ്പിച്ച കമ്പനിയെ നീക്കം ചെയ്ത് വീണ്ടും ബിഡ്

നടത്താൻ തീരുമാനിച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

**<u>സോളാർ പ്ലാന്റുകളിൽ നിന്ന് ലഭിക്കുന്ന അധിക വൈദ്യുതി പ്രയോജനപ്പെടുത്താൻ നടപടി</u>**

738 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പ്ലാന്റുകളിൽ നിന്ന് അധികമായി വൈദ്യുതി ലഭിക്കുന്ന പകൽ സമയങ്ങളിൽ വൈദ്യുതി ബോർഡിന്റെ പരമ്പരാഗത വൈദ്യുതി പദ്ധതികളിൽ നിന്നുള്ള വൈദ്യുതോല്പാദനം കുറയ്ക്കുകയും സോളാർ വൈദ്യുതി ലഭ്യമല്ലാത്ത അവസരത്തിൽ മാത്രം അത്തരം സ്രോതസ്സുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉപഭോഗം കുറവുള്ള പകൽ സമയങ്ങളിൽ പരമ്പരാഗത സ്രോതസ്സുകളിൽ നിന്നും സോളാർ പ്ലാന്റുകളിൽ നിന്നും ഒരേ സമയം വൈദ്യുതി ഉല്പാദനം നടത്തുന്നതിലൂടെ ലൈനുകളിൽ അമിത ലോഡ് സൃഷ്ടിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി ത്വരിതപ്പെടുത്താമോ; വിശദീകരിക്കാമോ?

**<u>പുനഃരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം</u>**

739 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് കെ. എസ്. ഇ. ബി. നൽകി വരുന്നത്;

(ബി) പുരപ്പുറ സൗരോർജ ഉല്പാദകർ ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിക്ക് വാങ്ങൽ വിലയായി യൂണിറ്റ് ഒന്നിന് നിശ്ചയിച്ചിട്ടുള്ള 4.36 രൂപ നിരക്കിൽ നൽകാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) നിശ്ചിത നിരക്കിൽ ഉല്പാദകർക്ക് വാങ്ങൽ വില നൽകാത്തത് കേന്ദ്ര നിയമത്തിലെ ചട്ടങ്ങൾക്കും റഗുലേറ്ററി കമ്മീഷൻ നിർദേശങ്ങൾക്കും അനുസൃതമല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പുനഃരുപയോഗ സ്രോതസ്സുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ മീറ്ററിംഗ് പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് പുനഃരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുത ഉല്പാദനം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>പുരപ്പുറ സൗരോർജ്ജ (ആർ.ടി.എസ്.) പദ്ധതി</u>**

740 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ (ആർ.ടി.എസ്.) പദ്ധതി നിർത്തലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ലക്ഷങ്ങൾ മുടക്കി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച ഉപഭോക്താക്കളെ നിരാശരാക്കുന്ന, ഗ്രിഡിലേക്ക് വൈദ്യുതി വാങ്ങുന്നത് നിർത്തിവെക്കാനുള്ള ഈ നീക്കം പുനഃപരിശോധിക്കുമോ;

(സി) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉയർന്ന വിലയ്ക്ക് താപ വൈദ്യുതി വാങ്ങുന്ന സാഹചര്യം ഒഴിവാക്കുവാനും കൂടുതൽ വൈദ്യുതി സംഭരിച്ച് വെക്കാവുന്ന സ്റ്റോറേജ് പ്ലാന്റുകൾ സ്ഥാപിക്കുവാനും നടപടി സ്വീകരിക്കുമോ?

## പുരപ്പുറ സോളാർ പദ്ധതി

741 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതികളുടെയും മറ്റ് വലിയ സോളാർ പദ്ധതികളുടെയും സ്വഭാവത്തിലോ ഘടനയിലോ ഊർജ്ജപരമായി എന്തെങ്കിലും വ്യത്യാസമുണ്ടോയെന്ന് വിശദീകരിക്കാമോ;

(ബി) കേരളത്തിൽ ഒരു ദിവസം ശരാശരി എത്ര മില്ല്യൺ യൂണിറ്റ് വൈദ്യുതി ആവശ്യമാണെന്ന് വിശദീകരിക്കാമോ; ഇതിൽ പകൽ സമയത്തെ ഉപഭോഗത്തിന് എത്ര എം.യു. വൈദ്യുതി ആവശ്യമാണ്; ഒരു കിലോവാട്ട് സോളാർ പാനലിൽ നിന്നും ശരാശരി 4 യൂണിറ്റ് ഒരു ദിവസം ഉത്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കിയാൽ എത്ര എം.യു. സൗരോർജ്ജ വൈദ്യുതി നിലവിൽ ഒരു ദിവസം ഉത്പാദിപ്പിക്കപ്പെടുന്നുവെന്ന് വിശദീകരിക്കാമോ;

(സി) 2025 ജനുവരി മുതൽ 2025 ജൂലൈ വരെയുള്ള കാലയളവിലെ കേരളത്തിലെ ഗാർഹിക, ഗാർഹികേതര സൗരോർജ്ജ ഉൽപാദനത്തിന്റെയും സൗരോർജ്ജ ഇൻസ്റ്റാളേഷൻ ശേഷിയുടെയും വിശദാംശം തരം തിരിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി.എൽ-ന്റെ ഉപഭോക്താക്കൾ ആയ 2% ഉത്പാദകർ പകൽ ഉത്പാദിപ്പിച്ച വൈദ്യുതി രാത്രി അവർക്ക് തിരിച്ചുനൽകിയത് മൂലം ₹500 കോടി നഷ്ടം വന്നുവെന്നും സോളാർ പാനൽ വയ്ക്കാത്ത 98% ഉപഭോക്താക്കൾക്ക് 19 പൈസയുടെ അധിക ബാധ്യത ഇതുമൂലം ഉണ്ടായി എന്നുമുള്ള ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് വൈകുന്നേരം 6 മണി മുതൽ 7 മണി വരെയുള്ള സമയത്ത് വൈദ്യുതി ഗ്രിഡിന്റെ അസ്ഥിരത വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; സോളാർ ഉത്പാദനവുമായി ഗ്രിഡിന്റെ ഈ അസ്ഥിരതയ്ക്ക് ബന്ധമുണ്ടോ എന്ന് വിശദീകരിക്കാമോ;

(എഫ്) പകൽ സമയത്തെ സോളാർ വൈദ്യുതി ഉൽപാദനം മൂലം പ്രസരണ-വിതരണ നഷ്ടമില്ലാതെ പലമടങ്ങ് ലാഭത്തോടെ മറ്റു ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത് വഴി കെ.എസ്.ഇ.ബി.ക്ക് ഉണ്ടാകുന്ന ലാഭം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായ ലാഭം എത്രയാണെന്ന് വിശദീകരിക്കാമോ?

## പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ മുഖേനയുള്ള വൈദ്യുതി ഉൽപാദനം

742 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ മുഖേന സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ട് എന്ന് വിശദമാക്കാമോ; പൊതുസ്ഥാപനങ്ങൾ - വീടുകൾ എന്നിവ പ്രത്യേകം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഉല്പാദനത്തിൽ വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് വ്യക്തമാക്കുമോ?

## തോറിയം ഉപയോഗിച്ചുള്ള വൈദ്യുതോല്പാദനം

743 **ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി തോറിയം ഇന്ധനമാക്കിയുള്ള വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത വൈദ്യുത പ്ലാന്റുകൾ എവിടെയൊക്കെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തോറിയം ഉപയോഗിച്ചുള്ള വൈദ്യുതോല്പാദനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തോറിയം അധിഷ്ഠിത പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ഉണ്ടായേക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## ആന്റിപവർ തെഫ്റ്റ് സ്ക്വാഡ്

744 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ആന്റിപവർ തെഫ്റ്റ് സ്ക്വാഡിന്റെ പരിശോധനയിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര വൈദ്യുതി ദുരുപയോഗങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്ര രൂപ പിഴ ചുമത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## പൊട്ടിവീണതും താഴ്ന്നുകിടന്നതുമായ വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റുള്ള മരണം

745 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്ത് പൊട്ടിവീണതും താഴ്ന്നുകിടന്നതുമായ വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് എത്രപേർ മരിച്ചുവെന്ന വിവരം ലഭ്യമാക്കാമോ ?

## വൈദ്യുത ലൈനിൽ നിന്ന് ഷോക്കേറ്റ് മരണം - നഷ്ടപരിഹാരത്തിനുള്ള കാലതാമസം

746 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊട്ടി വീണതും താഴ്ന്ന കിടക്കുന്നതുമായ വൈദ്യുത ലൈനുകളിൽ നിന്ന് ഷോക്കേറ്റ് മരണം ഉണ്ടാകുകയോ പരിക്കേൽക്കുകയോ ചെയ്യുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് കെ.എസ്.ഇ.ബി വർഷങ്ങളുടെ കാലതാമസം എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആളുകൾക്ക് അടിയന്തിരമായി നഷ്ടപരിഹാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സ്കൂളിൽ നടന്ന വൈദ്യുത അപകടം

747 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തേവലക്കര ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന സ്കൂളിൽ നടന്ന വൈദ്യുത അപകടത്തോടനുബന്ധിച്ച് കെഎസ്ഇബി സേഫ്റ്റി ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ വീഴ്ചകളാണ് കണ്ടെത്തിയിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്ക് വിരുദ്ധമായി ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

## വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട നടപടികൾ

748 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനും ഊർജ്ജ സംരക്ഷണത്തിനുമായി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് സുരക്ഷാ ഉപദേശക സമിതി ഫലപ്രദമായി യോഗം കൂടി അപകടങ്ങൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) അപകടങ്ങൾ ഒഴിവാക്കുന്നതിനായി നിലവിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് അപകടം സംഭവിച്ചവർ

749 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരേക്കും പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചവർക്കും പരിക്കേറ്റവർക്കും കെ.എസ്.ഇ.ബി യും സർക്കാരും നൽകിയിട്ടുള്ള സഹായം എന്തെല്ലാമായിരുന്നു എന്ന് വ്യക്തികൾ തിരിച്ച് അറിയിക്കാമോ;

(സി) വൈദ്യുതി കമ്പി പൊട്ടി വീണത് കെ.എസ്.ഇ.ബിയെ അറിയിച്ചിട്ടും കൃത്യസമയത്ത് ശരിയാക്കാത്തത് കൊണ്ട് 2021 മുതൽ നാളിതുവരേക്കും ഉണ്ടായിട്ടുള്ള ഷോക്കേറ്റുള്ള മരണവും അപകടങ്ങളും സംബന്ധിച്ച വിവരം അറിയിക്കാമോ;

(ഡി) വൈദ്യുതി കമ്പി പൊട്ടി വീണത് കൊണ്ട് ഷോക്കേറ്റുണ്ടായ അപകടങ്ങളും മരണങ്ങളും ഉണ്ടായിട്ടുള്ള സംഭവങ്ങളിൽ 2021 മുതൽ നാളിതുവരേക്കും കെ.എസ്.ഇ.ബിയും സർക്കാരും സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## വൈദ്യുതി കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം

750 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെടുമങ്ങാട് പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റ് 19 വയസുകാരൻ മരിച്ചതും കോഴിക്കോട് വടകരയിൽ സ്ത്രീ ഷോക്കേറ്റ് മരിച്ചതുമടക്കം ഇത്തരം നിരവധി സംഭവങ്ങൾ സംസ്ഥാനത്ത് നടന്നത് ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പൊട്ടിവീണതും താഴ്ന്ന് കിടന്നതുമായ വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ചവരുടെ കുടുംബത്തിന് സഹായധനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) വൈദ്യുതി കമ്പി പൊട്ടി വീണ് അപകടം സംഭവിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## വൈദ്യുതാഘാതം മൂലമുള്ള മരണങ്ങൾ തടയാൻ നടപടി

751 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് പൊട്ടിവീണ വൈദ്യുത കമ്പികളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വൈദ്യുത കമ്പികളുടെ സുരക്ഷിതത്വം വിലയിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(സി) ലൈനുകൾ പൊട്ടിവീണാലും ഷോക്ക് ഏൽക്കാതിരിക്കാനുള്ള ഇൻസുലേറ്റഡ് കേബിൾ ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**കെ. എസ്. ഇ .ബി. സബ് ഡിവിഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം**

752 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ. എസ്. ഇ .ബി. യുടെ സെക്ഷൻ , സബ് ഡിവിഷൻ ഓഫീസുകളിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര ഓഫീസുകൾ ഉണ്ടെന്നും ഇതിനായി എത്ര രൂപ പ്രതിവർഷം വാടക ഇനത്തിൽ ചെലവാക്കുന്നുണ്ടെന്നും അറിയിക്കാമോ?

**പെരിന്തൽമണ്ണ കെ.എസ്.ഇ.ബി സെക്ഷൻ വിഭജനം**

753 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തൃതിയും ഉപഭോക്താക്കളുടെ പെരുപ്പവും മൂലം കാര്യക്ഷമമായ സേവനം ഉറപ്പാക്കാൻ പ്രയാസപ്പെടുന്ന കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ സെക്ഷൻ വിഭജിക്കണ്ടേതിന്റെ അനിവാര്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി ആശുപത്രി, വാണിജ്യ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന നഗരമായ പെരിന്തൽമണ്ണയിലെ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനോടകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പെരിന്തൽമണ്ണ സെക്ഷൻ വിഭജിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

**പട്ടിക്കാട് കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ**

754 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ പട്ടിക്കാട് കെ.എസ്.ഇ.ബി. സബ് സ്റ്റേഷൻ ആരംഭിക്കാത്തതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പട്ടിക്കാട് സബ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സബ് സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി

സ്വീകരിക്കുമോ?

**<u>വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സബ്സ്റ്റേഷൻ</u>**

755 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഭൂമി ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വിശദീകരിക്കാമോ?

**<u>പാലക്കാട് മെഡിക്കൽ കോളേജ് സബ് സ്റ്റേഷൻ</u>**

756 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജ് സബ് സ്റ്റേഷൻ 110 കെ.വി.ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇപ്രകാരം സബ്സ്റ്റേഷന്റെ ശേഷി ഉയർത്തിയാൽ മെഡിക്കൽ കോളേജിനും പാലക്കാട് നഗരത്തിനും കൂടുതൽ കാര്യക്ഷമായി വൈദ്യുതി വിതരണം ചെയ്യാനാകുമെന്ന കാര്യം പരിഗണിച്ച് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ</u>**

757 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കല്ലിക്കണ്ടി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

**<u>മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>**

758 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ഇനി എന്തെല്ലാം പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്നും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് സബ്സ്റ്റേഷൻ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

**<u>വെറ്റിലപ്പാറയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>**

759 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ വെറ്റിലപ്പാറയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്കായി സാങ്കേതിക/സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ആയത് പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതിക്ക് സ്ഥലം എറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ സബ്സ്റ്റേഷനുകളുടെ നിർമ്മാണം</u>**

760 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്ന എടയൂർ 110 കെ.വി., വലിയകുന്ന് 33 കെ.വി. എന്നീ സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; സബ്സ്റ്റേഷനുകളുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കൽ നടപടി</u>**

761 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്ന നടപടി വേഗത്തിലാക്കി പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>വാമനപുരം മണ്ഡലത്തിലെ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം</u>**

762 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ കല്ലറ മീളുരിൽ മൃഗസംരക്ഷണ വകുപ്പ് വിട്ടുനൽകിയ സ്ഥലത്ത് അനുവദിച്ച 33 കെ.വി.സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ചെലവിടുന്നതെന്നും എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി കൊണ്ട് ഉണ്ടാകുന്നതെന്നും വിശദമാക്കാമോ?

## മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച്

763 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഏതൊക്കെ സർവ്വേ നമ്പറിലെ ഭൂമിയാണ് സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാകുന്നതോടെ ഏതൊക്കെ പ്രദേശങ്ങളിലെ വൈദ്യുതിക്ഷാമമാണ് പരിഹരിക്കാൻ സാധിക്കുക എന്ന് വിശദമാക്കാമോ?

## കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ സെക്ഷനിലെ സ്റ്റാഫ് പാറ്റേൺ

764 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. പെരിന്തൽമണ്ണ സെക്ഷനിൽ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പെരിന്തൽമണ്ണ സെക്ഷനിലെ നിലവിലെ ഉപഭോക്താക്കളുടെ എണ്ണം വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ സെക്ഷനിൽ നിലവിലുള്ള ജീവനക്കാരുടെ തസ്തിക, എണ്ണം എന്നിവ വ്യക്തമാക്കുമോ;

(ഡി) പെരിന്തൽമണ്ണ സെക്ഷനിൽ ജീവനക്കാരുടെ കുറവ് മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ , ജീവനക്കാരുടെ കുറവ് നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ഹൈഡൽ ടൂറിസം പദ്ധതി

765 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസം പദ്ധതിയുടെ ബൈലോയിൽ കെ.എസ്.ഇ.ബി-യിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ കുറയാത്ത ആൾ ഡയറക്ടർ ആകണമെന്ന മാനദണ്ഡമുണ്ടോയെന്നും എങ്കിൽ അതിനു വിരുദ്ധമായി കെ.എസ്.ഇ.ബി ജീവനക്കാരൻ അല്ലാത്ത അനർട്ട് സി.ഇ.ഒ- യെ ഡയറക്ടറായി നിയമിച്ച സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഹൈഡൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ ടെൻഡർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഏത് കമ്പനിക്കാണ് ടെൻഡർ അനുവദിച്ച

നൽകിയതെന്നും പ്രസ്തുത കമ്പനിയുടെ ഡയറക്ടർമാർ ആരെല്ലാമാണെന്നും കെ.എസ്.ഇ.ബിയുടെ സ്വതന്ത്ര ഡയറക്ടർ വി മുരുകദാസിന് പ്രസ്തുത കമ്പനിയിൽ ഷെയറുണ്ടോയെന്നുമുള്ള വിവരങ്ങൾ വിശദീകരിക്കാമോ;

(സി) ഹൈഡൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ ഉയർന്നു വന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ഉൾപ്പെടുത്തിയുള്ള വിശദമായ അന്വേഷണം നടത്തുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

**ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി. ഒരുക്കിയ സൗകര്യങ്ങൾ**

766 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി. ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) മണ്ഡലത്തിൽ നിലവിൽ എത്ര പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അത് എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(സി) കൂടുതൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ മണ്ഡലത്തിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**ഹ്രസ്വകാല വൈദ്യുതി കരാർ**

767 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹ്രസ്വകാല വൈദ്യുതി കരാറിന് കെ.എസ്.ഇ.ബി.ക്ക് റെഗുലേറ്ററി കമ്മീഷൻ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയത് എന്നാണെന്നും ഇതിൽ പാലിക്കപ്പെടേണ്ട എല്ലാ നിബന്ധനകളും പാലിച്ചാണോ അപേക്ഷ നൽകിയതെന്നും അറിയിക്കുമോ;

(സി) അപേക്ഷ ലഭിച്ചതിനു ശേഷം കുറവുകൾ പരിഹരിക്കുന്നതിന് റഗുലേറ്ററി കമ്മിഷൻ ആവശ്യപ്പെട്ടിരുന്നോ; ഏത് നിരക്കിൽ കരാറിലേർപ്പെടുന്നതിനാണ് അനുമതി തേടിയത്; വിശദമാക്കുമോ;

(ഡി) അനുമതി ലഭ്യമാകാത്ത പക്ഷം സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുത പ്രതിസന്ധി ഏത് രീതിയിൽ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**പി.എം. കുസും പദ്ധതി**

768 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർക്ക് സൗജന്യമായി സൗരോർജ്ജ പമ്പുകൾ നൽകാനുള്ള പി.എം. കുസും (പ്രധാനമന്ത്രി കിസാൻ ഊർജ്ജ സുരക്ഷാ ഏവം ഉത്ഥാൻ

മഹാഭിയാൻ) കേന്ദ്ര പദ്ധതിയുമായി ബന്ധപ്പെട്ട് അനെർട്ട് നടത്തിയ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ടെണ്ടർ രേഖകളുടെയും ഇത് സംബന്ധിച്ച ഫയലിന്റെയും പകർപ്പുകൾ സഹിതം വിശദവിവരം നൽകാമോ;

(ബി) അനെർട്ട് സി.ഇ.ഒ.-യ്ക്ക് എത്ര കോടി രൂപയുടെ ടെണ്ടർ വിളിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ ടെണ്ടറാണ് വിളിച്ചിട്ടുള്ളത്; ഏത് സാഹചര്യത്തിലാണ് ഉയർന്ന തുകയുടെ ടെണ്ടർ വിളിക്കാൻ നടപടി സ്വീകരിച്ചതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കമ്പനി ടെണ്ടറിൽ നിന്ന് പിന്മാറിയപ്പോൾ അവരുടെ തുക കണ്ടു കെട്ടിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റീ-ടെണ്ടർ നടത്തിയപ്പോൾ ആദ്യ കരാറിനേക്കാൾ വൻതുക വ്യത്യാസത്തിൽ കരാർ നൽകുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; റീ-ടെണ്ടറിൽ കുറഞ്ഞ തുക കോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇ-ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയിൽ തിരുത്തൽ വരുത്തി വലിയ അഴിമതി നടത്തിയതായി ആരോപണം ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>പുരപ്പുറ സോളാർ പദ്ധതി</u>

769 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതി വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തുടനീളം ഉൽപാദിപ്പിച്ച് വൈദ്യുതി വകുപ്പിന് കൈമാറി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ വൈദ്യുതിയ്ക്ക് ഉടമകൾക്ക് യൂണിറ്റിന് എത്ര പൈസയാണ് നൽകുന്നതെന്ന് അറിയിക്കാമോ?

## <u>പുരപ്പുറ സൗരോർജ്ജ പദ്ധതി</u>

770 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതി, ജലവൈദ്യുത പദ്ധതികൾ, മറ്റ് വൈദ്യുതോല്പാദന മാർഗങ്ങൾ എന്നിവയിലൂടെ 2021 മുതൽ നാളിതുവരെയും സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിട്ടുള്ള വൈദ്യുതിയുടെ അളവ് വർഷം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) മറ്റ് ഏജൻസികളിൽ നിന്ന് 2021 മുതൽ നാളിതു വരെയും സംസ്ഥാനത്തിന് വേണ്ടി കെ.എസ്.ഇ.ബി. വിലകൊടുത്ത് വാങ്ങിയിട്ടുള്ള വൈദ്യുതിയുടെ അളവ്, പ്രസ്തുത വൈദ്യുതിക്ക് യൂണിറ്റൊന്നിന് നൽകുന്ന വില, വർഷം, ഏജൻസി എന്നിവ തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(സി) പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ബി. യൂണിറ്റ് ഒന്നിന് നൽകുന്ന വില എത്രയാണെന്ന് അറിയിക്കാമോ;

(ഡി) പകൽ സമയം പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മാത്രം ഉപയോഗിക്കുകയും രാത്രിയിൽ ജലവൈദ്യുത പദ്ധതിയിലൂടെയും താപനിലയങ്ങളിലൂടെയും ലഭിക്കുന്ന വൈദ്യുതി മാത്രം ഉപയോഗിക്കുകയും ചെയ്താൽ മറ്റ് ഏജൻസികളിൽ നിന്ന് വൈദ്യുതി വാങ്ങാതെ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ശേഖരിക്കുന്നതിന് കെ.എസ്.ഇ.ബി. സ്റ്റോറേജ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ അത് എവിടെയെല്ലാം ആണെന്ന് വ്യക്തമാക്കാമോ;

(എഫ്) പുരപ്പുറ സോളാർ പദ്ധതിയിലൂടെ ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. സ്റ്റോറേജ് യൂണിറ്റുകൾ ആരംഭിച്ച് ശേഖരിച്ച് വിതരണം ചെയ്യുകയാണെങ്കിൽ പുറത്തുനിന്നുള്ള ഏജൻസികളിൽ നിന്ന് വാങ്ങുന്നതിനേക്കാൾ കുറഞ്ഞ ചിലവിൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കാൻ സാധിക്കുമോ എന്ന് അറിയിക്കാമോ;

(ജി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള റിന്യൂവബിൾ എനർജി ആൻഡ് റിലേറ്റഡ് മാറ്റർ റെഗുലേഷൻ 2025 കരട് ചട്ട പ്രകാരം കേരളത്തിലെ സോളാർ പ്രൊസ്യൂമേഴ്സിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും കരട് ചട്ടത്തിലെ നിർദ്ദേശങ്ങളിൽ പലതും പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ നിന്ന് പൊതുജനങ്ങളെ അകറ്റി നിർത്തുമെന്നുമുള്ള അഭിപ്രായം ഗൗരവത്തിലെടുക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സോളാർ പവർ പ്ലാന്റുകൾ

771 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിൽ 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്തിട്ടുണ്ടോ; ആയതുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഓരോ കമ്പനികളും ഇതുവരെ പവർപ്ലാന്റ് സ്ഥാപിച്ച സ്ഥാപനങ്ങൾ, കപ്പാസിറ്റി, ഇൻസ്പെക്ഷൻ തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; ഓരോ കമ്പനികൾക്കും നൽകിയ പേയ്മെന്റ് റിലീസ് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പവർ പ്ലാന്റുകൾ ഇൻസ്പെക്ഷൻ നടത്തിയ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, സ്ഥിരമാണോ താൽക്കാലികമാണോ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) 2024 മാർച്ച് മുതൽ അനർട്ടിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിന് വിവിധ ആവശ്യങ്ങൾക്കായി എത്ര തുക അഡ്വാൻസ് നൽകിയിട്ടുണ്ട്; എത്ര തുക സെറ്റിൽ ചെയ്തിട്ടുണ്ട്; സർക്കാർ ഉത്തരവിന്റെ പകർപ്പ് സഹിതം വിവരം ലഭ്യമാക്കാമോ?

**അനെർട്ട് മുഖേന സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾ സംബന്ധിച്ച്**

772 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ ഭാഗമായി അനെർട്ട് മുഖേന സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റുകൾക്ക് കമ്പനി നൽകുന്ന വാറന്റി, ഓപ്പറേഷൻ & മെയിന്റനൻസ് എന്നിവയുടെ കാലാവധി എത്ര വർഷമാണ്; ഈ വർഷം കമ്പനികൾ സമർപ്പിച്ച ക്വാട്ടർലി പ്രിവൻറ്റീവ് മെയിൻന്റനൻസ് റിപ്പോർട്ട്, ജനറേഷൻ ഡാറ്റ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) വർക്ക് ഓർഡർ പ്രകാരം ഈ പ്ലാന്റുകൾക്കുള്ള ഇൻഷ്വറൻസ് കാലാവധി എത്ര വർഷമാണ്; വിവിധ കമ്പനികൾ അനെർട്ടിന് സമർപ്പിച്ച ഇൻഷ്വറൻസ് പോളിസി, നിലവിലുള്ള വാർഷിക പ്രീമിയം പേയ്മെന്റ് രസീത് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; വാർഷിക പ്രീമിയം ഒടുക്കാത്ത കമ്പനികളുടെയും സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച കമ്പനികൾക്ക് തുക അനുവദിക്കുന്നതിന് സ്മാർട്ട് സിറ്റി അധികൃതർക്ക് അനെർട്ട് നൽകിയ പേയ്മെന്റ് ശിപാർശയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഈ പ്ലാന്റുകളുടെ പരിശോധന നടത്തിയ റിന്യൂവബിൾ എനർജി കെയർ അനെർട്ടിന് സമർപ്പിച്ച പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ സ്ഥാപിച്ച പ്ലാന്റിന്റെ വർക്ക് ഓർഡർ പ്രകാരമുള്ള ത്രികക്ഷി കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**അനെർട്ടിലെ കൺസൽട്ടൻസി നിയമനങ്ങൾ**

773 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഹൈഡ്രജൻ മിഷൻ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനായി അനെർട്ട് കൺസൽട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കൺസൽട്ടൻസി കരാർ ലഭിച്ച ഏജൻസി ഏതാണെന്നും , കരാർ തുകയും, ഇതുവരെ നൽകിയ തുകയും എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിന് അനെർട്ടിന് നൽകിയ സർക്കാർ അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ടെൻഡറിന്റെയും നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) 2023 ജനുവരി ഒന്നിന് ശേഷം അനെർട്ടിൽ നിയമിച്ച വിവിധ കൺസൽട്ടൻസി സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും, അവർക്ക് നൽകിയ തുകയുടെയും വിശദാംശങ്ങളും ഇതിനായി അനെർട്ടിന് നൽകിയ സർക്കാർ അനുമതി

സംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകളും ലഭ്യമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) 2023 ജനുവരി ഒന്നിന് ശേഷം അനെർട്ടിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നിയമിച്ച കൺസൽട്ടൻസി സ്ഥാപനങ്ങൾക്ക് നൽകിയ വർക്ക് ഓർഡർ ഉത്തരവുകളുടെയും, അവർക്ക് തുക അനുവദിച്ച ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഈ സ്ഥാപനങ്ങൾ നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ അനെർട്ടിൽ ലഭ്യമാണോ; എങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>കയറ്റുമതി ചെയ്ത മിച്ച സൗരോർജ്ജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക്</u>

774 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് പുരപ്പുറ സോളാർ ഉല്പാദകർ കയറ്റുമതി ചെയ്ത മിച്ച സൗരോർജ്ജത്തിനുള്ള സെറ്റിൽമെന്റ് നിരക്ക് (എപിപിസി) കെഎസ്ഇആർസി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെറ്റിൽമെന്റ് നിരക്ക് (എപിപിസി) പ്രഖ്യാപിക്കുന്നതിന് കെഎസ്ഇആർസി സ്വന്തം റെഗുലേഷൻ ( കെഎസ്ഇആർസി പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020) ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) 2025 മാർച്ച് 31-ന് അവസാനിക്കുന്ന വർഷത്തേക്ക് അർഹമായ എപിപിസി നിരക്ക് യൂണിറ്റിന് 4.34 രൂപയാണെന്ന് കെഎസ്ഇആർസി-യുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2020-ലെ പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് ചട്ടങ്ങളെ മറികടന്ന് കെഎസ്ഇആർസി ഉപഭോക്താക്കൾക്ക് കുറഞ്ഞ സെറ്റിൽമെന്റ് നിരക്ക് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പുനരുപയോഗ ഊർജ്ജ, നെറ്റ്മീറ്ററിംഗ് റെഗുലേഷൻ 2020 പ്രകാരം സെറ്റിൽമെന്റ് കാലയളവിനുള്ള തീയതി എന്നാണ്; ആയത് പ്രകാരം കെഎസ്ഇആർസിയും കെഎസ്ഇബിഎല്ലും ഉത്പാദകർക്ക് സെറ്റിൽമെന്റ് പേയ്മെന്റ് വൈകിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അങ്ങനെയെങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

## <u>കെ. എസ്. ഇ. ബി. എൽ. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റവും വൈദ്യുതി സംഭരണവും</u>

775 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ഇ. ബി. എൽ. ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള സ്ഥലങ്ങളായി ശ്രീകണ്ഠപുരം (കണ്ണൂർ ജില്ല), മുള്ളേരിയ

(കാസർഗോഡ് ജില്ല), അരീക്കോട് (മലപ്പുറം ജില്ല), പോത്തൻകോട് (തിരുവനന്തപുരം ജില്ല) കൂടാതെ മൈലാട്ടി (കാസർഗോഡ് ജില്ല) എന്നി സ്ഥലങ്ങൾ തെരഞ്ഞെടുക്കാനുള്ള മനദണ്ഡങ്ങൾ വിശദീകരിക്കാമോ; ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം അനുസരിച്ച്, ഓരോ സിസ്റ്റത്തിലും എത്ര യൂണിറ്റുകൾ വീതം വൈദ്യുതി സംഭരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം അനുസരിച്ച്, ദിവസേനയുള്ള സംഭരണ - വിതരണ - സ്റ്റോറേജ് നഷ്ടം സംഭരണ യൂണിറ്റുകളുടെ എത്ര ശതമാനം ആണെന്ന് വിശദീകരിക്കാമോ; ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിനായുള്ള വൈദ്യുതിയുടെ ഉറവിടം എവിടെ നിന്ന് എങ്ങനെ ലഭിക്കുമെന്ന് വിശദീകരിക്കാമോ; പ്രസ്തുത ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം ചാർജ്ജ് ചെയ്യുന്നതിന് ആവശ്യമായ വൈദ്യുതിയുടെ ശരാശരി വില എത്ര എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ വികേന്ദ്രീകൃതമായ പുരപ്പുറ സോളാറിൽ (ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ പ്ലാന്റ്) നിന്നു ലഭിക്കുന്ന വൈദ്യുതി ഊർജ്ജം, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റത്തിനായുള്ള വൈദ്യുതിയുടെ ഉറവിടം ആക്കാൻ പറ്റുമോയെന്ന് വിശദമാക്കാമോ; അങ്ങനെയെങ്കിൽ പ്രസ്തുത വൈദ്യുതി ഉപയോഗിക്കുന്നതിന് വേണ്ടി വരുന്ന പ്രസരണ വിതരണ ചെലവ് എത്ര ആണ് വിശദീകരിക്കാമോ;

(ഡി) താഴ്ന്ന വോൾട്ടേജ്ജ് ഡിസ്ട്രിബ്യൂഷൻ ലൈനുകളിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്ന വികേന്ദ്രീകൃതമായ പുരപ്പുറ സോളാർ പ്ലാന്റുകളിൽ നിന്നു ലഭിക്കുന്ന വൈദ്യുതി നിലവിലെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ച് ഉയർന്ന വോൾട്ടേജ് തലങ്ങളിലേക്ക് കടത്തിവിടുവാൻ കഴിയുമോ എന്ന് വിശദമാക്കാമോ; അതിന് എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അതിനെ മറികടക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

## <u>അനർട്ട് സ്ഥാപിച്ച ചാർജ്ജറുകൾ</u>

776 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഇലക്ട്രിക് വെഹിക്കിൾ പോളിസി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനർട്ട് മുഖേന സ്ഥാപിച്ച ഇവി ചാർജറുകൾ എത്രയെന്നും അത് എവിടെയൊക്കെ സ്ഥാപിക്കുന്നതിനാണ് തീരുമാനം കൈക്കൊണ്ടതെന്നും ഓരോ ചാർജിംഗ് സ്റ്റേഷനായും ചെലവഴിച്ചത് എത്ര തുകയാണെന്നും അതിന് ആവശ്യമായ അനുമതിയും വൈദ്യുതി ലഭ്യതയും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഉറപ്പാക്കിയിട്ടാണോ ചാർജറുകൾ സ്ഥാപിക്കാൻ തുടങ്ങിയതെന്നും വിശദമാക്കുമോ ;

(ബി) ചാർജർ എത്തിച്ചതിന് ശേഷം അവ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാത്ത സ്ഥലങ്ങൾ ഉണ്ടോയെന്നും ചാർജറുകൾ സ്ഥാപിച്ചതിന് ശേഷവും പ്രവർത്തനം ആരംഭിക്കാത്ത ചാർജിംഗ് സ്റ്റേഷനുകൾ ഉണ്ടോയെന്നും വ്യക്തമാക്കുമോ; അതിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ; ചാർജറുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതിന് ശേഷം എത്ര സ്ഥലങ്ങളിൽ നിലവിൽ ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തനക്ഷമമല്ലാത്ത ചാർജിംഗ് സ്റ്റേഷനുകളുടെ വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോയെന്നും എന്നു

മുതലാണ് അവ പ്രവർത്തനരഹിതമായതെന്നും, പ്രവർത്തനക്ഷമമാക്കാനുള്ള സാങ്കേതിക തടസം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഓരോ ചാർജിംഗ് സ്റ്റേഷനുകളുടെയും ചാർജർ കപ്പാസിറ്റി, കണക്ടർ ടൈപ്പ്, ചാർജർ പ്രവർത്തനക്ഷമമായ തീയതി, നടത്തിയ ആകെ ചാർജിംഗുകളുടെ എണ്ണം, അവസാനമായി ചാർജിംഗ് നടന്ന തീയതി എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത ചാർജറുകളുടെ പരിപാലനവും നടത്തിപ്പും അനർട്ടിന്റെ പൂർണ്ണ ചുമതലയിലാണോ; വിശദമാക്കുമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതി</u>

777 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കോൾപ്പടവുകളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളുടെ സൗരോർജ്ജവത്കരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) ഈ പദ്ധതികൾ നിർവ്വഹിക്കുന്ന അനെർട്ട് ഉൾപ്പെടെയുള്ള ഏജൻസികളുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാലതാമസം കൂടാതെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## <u>കെ.എസ്.ഇ. ബി.എൽ.-ൽ നിന്നും ഉത്പാദകർക്ക് നല്കുവാൻ ഉള്ള തുക</u>

778 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സോളാർ സെറ്റിൽമെന്റിനായി കെ.എസ്.ഇ. ബി.എല്ലിൽ നിന്നും ഉത്പാദകർക്ക് നല്കുവാൻ ഉള്ള തുകയിൽ ഇനിയും എന്തെങ്കിലും കൊടുത്തു തീർക്കുവാൻ ബാക്കിയുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ സെക്ഷൻ ഓഫീസ് തലത്തിൽ എത്ര തുകയാണ് 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ ബാക്കി നൽകാനുള്ളത് എന്നും ആയത് ഇതേവരെ നൽകാതിരുന്നതിന് കാരണം എന്തെന്നും വിശദമാക്കാമോ?

## <u>സൗരോർജ്ജ പദ്ധതികൾ</u>

779 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സൗരോർജ്ജ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഉത്പാദിപ്പിക്കുന്ന സൗരോർജ്ജത്തിന് യൂണിറ്റിന്

മതിയായ തുക നൽകി സംസ്ഥാന വൈദ്യുതി വകുപ്പ് സ്വീകരിക്കുന്നില്ലയെന്നുള്ള പരാതികൾ സംബന്ധിച്ച് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വൈദ്യുതി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് നൽകിവരുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ഉൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് ആവശ്യമായ സൗരോർജ്ജ ചാർജിങ് സ്റ്റേഷനുകൾ സർക്കാർ മേഖലയിൽ അനർട്ടിന്റെ കീഴിൽ എവിടെയൊക്കെ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എഫ്) സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഉപയോഗിക്കുന്ന മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളായി പരിവർത്തനം ചെയ്യുന്നതിനും വാഹനങ്ങൾക്ക് ചാർജ് ചെയ്യുന്നതിനുള്ള വൈദ്യുതി സൗരോർജ്ജം വഴി ലഭ്യമാക്കുന്നതിനും എല്ലാ സർക്കാർ ഓഫീസുകളുടെയും മേൽക്കൂരകളിൽ സോളാർപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

## ജപ്തി നടപടികളുടെ കണക്കുകൾ

780 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ കോവിഡാനന്തരം എത്രത്തോളം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സഹകരണ ബാങ്ക് ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും തിരിച്ചടവിന് പരമാവധി സാവകാശം നൽകുന്നതിനും സഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ സഹകരണ റിസ്ക് ഫണ്ട്

781 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഗുരുവായൂർ മണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് എത്ര ആളുകൾക്കാണ് കൈമാറിയിട്ടുള്ളതെന്ന് സഹകരണ സംഘം തിരിച്ച് കണക്ക് നൽകാമോ;

(ബി) നിലവിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിന് അപേക്ഷിച്ചവരിൽ ഗുരുവായൂർ മണ്ഡലത്തിലെ സഹകരണ വകുപ്പുകളിൽ പെൻഡിങ് ഉള്ള അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കാമോ?

## സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

782 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി നടപ്പിലാക്കിയിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ്-മെഡിസെപ്പ് പദ്ധതിയിൽ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ഈ സാമ്പത്തികവർഷം തന്നെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാൻ കഴിയുമോ; വിശദമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

783 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2021 ജൂൺ മുതൽ 2025 ആഗസ്റ്റ് 31 വരെ നാദാപുരം മണ്ഡലത്തിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുവാനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സഹകരണ പെൻഷൻ ബോർഡിൽ ഇ-ഓഫീസ് സംവിധാനം

784 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡ് ഓഫീസിലെ ഫയലുകൾ ഇ-ഓഫീസ് മുഖേന തീർപ്പാക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇ-ഓഫീസ് സംവിധാനം എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ പെൻഷൻ ബോർഡിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞാൽ ഫീൽഡിലുള്ള വെരിഫിക്കേഷൻ ഒഴിവാക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

## സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

785 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സർവീസ് പരീക്ഷാ ബോർഡ് വഴി എത്ര പേർക്ക് സഹകരണ സംഘങ്ങളിൽ നിയമനം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(ബി) സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## മെമ്പേഴ്സ് റിലീഫ് ഫണ്ട്

786 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും മെമ്പേഴ്സ് റിലീഫ് ഫണ്ടിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കിയെന്നും ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് വിവിധ സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന മെമ്പേഴ്സ് റിലീഫ് ഫണ്ടായി അനുവദിച്ചതെന്ന് ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകളിൽ മെമ്പേഴ്സ് റിലീഫ് ഫണ്ട് ലഭ്യമാക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) അർഹരായ മുഴുവൻ പേർക്കും മെമ്പേഴ്സ് റിലീഫ് ഫണ്ട് വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഓണവിപണിയിലെ ഇടപെടൽ

787 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണവിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയ്ക്കുമായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര സഹകരണചന്തകൾ പ്രവർത്തിച്ചുവെന്ന് വിശദമാക്കാമോ?

## സഹകരണ വകുപ്പ് മുഖാന്തരം പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

788 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-'21 സർക്കാരിന്റെ കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും സഹകരണ വകുപ്പ് മുഖാന്തരം, പട്ടാമ്പി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിലോ പ്രാദേശിക ഫണ്ടിലോ ഉൾപ്പെടാത്ത ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ വിശദമായ വിവരങ്ങൾ, ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിർവ്വഹണ ചുമതല നൽകിയിട്ടുള്ള വകുപ്പ് / ഏജൻസി, അവയുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ; ഫണ്ട് അനുവദിച്ചതിന്റെ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ദേശീയ സഹകരണ നയം

789 **ശ്രീ. എ. കെ. എം. അഷ്റഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ സഹകരണ നയം സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സഹകരണ സംഘങ്ങളുടെ ഡേറ്റാ ബേസ് ഉണ്ടാക്കി ദേശീയ സഹകരണ ഡേറ്റാ ബേസുമായി ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) കേന്ദ്ര നയപ്രകാരം സംസ്ഥാന സഹകരണ നിയമത്തിലും ചട്ടത്തിലും ബൈലോകളിലും ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ദേശീയ സഹകരണ നയത്തിലെ പ്രശ്നങ്ങൾ**

790 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിലെ സഹകരണ മേഖലയെ ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ദേശീയ സഹകരണ നയം കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ മേഖലയിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പാക്കുന്നതിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സഹകരണ മേഖലയിലെ അധികാര കേന്ദ്രീകരണത്തിന് വഴിയൊരുക്കുന്ന നിർദേശങ്ങൾ പ്രസ്തുത നയത്തിലുണ്ടോ; വിശദാംശം നൽകുമോ?

**വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവർക്കുള്ള ആശ്വാസ പദ്ധതി**

791 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ തരം വായ്പയെടുത്ത് യഥാസമയം തിരിച്ചടയ്ക്കാത്തതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നടപടി നേരിടുന്നവർക്ക് ആശ്വാസമായി സഹകരണ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**സഹകരണബാങ്കുകളിലെ റിസ്ക് ഫണ്ട് പദ്ധതി**

792 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണബാങ്കുകളിൽ നിന്നും വായ്പയെടുത്തതിനുശേഷം മരണപ്പെടുന്നവർ, മാരകരോഗം ബാധിക്കുന്നവർ എന്നിവർക്ക് സഹായം നൽകുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുള്ള റിസ്ക് ഫണ്ട് ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

**കേരളത്തെ ഹോർട്ടികൾച്ചർ ഹബ്ബ് ആക്കാൻ സഹകരണ വകുപ്പിന്റെ പദ്ധതികൾ**

793 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കാർഷിക കാലാവസ്ഥയിലെ വൈവിധ്യം കണക്കിലെടുത്ത്, കേരളത്തെ ഉയർന്ന മൂല്യമുള്ള ഹോർട്ടികൾച്ചർ ഹബ്ബ് ആക്കാൻ എന്തൊക്കെ പദ്ധതികളാണ് സഹകരണ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>വായ്പാ അടവ് മുടങ്ങിയവർക്ക് സഹകരണ വകുപ്പ് മുഖേനയുള്ള സഹായ പദ്ധതികൾ</u>**

794 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തതിന് ശേഷം മരണം, മാരക രോഗങ്ങൾ എന്നിവ കാരണം തിരിച്ചടവ് മുടങ്ങിയവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് സർക്കാർ നല്കിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പയെടുത്തതിന് ശേഷം വിവിധ കാരണങ്ങളാൽ തിരിച്ചടവ് മുടങ്ങിയവർക്ക് സർക്കാർ നല്കിവരുന്ന ആനുകൂല്യങ്ങളും ആയതിന്റെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>കാർഷിക കടാശ്വാസ പദ്ധതിപ്രകാരം വായ്പ ഇളവ്</u>**

795 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ പദ്ധതിപ്രകാരം വായ്പ ഇളവ് ലഭിച്ചവർക്ക് കാർഷിക വിഹിതം അടച്ചിട്ടും ആധാരങ്ങൾ തിരിച്ച് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ വിഹിതം ബാങ്കുകൾക്ക് ലഭിക്കുന്നില്ല എന്നത് ഇതിന് കാരണമാണോ; പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>സഹകരണ വകുപ്പിന്റെ നേതൃത്വത്തിലുള്ള വാണിജ്യകൃഷി പദ്ധതി</u>**

796 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ കൈവശമുള്ള ഒഴിഞ്ഞുകിടക്കുന്ന കൃഷിയോഗ്യമായ ഭൂമിയിൽ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന വാണിജ്യകൃഷി പദ്ധതി പ്രകാരം എത്ര വിസ്തൃതിയിലുള്ള ഭൂമിയാണ് ഈ ആവശ്യത്തിലേക്കായി കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അരുവിക്കര നിയോജക മണ്ഡലത്തിൽ കണ്ടെത്തിയ കൃഷിയോഗ്യമായ ഭൂമി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയിലുൾപ്പെടുന്ന പ്രവാസികൾക്ക് ഉപയുക്തമായ രീതിയിൽ ക്ഷേമപദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

## ദേവികുളം മണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

797 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ തസ്തിക

798 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിലെ കളക്ഷൻ ജീവനക്കാരുടെ തസ്തിക ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് പ്രത്യേക ശമ്പള സ്കെയിൽ നൽകി നിയമിക്കുന്നത് സംബന്ധിച്ച സഹകരണ വകുപ്പിലെ ബി4/158/2020 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കളക്ഷൻ ജീവനക്കാരെ സംരക്ഷിക്കുന്നതിനായി തസ്തിക പുനർനാമകരണം ചെയ്ത് നിയമനം നടത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ

799 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്ന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് അറ്റൻഡറായി വിരമിച്ച എ. സഹദേവൻ എന്നയാളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ആയത് വേഗത്തിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

## സഹകരണ നിക്ഷേപക ഗ്യാരണ്ടി ഫണ്ട്

800 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സഹകരണ നിക്ഷേപക ഗ്യാരണ്ടി ഫണ്ടിൽ നിലവിലുള്ള നീക്കിയിരിപ്പ് എത്ര തുകയാണെന്നും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നത് ഏത് രീതിയിലാണെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതൊക്കെ സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് പ്രസ്തുത ഗ്യാരണ്ടി ഫണ്ടിൽ നിന്നും നിക്ഷേപത്തുക തിരികെ നൽകുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതിനായി പ്രതിസന്ധിയിലാകുന്ന സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരികെ

കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ 5 ലക്ഷം രൂപ വരെ നിക്ഷേപ തുക സഹകരണ ഗ്യാരണ്ടി ഫണ്ടിൽ നിന്നും തിരികെ നൽകുവാൻ സാധിക്കുന്ന രീതിയിൽ ഫണ്ട് വിനിയോഗത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

## സഹകരണ വകുപ്പിന് കീഴിലെ ജീവനക്കാരുടെ വിരമിക്കൽ

801 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 ജനുവരി 1 മുതൽ 2028 ഡിസംബർ 31 വരെ കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും ആകെ എത്ര ജീവനക്കാർ വിരമിക്കാനുണ്ടെന്ന വിവരം ജില്ല, വർഷം, തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) 2026 ജനുവരി 1 മുതൽ 2028 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിരമിക്കാൻ സാധ്യതയുള്ള എത്ര പേർക്ക് പെൻഷൻ ബോർഡ് മുഖേന പെൻഷൻ അനുവദിക്കേണ്ടതായി വരും എന്ന വിവരം നൽകാമോ?

## കോളിത്തട്ട് സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾക്കെതിരെ അന്വേഷണം

802 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ കോളിത്തട്ട് സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് ബാങ്കിൽ നടന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ബാങ്കിൽ ക്രമക്കേട് നടത്തിയത് ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) ബാങ്കിൽ നിക്ഷേപം നടത്തിയവർക്ക് അവരുടെ തുക തിരിച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## പ്രാഥമിക സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

803 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് പ്രാബല്യത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

## കുന്നത്തുനാട് മണ്ഡലത്തിലെ സർവ്വീസ് സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട്

804 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിലെ വിവിധ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും ആയതിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്നും ബാങ്കുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര തുകയാണ് റിസ്ക് ഫണ്ടായി അനുവദിച്ചതെന്നും എത്ര പേർക്കാണ് അനുവദിച്ചതെന്നും ബാങ്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) എത്ര അപേക്ഷകർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുവാൻ ഇനിയും ബാക്കിയുണ്ടെന്ന് ബാങ്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) മുഴുവൻ അപേക്ഷകർക്കും സമയബന്ധിതമായി റിസ്ക് ഫണ്ട് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

## ഗുരുവായൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിലെ ക്രമക്കേടുകൾ

805 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ സഹകരണ നിയമപ്രകാരം അന്വേഷണം നടത്തിയതിൽ കണ്ടെത്തിയ ക്രമക്കേടുകൾ വിശദമാക്കാമോ;

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെപ്പറ്റി വിശദവിവരം നൽകാമോ?

## നിക്ഷേപത്തുക മടക്കി നൽകുന്നതിനുള്ള നടപടി

806 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-9-2014-ലെ ഡബ്ല്യൂ .പി (സി ) നം. 8706/2020 നമ്പർ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ കണ്ടല സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് നിക്ഷേപത്തുക മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നാളിതുവരെ എത്രപേർക്ക് നിക്ഷേപത്തുക മടക്കി നൽകി; ഇനി എത്രപേർക്ക് നൽകുവാൻ ഉണ്ട്; വിശദവിവരം ലഭ്യമാക്കാമോ;

(ബി) നിക്ഷേപത്തുക മുഴുവൻ മടക്കി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

## സഹകരണ ആശുപത്രി സംഘങ്ങളുടെ അംഗീകാര അപേക്ഷകൾ

807 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2023 ജനുവരി മുതൽ 2025 ആഗസ്റ്റ് 25 വരെ സഹകരണ ആശുപത്രി സംഘങ്ങളുടെ വിവിധ അംഗീകാര അപേക്ഷകൾ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) എന്നിവിടങ്ങളിൽ പെൻഡിംഗ് ഉള്ളത് എത്രയാണെന്നുള്ളത് ഓഫീസിന്റെ പേരുകൾ, ജില്ലകൾ എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ആശുപത്രി സംഘത്തിന്റെ പേര്, അപേക്ഷ ലഭിച്ച തീയതി, ഫയൽ സ്വഭാവം, പ്രസ്തുത അപേക്ഷയിൽ തീരുമാനം എടുക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്നിവ ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

808 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നിലവിൽ എത്ര ശതമാനം പലിശ നിരക്കിൽ ആണ് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കുന്നതെന്നും ഇപ്രകാരം ഉയർന്ന പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ സൊസൈറ്റിക്ക് അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## കാർഷിക മേഖലയിൽ സഹകരണ സംഘങ്ങളുടെ സേവനങ്ങൾ

809 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങൾ വഴി കാർഷികോല്പന്നങ്ങൾ ശേഖരിച്ച് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങൾ വഴി നൽകുന്ന കാർഷിക വായ്പയിലെ കുടിശ്ശികയിൽ ഇളവ് നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

## നെല്ലിക്കോട് വനിതാ സഹകരണ സംഘം തട്ടിപ്പ് നടത്തിയ സംഭവം

810 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നെല്ലിക്കോട് വനിതാ സഹകരണ സംഘം വ്യാജ ബോണ്ട് നൽകി കോടികളുടെ തട്ടിപ്പ് നടത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് കണ്ടെത്തലുകൾ എന്ന് വ്യക്തമാക്കുമോ; ഇതിന്മേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കബളിപ്പിക്കപ്പെട്ട നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകുന്നതിനും ഉത്തരവാദികളായ സഹകരണ സംഘം ജീവനക്കാർക്കും ഭരണസമിതിക്കും എതിരെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

## പാറശാല മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ

811 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-25 വരെയുള്ള കാലയളവിൽ പാറശാല മണ്ഡലത്തിന്റെ പരിധിക്കുള്ളിൽ രൂപീകരിക്കപ്പെട്ട വിവിധ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കാമോ;

(ബി) അവയിൽ ഓരോന്നിന്റേയും പ്രവർത്തന മേഖലയും പ്രവർത്തനപരിധിയും വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ളതും 1969-ലെ കേരള സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പാറശാല മണ്ഡലത്തിലെ വിവിധ സംഘങ്ങളുടെ പേര്, മേൽവിലാസം, ഏത് താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ കീഴിലാണ് ഉൾപ്പെട്ടിരിക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ/ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ, അർബൺ ബാങ്കുകൾ/സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ, പലവക വിഭാഗത്തിൽ പെടുന്ന മറ്റ് സംഘങ്ങൾ എന്ന വിധത്തിൽ മേൽ വിവരങ്ങൾ തരം തിരിച്ച് ലഭ്യമാക്കുമോ?

## സഹകരണ സംഘങ്ങളുടെ സ്റ്റാഫ് പാറ്റേൺ

812 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വിശദീകരിക്കാമോ;

(ബി) സഹകരണ സംഘങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ സഹകരണ വകുപ്പ് ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കുവാൻ തീരുമാനമെടുക്കുമോ?

## സഹകരണ സംഘങ്ങളുടെ വിവിധയിനം ഫണ്ടുകൾ

813 **ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ ലാഭത്തിൽ നിന്ന് 10% തുക പരമാവധി ഒരു ലക്ഷം രൂപ വരെ മെമ്പേഴ്സ് റിലീഫ് ഫണ്ടിലേക്ക് മാറ്റിവെക്കണമെന്നും പ്രസ്തുത ഫണ്ട് സംഘത്തിലെ മാരകരോഗം ബാധിച്ച അംഗങ്ങൾക്ക് നൽകണമെന്നും സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇത്തരം രോഗികൾക്ക് ഫണ്ടിൽ നിന്ന് സഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർ ഓഫീസുകളിലും അസി. രജിസ്ട്രാർ ഓഫീസുകളിലും പെൻഡിംഗ് ആയിട്ടുള്ള ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) എ.ആർ.സി. & ഇ.പി. ഫയലുകളിൽ തീർപ്പ് കൽപ്പിക്കാത്തതിനാൽ സഹകരണ സംഘങ്ങൾക്ക് ലഭിക്കേണ്ട തുക കുടിശ്ശികയായി നിലനിൽക്കുന്ന

സാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ഡി) അസി. രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യമായ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളിൽ നിന്ന് സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ മാർജിൻ അനുസരിച്ച് , കേരള ബാങ്ക് പ്രാഥമിക സംഘങ്ങളുടെ പലിശ നൽകാത്തതിനാൽ ചുരുങ്ങിയത് 2% മാർജിനിൽ എങ്കിലും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പലിശ ലഭിക്കേണ്ടതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എഫ്) റിസ്ക് ഫണ്ട് യഥാസമയം ലഭിക്കാത്തതുമൂലം സഹകരണ സംഘങ്ങൾക്ക് നഷ്ടം സംഭവിക്കുന്നതിനാൽ, ആയത് യഥാസമയം ലഭ്യമാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

## കോൺട്രിബ്യൂട്ടറി പെൻഷൻ തുക അടയ്ക്കാത്ത സഹകരണ സംഘങ്ങൾ

814 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സഹകരണ ജീവനക്കാർക്ക് പെൻഷൻ ബോർഡിൽ അംഗത്വം എടുക്കാത്തതും, കോൺട്രിബ്യൂട്ടറി പെൻഷൻ തുക അടയ്ക്കാത്തതുമായ സഹകരണ സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളിലെ പെൻഷൻ വിഹിതം അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

## സഹകരണ ആശുപത്രി സംഘങ്ങളുടെ അവാർഡ് നിർണയ മാനദണ്ഡങ്ങൾ

815 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -2024 കാലയളവിലെ സഹകരണ ആശുപത്രി സംഘങ്ങളുടെ അവാർഡ് നിർണ്ണയത്തിനുള്ള അപേക്ഷ മാനദണ്ഡ ഫോമിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് മാറ്റം വരുത്താൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) അപേക്ഷ മാനദണ്ഡ ഫോമിലെ അപാകതകൾ കാരണം നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രി സംഘങ്ങൾക്ക് അവാർഡ് നഷ്ടപെടാൻ കാരണമായതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

816 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) സഹകരണ സംഘങ്ങളിൽ ക്രമക്കേട് കണ്ടെത്തുന്ന പശ്ചാത്തലത്തിൽ നിലവിലെ ഓഡിറ്റ് സംവിധാനം സമഗ്രമായി പരിഷ്ക്കരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) സഹകരണ സംഘങ്ങളിലെ ചിട്ടികളുടെ ജാമ്യ വ്യവസ്ഥകളും പണയ ഉരുപ്പടികളുടെ അളവു തൂക്ക പരിശോധനയും കർശനമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദീകരിക്കാമോ?

## ആശുപത്രി സഹകരണ സംഘങ്ങൾ

817 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന ആശുപത്രി സഹകരണ സംഘങ്ങളിൽ 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ കോ - ഓപ്പറേറ്റീവ് ആഡിറ്റ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന ആശുപത്രി സഹകരണ സംഘങ്ങളുടെ അറ്റാദായം / അറ്റ നഷ്ടം എന്നിവ ആശുപത്രി സംഘങ്ങളുടെ പേര് സഹിതം വ്യക്തമാക്കുമോ;

(ബി) 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ സഹകരണ ആശുപത്രി സംഘങ്ങൾ ഓഹരി ഉടമകൾക്ക് ഡിവിഡന്റ് നൽകിയത് എത്ര ശതമാനമാണെന്നത് സംഘങ്ങളുടെ പേര്, ശതമാനം എന്നിവ സഹിതം വ്യക്തമാക്കുമോ?

## വടക്കാഞ്ചേരിയിൽ സഹകരണ മേഖലയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

818 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരിയിൽ, സഹകരണ മേഖലയിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനായി കേപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ സഹകരണ വകുപ്പ് കോ-ഓപ്പറേറ്റീവ് പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽ നിന്നും എട്ട് കോടി രൂപ അനുവദിച്ച് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനെ കൺസൾട്ടൻസിയാക്കി വർക്ക് ഓർഡർ നൽകിയിരുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ആശുപത്രിയെ പാരന്റ് ഹോസ്പിറ്റലായി നിശ്ചയിക്കുന്നതുൾപ്പെടെ സ്വീകരിച്ച മറ്റു നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) കൺസൾട്ടൻസിയുമായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാലതാമസം കൂടാതെ കെട്ടിടനിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

819 **ശ്രീ ഡി കെ മുരളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ -

ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന് നാളിതുവരെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രവർത്തനങ്ങളാണ് വിഴിഞ്ഞം തുറമുഖത്ത് തുടർഘട്ടമെന്ന രീതിയിൽ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പ്രസ്തുത തുറമുഖത്ത് നിന്ന് ലഭിച്ച നികുതി വരുമാനം എത്രയെന്ന് വിശദമാക്കുമോ?

## <u>വിഴിഞ്ഞം കേന്ദ്രീകരിച്ച് ലോജിസ്റ്റിക് സ് ടൗൺഷിപ്പ്</u>

820 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി റയിൽവേ, റോഡുകൾ എന്നിവ പൂർത്തിയാകുന്നതോടെ ചരക്കുഗതാഗത മേഖലയിൽ പ്രതീക്ഷിക്കുന്ന വളർച്ച എത്രത്തോളമാണ്; വിശദമാക്കുമോ;

(ബി) ചരക്കുഗതാഗത മേഖലയിൽ പ്രതീക്ഷിക്കുന്ന വളർച്ചയുടെ ഫലമായി വിഴിഞ്ഞം ജനതയുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും എത്രമാത്രം അഭിവൃദ്ധിപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ശൃംഖലയിലൂടെ ഒരു ലോജിസ്റ്റിക് ടൗൺഷിപ്പ് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) വിഴിഞ്ഞം തുറമുഖത്തെ സിംഗപ്പൂർ, റോട്ടർഡാം, ദുബായ് തുറമുഖങ്ങളുടെ മാതൃകയിൽ വൻകിട കയറ്റിറക്കുമതി തുറമുഖമാക്കാനുള്ള നിർദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം</u>

821 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം പൂർണ്ണമാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) നാളിതുവരെ എത്ര കപ്പലുകൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വന്നിട്ടുണ്ട്; ഇതിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) തുറമുഖത്തിന്റെ വരുമാനം പൂർണ്ണതോതിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന കാലയളവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് റെയിൽ തുരങ്കപാത</u>**

822 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് റെയിൽ തുരങ്കപാത നിർമ്മാണത്തിനുള്ള അടങ്കൽ തുക എത്രയെന്ന് വിശദമാക്കുമോ; നിർദ്ദിഷ്ട തുരങ്ക പാതയുമായി ബന്ധപ്പെട്ട് പരിസ്ഥിതി സാമൂഹിക ആഘാത പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തോടനുബന്ധിച്ച് ഉപരിതലത്തിലൂടെ റെയിൽപാത നിർമ്മിക്കുവാൻ എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വിശദമാക്കുമോ;

(സി) തുരങ്ക പാതയുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനപ്രതിനിധികളുമായോ പാത കടന്നുപോകുന്ന പ്രദേശങ്ങളിലെ റസിഡൻസ് അസോസിയേഷനുകളുമായോ ചർച്ചകൾ നടത്തുകയോ ഡി.പി.ആർ. പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) തുരങ്കപാതയുടെ പ്രവേശന കവാടം ജനവാസ മേഖലയിലൂടെയാണോ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ജനവാസ മേഖല ഒഴിവാക്കി പ്രവേശന കവാടം സജ്ജീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ഇ) തുരങ്കപാതയുടെ ഉപരിതലത്തിൽ നോ ഡെവലപ്മെൻറ് സോൺ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അതിന് എത്ര മീറ്റർ വീതിയാണെന്ന് വിശദമാക്കുമോ?

**<u>വിഴിഞ്ഞം തുറമുഖ വികസന പദ്ധതികൾ</u>**

823 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിലേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന് എന്തെല്ലാം തരത്തിലുള്ള റെയിൽ, റോഡ് വികസന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

**<u>തുറമുഖ വകുപ്പ് മുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ</u>**

824 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ തുറമുഖ വകുപ്പു മുഖേന വടകര നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ചശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണ് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാകുമോ;

(ഡി) ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കിവച്ചിട്ടുള്ള കേന്ദ്ര- സംസ്ഥാന - തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്;

(ഇ) ഇക്കാലയളവിൽ പ്രസ്തുത നിയോജകല മണ്ഡലത്തിനായി വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## അഴീക്കൽ തുറമുഖത്തെ നിർമ്മാണ പ്രവൃത്തികൾ

825 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖത്ത് ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന പ്രവൃത്തി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) അഴീക്കൽ തുറമുഖത്ത് നിലവിൽ എന്തെങ്കിലും നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഹാർബറുകളിലെ മണൽ വാരൽ

826 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബറുകളുടെ ആഴം കൂട്ടുന്നതിനായി, മണൽവാരി നീക്കം ചെയ്യുന്ന പ്രക്രിയ നടപ്പാക്കുന്ന സംസ്ഥാനത്തെ ഹാർബറുകളുടെയും ഓരോ ഹാർബറിലും മണൽ നീക്കം ചെയ്യുന്നതിനായി സ്വീകരിച്ചുവരുന്ന രീതികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) മണൽ വാരി നീക്കം ചെയ്യുന്ന ഇനത്തിൽ ഓരോ ഹാർബറിനും ചെലവാകുന്ന തുക എത്രയെന്ന് വിശദമാക്കുമോ;

(സി) ഓരോ ഹാർബറിൽ നിന്നും പ്രതിവർഷം നീക്കം ചെയ്യപ്പെടുന്ന മണലിന്റെ അളവും, വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനവും എത്രയെന്ന് വിശദമാക്കുമോ;

(ഡി) മണൽവാരൽ തൊഴിലാളികൾ മുഖേന മണൽ നീക്കം നടത്തുന്ന ഹാർബറുകളിലെ മണലിന്റെയും, തൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെയും നിരക്കുകൾ ലഭ്യമാക്കുമോ;

(ഇ) ഇപ്രകാരം ഹാർബറുകളിൽ മണൽ വില്പന നടത്തുമ്പോൾ തൊഴിലാളികൾക്ക് കൂലി നൽകുന്ന ഇനത്തിലും തറവാടക ഫീസുകൾ തുടങ്ങി മറ്റ് ഇനങ്ങളിലുമായി ഓരോ ഹാർബറിലും ഉണ്ടാകുന്ന ചെലവുകൾ എത്രയെന്ന് വിശദമാക്കുമോ;

(എഫ്) മണൽ വില്പനയിലൂടെ അല്ലാതെ, മറ്റെന്തെല്ലാം ഇനങ്ങളിലുള്ള വരുമാനമാണ് മാരിടൈം ബോർഡിന് തുറമുഖ നടത്തിപ്പിലൂടെ ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ജി) വടകര തുറമുഖവുമായി ബന്ധപ്പെട്ട്, നിലവിൽ മാരിടൈം ബോർഡ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ആഗോള അയ്യപ്പ സംഗമം

827 **ശ്രീ. എം. എം. മണി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എ. രാജ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആഗോള അയ്യപ്പ സംഗമം നടത്തുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(സി) വിവിധ രാജ്യങ്ങളിൽ നിന്നായി എത്ര പ്രതിനിധികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ശബരിമലയുടെ സമഗ്രവികസന കാഴ്ചപാട് ആഗോള തലത്തിൽ അവതരിപ്പിക്കുന്നതിന് ഈ കോൺക്ലേവ് ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ?

## സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള പൊതുതാല്പര്യ നിർമ്മാണ പ്രവർത്തനങ്ങൾ

828 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വത്തിന്റെ കീഴിലുള്ളതോ , ദേവസ്വത്തിന്റെ കീഴിലുള്ള ട്രസ്റ്റോ ദേവസ്വമോ നൽകുന്നതോ ആയിട്ടുള്ള ഭൂമിയിൽ സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള പൊതുതാല്പര്യ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമി സമാന്തരമായി നിലനിർത്തി, പൊതു നിർമ്മാണങ്ങൾ നടത്തുന്ന വകുപ്പിന് അവകാശം വിട്ടു നൽകി നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ അറിയിക്കാമോ?

## ശബരിമല തീർത്ഥാടനം

829 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും നാളിതുവരെ എത്ര തുകയാണ് ഈയിനത്തിൽ വിനിയോഗിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## ചിറങ്ങരയിൽ ശബരിമല ഇടത്താവളനിർമ്മാണം

830 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങരയിലെ ശബരിമല ഇടത്താവളത്തിന്റെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രവൃത്തിയുടെ മെല്ലപ്പോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## ആഗോള അയ്യപ്പ സംഗമം

831 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമം നടത്തുവാൻ വേണ്ടി ദേവസ്വം ബോർഡ് എത്ര തവണ യോഗങ്ങൾ കൂടിയിട്ടുണ്ട്; പ്രസ്തുത യോഗങ്ങളുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് പ്രതിഷേധ പ്രകടനങ്ങൾ നടത്തിയ ഭക്തജനങ്ങൾക്കെതിരെ കേസ് എടുത്തത് ദേവസം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആഗോള അയ്യപ്പ സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സംഗമവുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നിക്ഷേപമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; ആയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ശബരിമലയിലെ യുവതി പ്രവേശനം

832 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ യുവതി പ്രവേശനം സംബന്ധിച്ച് 2011-16 കാലയളവിലെ സർക്കാർ നൽകിയ സത്യവാങ്മൂലം മുൻ സർക്കാർ തിരുത്തി നൽകിയിട്ടുണ്ടോ; 2011-16 കാലയളവിലെ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെയും മുൻ സർക്കാർ നൽകിയ സത്യവാങ്മൂലത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

## ആഗോള അയ്യപ്പ സംഗമം

833 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള അയ്യപ്പ സംഗമത്തിന്റെ സംഘാടകർ ആരാണെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്നും വിശദമാക്കുമോ;

(ബി) ആഗോള അയ്യപ്പ സംഗമം എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പരിപാടിയുടെ സ്പോൺസർമാർ ആരെല്ലാമാണെന്നും സ്പോൺസർ തുക എത്രയാണെന്നും വിശദമാക്കുമോ;

(ഡി) പരിപാടിയുടെ നടത്തിപ്പിനായി സർക്കാരോ ദേവസ്വം ബോർഡോ പണം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>ശബരിമല മാസ്റ്റർ പ്ലാനിനായി വകയിരുത്തിയ തുക</u>**

834 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിനായി 2016-ലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന ഓരോ പ്രവൃത്തികളുടെയും വിശദാംശങ്ങൾ, തുടങ്ങിയ തീയതി, നാളിതുവരെ ചെലവഴിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികൾ, നിർമ്മാണം നടക്കുന്നവയുടെ പുരോഗതി എന്നിവ സഹിതം വ്യക്തമാക്കുമോ?

**<u>ശബരിമല വികസനത്തിനായി ചെലവഴിച്ച തുക</u>**

835 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി സർക്കാർ 2016 മുതൽ നാളിതുവരെ ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

**<u>ആഗോള അയ്യപ്പസംഗമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ</u>**

836 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ആഗോള അയ്യപ്പസംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ആഗോള അയ്യപ്പസംഗമത്തിൽ പങ്കെടുക്കുന്ന സംസ്ഥാനങ്ങളുടെയും പ്രതിനിധികളുടെയും എണ്ണം വ്യക്തമാക്കാമോ;

(സി) വിദേശരാജ്യങ്ങളിൽ നിന്ന് പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>വള്ളിയറക്കാവ് ക്ഷേത്രക്കുളം നവീകരണം</u>**

837 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടതും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മാവേലിക്കര സബ് ഗ്രൂപ്പിൽപ്പെട്ടതുമായ എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ കീഴേട്ട് ക്ഷേത്രമായ വള്ളിയറക്കാവ് ക്ഷേത്രത്തിന്റെ ക്ഷേത്രക്കുളം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

## <u>മലബാർ ദേവസ്വം ബോർഡ് ജീവനക്കാരൻ ചികിത്സക്ക് പണമില്ലാതെ മരിച്ച സംഭവം</u>

838 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പള കുടിശ്ശിക ലഭിക്കാത്തത് മൂലം വൃക്ക രോഗിയായ മലബാർ ദേവസ്വം ബോർഡ് ജീവനക്കാരൻ ചികിത്സിക്കാൻ പണമില്ലാതെ രോഗം മൂർച്ഛിച്ച് മരിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നാലുലക്ഷം രൂപ ശമ്പള കുടിശ്ശിക ലഭിക്കാൻ ഉണ്ടായിരുന്ന ജീവനക്കാരന് സ്വന്തം ചികിത്സാ ആവശ്യത്തിന് പോലും പ്രസ്തുത പണം ലഭിക്കാതെ വന്ന സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനുള്ള ഇദ്ദേഹത്തിന്റെ അപേക്ഷ നിഷേധിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരവും ആശ്രിതർക്ക് ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്ന രീതിയിൽ ക്രമീകരണം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ?

## <u>കദളീവനം പദ്ധതി</u>

839 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിന് ദിവസേന ആവശ്യമായ കദളിപ്പഴം എത്തിച്ച് നൽകുന്നതിനായി പുതുക്കാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയ കദളീവനം പദ്ധതി കോവിഡിനെ തുടർന്ന് നിർത്തിവച്ചത് പിന്നീട് പുനഃരാരംഭിയ്ക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടുംബശ്രീ മറ്റത്തൂർ ലേബർ സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പാക്കിയ കദളീവനം പദ്ധതി, പൊലിമ -പുതുക്കാട് കാർഷിക പദ്ധതിയുടെ ഭാഗമായി കൂടുതൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നതിന് സഹായകരമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം</u>

840 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി മാടായി തിരുവർക്കാട്ട്കാവ് ദേവസ്വം വക 50 സെന്റ് ഭൂമി കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ</u>**

841 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മലബാർ ദേവസ്വം ബോർഡിന് അനുവദിച്ച ഗ്രാന്റ്</u>**

842 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് 2016 മുതൽ 2021 വരെ എത്ര തുകയാണ് ഗ്രാന്റായി അനുവദിച്ചിരുന്നതെന്ന് അറിയിക്കുമോ; ആയതിൽ ഓരോ വർഷവും ജീവനക്കാർക്കുള്ള ശമ്പള ഇനത്തിൽ എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2021 മുതൽ നാളിതുവരെ എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്ന് അറിയിക്കുമോ;

(സി) 2025-2026 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്കുള്ള ശമ്പള ഇനത്തിൽ ഗ്രാന്റായി എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കുമോ; ആയതിൽ ഇതുവരെ എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ?

**<u>ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള റോഡ് പുനരുദ്ധാരണം</u>**

843 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിന്റെ വടക്കേ നടയിൽ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള റോഡ് പുനരുദ്ധരിച്ച് മഴക്കാലത്ത് രൂപപ്പെടുന്ന വെള്ളകെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>ദേവസ്വം ബോർഡുകളിലെ ഒരേ തസ്തികക്ക് യോഗ്യത ഏകീകരിക്കാൻ നടപടി</u>**

844 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ദേവസ്വം ബോർഡുകളിലെ ഒരേ തസ്തികക്ക് പല യോഗ്യതകൾ വെച്ച് അപേക്ഷകൾ ക്ഷണിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ മറികടന്ന് മിക്ക ദേവസ്വം ബോർഡുകളും സ്വയം യോഗ്യതകൾ നിശ്ചയിക്കുന്നതായുള്ള ആക്ഷേപം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ;

(സി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഉത്തരവാദിത്തം എന്താണെന്നും ഏത് ഉദ്ദേശ്യത്തോടെയാണ് ഇത് നിലവിൽ വന്നതെന്നും വിശദമാക്കാമോ;

(ഡി) ദേവസ്വം ബോർഡുകളിൽ ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ തസ്തികകളിൽ ഒഴിവുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) ഈ തസ്തികകളിലേക്കുള്ള പരീക്ഷയ്ക്ക് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ എപ്പോഴാണ് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ തസ്തികയ്ക്ക് നേരത്തെയുള്ള യോഗ്യത എന്തായിരുന്നുവെന്നും എന്നാൽ ഇപ്പോൾ ഇറക്കിയ വിജ്ഞാപന പ്രകാരം പുതിയ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ;

(ജി) ഏകീകൃതമായി പരീക്ഷാ യോഗ്യതയിലോ നടത്തിപ്പിലോ വേണ്ട ഇടപെടലുകൾ നടത്താൻ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് കഴിയുന്നില്ലെന്ന വിലയിരുത്തൽ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

## <u>ക്ഷേത്ര കലാപീഠത്തിൽ നിന്നും കോഴ്സുകൾ ചെയ്തവർക്ക് ദേവസ്വം ബോഡ് നിയമനങ്ങളിൽ മുൻഗണന</u>

845 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്ര കലാപീഠത്തിൽ നിന്നും തകിൽ, നാദസ്വരം, പഞ്ചവാദ്യം എന്നീ കോഴ്സുകൾ പാസാവുന്നവർക്ക് ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുൻഗണന നൽകിയിരുന്നോ; നിലവിൽ പ്രസ്തുത രീതി തുടരുന്നുണ്ടോ; ഇതിനായി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) സ്പെഷ്യൽ റൂളിൽ ഇത്തരം നിയമനം സംബന്ധിച്ച വ്യവസ്ഥ എന്താണെന്നും റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സ്പെഷ്യൽ റൂൾ പ്രകാരം നിയമനം നടത്തുമ്പോൾ മേൽപ്പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിലുള്ളവരുടെ മുൻഗണന നഷ്ടപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ നിയമനസാധ്യത മുന്നിൽകണ്ട് പ്രസ്തുത കോഴ്സ് പഠിച്ചവരുടെ തൊഴിൽ സാധ്യതകൾ ഇല്ലാതാകുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>വർക്കല ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾ</u>

846 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ വർക്കല മുനിസിപ്പാലിറ്റിയിലും ഗ്രാമപഞ്ചായത്തുകളിലുമായി ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമി അളവ് സംബന്ധിച്ചും മുനിസിപ്പാലിറ്റി/പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നല്കാമോ;

(ബി) ദേവസ്വം ഭൂമി സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്കുള്ള ധനസഹായം**

847 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് സർക്കാർ ധനസഹായം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

**ആലപ്പുഴ മണ്ഡലത്തിലെ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

848 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ ഏതൊക്കെ ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്നും ഇവ സ്ഥിതി ചെയ്യുന്നത് എത്ര സ്ഥലത്താണെന്നും ഇവയുടെ അധീനതയിൽ എത്ര സ്ഥലം ഉണ്ടെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ക്ഷേത്രങ്ങളിൽ തീർത്ഥാടക ടൂറിസം പദ്ധതി പ്രകാരം എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബജറ്റിൽ/ആസ്തിവികസനം വഴി പ്രസ്തുത ക്ഷേത്രങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും അവയ്ക്കായി എൻ.ഒ.സി. നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവയുടെ പകർപ്പ് അടക്കമുള്ള വിശദവിവരം ലഭ്യമാക്കാമോ?

**എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി**

849 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-'24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ച എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകാമോ?

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ദേവസ്വം വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

850 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദേവസ്വം വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

<u>**ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ**</u>

851 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ദേവസ്വം വകുപ്പ് മുഖേന ക്ഷേത്രങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
10-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].